# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## സുൽത്താൻബത്തേരി മുനിസിപ്പാലിറ്റി

## ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121

ഇ-മെയിൽ: dowyd.ksad@kerala.gov.in

ഫോൺ : 0493-6203672

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ. (ഡബ്ല്യു.വൈ.ഡി.)എം3-938/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121
തീയ്യതി: 11/01/2023
ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ: 0493-6203672

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)
സുൽത്താൻബത്തേരി മുനിസിപ്പാലിറ്റി

സർ,

വിഷയം : സുൽത്താൻബത്തേരി മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം സുൽത്താൻബത്തേരി മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. (ഖണ്ഡിക നം. 1-24 പ്രത്യേകം ശ്രദ്ധിക്കുക). ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള മുനിസിപ്പാലിറ്റി നിയമം -പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള മുനിസിപ്പാലിറ്റി പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1.ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,തിരുവനന്തപുരം (ഉ.പ.സ)
2,റീജിയണൽ ജോയിന്റ് ഡയറക്ടർ,നഗരകാര്യവകുപ്പ്.
3.കാര്യാലയപ്പകർപ്പ്.

നമ്പർ: (ഡബ്ല്യു.വൈ.ഡി.)എം3-938/2022 കെ.എസ്.എ. തീയ്യതി: 11/01/2023

## വയനാട് ജില്ലയിലെ സുൽത്താൻബത്തേരി മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള മുനിസിപ്പാലിറ്റി നിയമം വകുപ്പ് 295(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ സുൽത്താൻബത്തേരി മുനിസിപ്പാലിറ്റിയുടെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 06-09-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 45 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി വസന്ത പി.എസ് | സീനിയർ ഡെപ്യൂട്ടി ഡയറക്ടർ | 12-09-2022 | 07-10-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 12-09-2022 | 07-10-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

1.ശ്രീമതി.കെ.കെ.ബിന്ദു.അസി.ഓഡിറ്റ് ഓഫീസർ.
2.ശ്രീ.കെ.വി.ഡേവിഡ്,അസി.ഓഡിറ്റ് ഓഫീസർ.
3.ശ്രീ.അലി.അക്ബർ.കെ.അസി.ഓഡിറ്റ് ഓഫീസർ.
4.ശ്രീമതി.ഹസീന.സി,ഓഡിറ്റർ.

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ടി.കെ.രമേശ് | ചെയർമാൻ | 01-04-2021 | 31-03-2022 |
| ശ്രീ.അലി അസ്ഹർ.എൻ.കെ | സെക്രട്ടറി | 01-04-2021 | 31-03-2022 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി സുമിന.ടി.എസ് | കൃഷി ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീ,അബ്ദുൾ നാസർ | പ്രിൻസിപ്പാൾ | 01-04-2021 | 31-03-2022 |
| ശ്രീ.മുനവർ.കെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2021 | 31-03-2022 |
| ശ്രീ.ഹാരിഫ് | വെറ്ററിനറി സർജ്ജൻ | 01-04-2021 | 31-03-2022 |
| ശ്രീമതി.പ്രജിഷ പി.പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.ഗിരിജ.പി.വി | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2021 | 31-03-2022 |
| ശ്രീമതി.സ്മിത തോമസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2021 | 25-11-2021 |
| ശ്രീമതി.നസീറ.പി.എ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 26-11-2021 | 31-03-2022 |
| ഡോ.ഹരിലാൽ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2021 | 31-03-2022 |
| ഡോ.യു.ഷാജി | മെഡിക്കൽ ഓഫീസർ(ആയുർവേദം | 01-04-2021 | 31-03-2022 |
| ശ്രീ.നിമേഷ്.ബി | എസി.സി.ഡി.ഒ | 01-04-2021 | 31-03-2022 |
| ഡോ.അയോണ അനറ്റ് ജോർജ്ജ് | മെഡിക്കൽ ഓഫീസർ.എഫി.എച്ച്.സി,ചെതലയം | 01-04-2021 | 31-03-2022 |

ഇല്ല

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-3 |
| 4 | ഫണ്ട് വിനിയോഗം ( ACR) | 1-4 |
| 5 | പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിൽ വീഴ്ച | 1-5 |
| 6 | അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് ബാലൻസ്. | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണസംവിധാനം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ. | 1-11 |
| 12 | നഗരസഭയിലെ വസ്തുനികുതിപരിഷ്കരണം പൂർത്തീകരിച്ചിട്ടില്ല. | 1-12 |
| 13 | വസ്തുനികുതി കുടിശ്ശിക വർദ്ധിച്ചുവരുന്നു. കുടിശ്ശിക ഈടാക്കാൻ നടപടികൾ ഫലപ്രദമല്ല. | 1-13 |
| 14 | വസ്തുനികുതികുടിശ്ശിക -സസ്പെകൂഡ് ഡിമാന്റ് ആയി നിർത്തിയിരിക്കുന്ന തുകകൾ ഈടാക്കിയിട്ടില്ല. | 1-14 |
| 15 | നഗരസഭയിലെ മൊബൈൽ ടവറുകളുടെ വസ്തുനികുതികുടിശ്ശിക ഈടാക്കിയിട്ടില്ല. | 1-15 |
| 16 | മൈക്രോ സ്മാൾ ആൻഡ് മീഡിയം എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് ആക്റ്റ് പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾക്കും റസിഡൻഷ്യൽ ഹോംസ്റ്റേകൾക്കും നികുതി നിർണ്ണയിച്ചതായി കാണുന്നില്ല. | 1-16 |
| 17 | നഗരസഭയിൽ വസ്തുനികുതി നിർണ്ണയിക്കുന്നതിലും ഈടാക്കുന്നതിലും അപാകതകൾ | 1-17 |
| 18 | തൊഴിൽ നികുതി-പൊതു അപാകതകൾ | 1-18 |
| 19 | കരാറുകാരിൽ നിന്നും തൊഴിൽ നികുതിഈടാക്കിയില്ല. | 1-19 |
| 20 | സ്ഥാപനതൊഴിൽ നികുതി ഈടാക്കിയില്ല. | 1-20 |
| 21 | ട്രേഡേഴ്സിന്റെ തൊഴിൽനികുതി പൂർണ്ണമായും ഈടാക്കിയിട്ടില്ല. | 1-21 |
| 22 | ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങളുടെ ലൈസൻസ്-പൊതു അപാകതകൾ | 1-22 |
| 23 | സിനിമാ തിയേറ്ററുകളുടെ ലൈസൻസ് -രേഖകൾ ഹാജരാക്കിയില്ല. | 1-23 |
| 24 | നഗരസഭയുടെ വാടക കെട്ടിടങ്ങൾ - കൃത്യമായ രേഖകൾ സൂക്ഷിച്ചിട്ടില്ല. | 1-24 |

| | | |
|---|---|---|
| 25 | കെട്ടിട വാടക - നിയമ വിരുദ്ധമായി ഇളവ് നൽകിയ ഭരണ സമിതി തീരുമാനം റദ്ദ് ചെയ്യാത്തതിനാൽ വരുമാന നഷ്ടം തുടരുന്നു. | 1-25 |
| 26 | കെട്ടിട വാടക - ഇളവ് അനുവദിച്ചതിൽ ക്രമക്കേട് | 1-26 |
| 27 | മത്സ്യകൃഷിക്ക് നഗരസഭ ഫണ്ടിൽ നിന്നും അധിക തുക അനുവദിച്ചു. | 1-27 |
| 28 | ഫിറ്റ്നസ്സില്ലാത്ത വാഹനം വാടകയ്ക്കെടുത്ത് പദ്ധതി നിർവ്വഹണത്തിന് ആവശ്യമായ യാത്രകൾക്ക് ഉപയോഗിച്ചു. | 1-28 |
| 29 | സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി പദ്ധതി നിർവ്വഹണത്തിനായി ബാങ്ക് അക്കൗണ്ട് സൂക്ഷിക്കുന്നു. | 1-29 |
| 30 | മരുന്നു വാങ്ങൽ - സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല. | 1-30 |
| 31 | പദ്ധതിരൂപീകരണം നടത്തുന്നതിൽ അപാകതകൾ | 1-31 |
| 32 | മിനുട്സ് ബുക്കുകൾ യഥാസമയം ക്ലോസ് ചെയ്യുന്നില്ല. തീരുമാനങ്ങൾ നടപ്പാക്കുന്നത് പരിശോധിക്കപ്പെടുന്നില്ല. | 1-32 |
| 33 | ഹരിതകർമ്മസേനക്ക് മൊബൈൽ ആപ്പ് -പദ്ധതി നടപ്പാക്കിയതിൽ അപാകതകൾ | 1-33 |
| 34 | സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം - അപാകതകൾ | 1-34 |
| 35 | ആസ്തി സംരക്ഷണ പദ്ധതി നടപ്പിലാക്കിയിട്ടില്ല. | 1-35 |
| 36 | അസി.എഞ്ചിനീയർ പദ്ധതി നിർവ്വഹണത്തിന് ബാങ്ക് അക്കൗണ്ട് സൂക്ഷിക്കുന്നു | 1-36 |
| 37 | കമ്പ്യൂട്ടർ വാങ്ങൽ - സർക്കാർ ഉത്തരവ് പാലിച്ചിട്ടില്ല. | 1-37 |
| 38 | ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടില്ല-₹ 7,83,369.00 തടസ്സപ്പെടുത്തുന്നു. | 1-38 |
| 39 | പ്രവൃത്തി പൂർത്തിയാക്കാൻ കരാറുകാർക്ക് സമയം നീട്ടി നൽകൽ-പിഴ ഈടാക്കിയിട്ടില്ല - 17.70 ലക്ഷം രൂപ നഗരസഭക്ക് നഷ്ടം സംഭവിച്ചു. | 1-39 |
| 40 | അസി. എഞ്ചിനീയർ നിർവ്വഹണം രേഖകളുടെ സൂക്ഷിപ്പ് -അപാകതകൾ | 1-40 |
| 41 | ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല- ₹ 3,92,100.00 തടസ്സം ചെയ്യുന്നു | 1-41 |
| 42 | പ്രോജക്റ്റ് അംഗീകാരമില്ലാതെ തുക ചെലവഴിച്ചു-₹ 2,45,901.00 തടസ്സം ചെയ്യുന്നു | 1-42 |
| 43 | ഹൈമാസ്റ്റ്/ലോമാസ്റ്റ് വിളക്കുകൾ വാങ്ങൽ-5,00,000.00 തടസ്സത്തിൽ വെക്കുന്നു. | 1-43 |
| 44 | പതിനാറാം ഡിവിഷനിൽ അംഗൺവാടി നവീകരണം - പദ്ധതി ലക്ഷ്യം കണ്ടില്ല.-₹ 1,53,797.00 തടസ്സപ്പെടുത്തുന്നു. | 1-44 |
| 45 | വട്ടിളി കുടിവെള്ള പദ്ധതി പൂർത്തീകരണം - പദ്ധതി ലക്ഷ്യം കണ്ടില്ല-₹ 1,66,356.00 തടസ്സപ്പെടുത്തുന്നു. | 1-45 |
| 46 | കമ്പ്യൂട്ടർ വാങ്ങൽ - സർക്കാർ ഉത്തരവ് പാലിച്ചിട്ടില്ല-₹ 48,680.00 തടസ്സത്തിൽ വെക്കുന്നു. | 1-46 |

| | | |
|---|---|---|
| 47 | കൈമാറികിട്ടിയ സ്ഥാപനങ്ങളിലേക്ക് വാങ്ങിയ ജംഗമ ആസ്തികൾ നഗരസഭയുടെ സ്റ്റോക്ക്/ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല. | 1-47 |
| ഭാഗം **2** | | |
| 1 | കെട്ടിട വാടക - നിയമ വിരുദ്ധമായി ഇളവ് നൽകിയ ഭരണ സമിതി തീരുമാനം റദ്ദ ചെയ്യാത്തതിനാൽ വരുമാന നഷ്ടം തുടരുന്നു. | 2-1 |
| 2 | കെട്ടിട വാടക - ഇളവ് അനുവദിച്ചതിൽ ക്രമക്കേട് | 2-2 |
| ഭാഗം **3** | | |
| --- No Records Found --- | | |
| ഭാഗം **4** | | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 4-1 |
| 2 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | വായ്പ / വായ്പാതിരിച്ചടവ് | 4-3 |
| 4 | സ്ഥിര നിക്ഷേപം | 4-4 |
| 5 | ഓഡിറ്റ് റിക്കവറി | 4-5 |
| 6 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-6 |
| 7 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-7 |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകളുടെ വിവരം | 4-9 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | Abstract Of Annual Financial Statement | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

സുൽത്താൻബത്തേരി നഗരസഭയുടെ 2021-22 വർഷത്തെ ബജറ്റ് 19-02-2021 തീയതിയിലെ 1(2) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു.

ബജറ്റ് പ്രകാരമുള്ള വിവരങ്ങൾ ഇപ്രകാരമാണ്.

| | |
|---|---|
| മുൻബാക്കി | 16525278 |
| വരവ് | 732700050 |
| ആകെ | 749225328 |
| ചെലവ് | 729845078 |
| നീക്കിബാക്കി | 19380250 |

2021-22 വർഷത്തെ പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 24.03.2022 -തീയതിയിലെ-1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

പുതുക്കിയ ബജറ്റ് പ്രകാരമുള്ള വിവരങ്ങൾ ഇപ്രകാരമാണ്

| | |
|---|---|
| വരവ് | 395568100 |
| ചെലവ് | 384256345 |
| നീക്കിബാക്കി | 11311755 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.22 | 30.07.22 | - | - |

## 1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 36035265 |
| വരവ് | 270208292 |
| ആകെ | 306243557 |
| ചെലവ് | 228554357 |
| നീക്കിയിരിപ്പ് | 77689200 |

## 1-4 ഫണ്ട് വിനിയോഗം ( ACR)

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി/ലാപ്സ്ഡ് തുക |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ (ACR പ്രകാരം) | - | 32094866 | 32094866 | 29956213 | 2138653 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | - | 6265213 | 6265213 | 5962389 | 302824 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | - | 21167363 | 21167363 | 19642000 | 1525363 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | - | 31052666 | 31052666 | 26941891 | 4110775 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | - | 10044315 | 10044315 | 8354780 | 1689535 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) Basic Grant | 10888249 | 1698041 | 12586290 | 9297187 | 3289103 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) Tied Grant | 5764278 | 31942831 | 37707109 | 8709448 | 28997661 |
| GPG | 9540530 | 23283879 | 32824409 | 32824409 | 0 |

## 1-5 പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുന്നതിൽ വീഴ്ച

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്റ്റുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്റ്റുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 533 | 280209308 | 321 | 152062955 | - | 212 | 60 |

2021-22 വർഷത്തെ പദ്ധതിനിർവഹണം സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ പദ്ധതിനിർവഹണത്തിലും മോണിട്ടറിംഗിലും വീഴ്ചകൾ വന്നതിനാൽ ചെലവുശതമാനം കുറഞ്ഞതായി കാണുന്നു. നഗരസഭ 2021-22 വർഷത്തേക്ക് ആസൂത്രണം ചെയ്ത പദ്ധതികൾ മുഴുവൻ നടപ്പാക്കാൻ സാധിച്ചിട്ടില്ല.

നടപ്പാക്കിയ പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | നിർവഹണോദ്യോഗസ്ഥൻ | ആസൂത്രണം ചെയ്ത പദ്ധതികൾ | നടപ്പാക്കിയ പദ്ധതികൾ | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|---|---|---|
| 1 | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 6 | 6 | 2400000 | 2400000 |
| 2 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 2 | 2 | 350000 | 348680 |
| 3 | കൃഷി ഓഫീസർ | 6 | 6 | 4939829 | 4939829 |
| 4 | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 3 | 1 | 896973 | 387669 |
| 5 | സെക്രട്ടറി ,മുനിസിപ്പാലിറ്റി | 49 | 32 | 47459207 | 30661916 |
| 6 | വെറ്ററിനറി സർജൻ | 4 | 4 | 380200 | 380200 |
| 7 | ഡെപ്യൂട്ടി ഡയറക്ടർ, ക്ഷീരവികസനം | 5 | 5 | 5614475 | 5614475 |
| 8 | പട്ടികജാതി വികസനഓഫീസർ | 1 | 1 | 435000 | 435000 |
| 9 | മുനിസിപ്പൽ എഞ്ചിനീയർ | 417 | 231 | 194036114 | 86632232 |
| 10 | ഐ.സി.ഡി.എസ്.സൂപ്പർവൈസർ | 8 | 8 | 13025000 | 12829210 |
| 11 | പ്രിൻസിപ്പൽ,ഗവൺമെന്റ് ഹയർസെക്കൻഡറി സ്കൂൾ | 19 | 15 | 5283510 | 4870338 |
| 12 | മെഡിക്കൽ ഓഫീസർ,പി.എച്ച്.സി | 11 | 8 | 3760000 | 2134834 |
| 13 | ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ | 2 | 2 | 1629000 | 428572 |
| | ആകെ | 533 | 321 | 280209308 | 152062955 |

വകയിരുത്തിയ തുകയിൽ54.26% മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞത്.പദ്ധതി ആസൂത്രണത്തിന് വേണ്ടി മാത്രമാണ് യോഗങ്ങൾ നടത്തിയതായി രേഖകളിൽ കാണുന്നത്.നിർവഹണത്തിനും മോണിട്ടറിംഗിനുമായി യോഗങ്ങൾ ചേർന്നതായി കാണുന്നില്ല.ഓഡിറ്റിന് ഹാജരാക്കിയ ഫയലുകളിൽ മോണിട്ടറിംഗ് ഫോറങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.പദ്ധതിചെലവ് ശതമാനം വർദ്ധിപ്പിക്കുന്നതിനായി വർക്കിംഗ് ഗ്രൂപ്പിന്റെ ഭാഗത്തുനിന്നോ ബന്ധപ്പെട്ട സ്റ്റാൻഡിംഗ് കമ്മിറ്റി/ഭരണസമിതിയുടെ ഭാഗത്തുനിന്നോ ഫലപ്രദമായ ഇടപെടലുകൾ നടത്തിയതായി രേഖകളിൽ കാണുന്നില്ല.

പദ്ധതി ആസൂത്രണനിർവഹണച്ചെലവിനായി 500000 രൂപ വകയിരുത്തിയതിൽ 144415 രൂപ മാത്രമാണ് ചെലവ് ചെയ്തത്.രേഖകൾ പ്രകാരം ഈ ചെലവ് പദ്ധതി ആസൂത്രണത്തിന് മാത്രമാണ്. നിർവഹണത്തിനും മോണിട്ടറിംഗിനുമായി ചെലവ് കാണുന്നില്ല.02.02.18 ലെ സ.ഉ.(കൈ)നം.17/2018/ത.സ്വ.ഭ.വ പ്രകാരം പദ്ധതി ആസൂത്രണ -മോണിട്ടറിംഗ് പ്രവർത്തനങ്ങൾക്ക് ഒരു പ്രോജക്റ്റാണ് തയ്യാറാക്കുന്നതെങ്കിലും ഓഡിറ്റ് ആവശ്യങ്ങൾക്ക് വൗച്ചറുകൾ നൽകുമ്പോൾ രണ്ട് പ്രവർത്തനങ്ങളുടെയും കണക്കുകൾ പ്രത്യേകം തയ്യാറാക്കി നൽകേണ്ടതാണ്. പദ്ധതി മോണിട്ടർ ചെയ്തതിന്റെ യാതൊരു ചെലവുകളും ഫയലിൽ ഇല്ല.ഓഡിറ്റ് എൻക്വയറി.നം. 9/21-22തീയതി 15.09.22 പ്രകാരം അപാകതകൾ ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല.ഭാവിയിൽ അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-6 അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | | | | 756790 | |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 1356787 | 17000000 (52642, Interest) | 18409429 | 14743604 | 2677570 |
| മെറ്റീരിയൽസ് | | | | 231465 | |
| ആകെ | 1356787 | 17052642 | 18409429 | 15731859 | 2677570 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം നഗരസഭ നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 840 | 1 |
| കർഷകതൊഴിലാളി പെൻഷൻ | 7107400 | 533 |
| വിധവാപെൻഷൻ | 28479500 | 1906 |
| വാർദ്ധക്യകാലപെൻഷൻ | 41254600 | 3305 |
| വികലാംഗപെൻഷൻ | 7415900 | 510 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 390000 | 13 |

## 1-8 ക്യാഷ് ബാലൻസ്.

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന .

13.09.22 തീയ്യതിയിൽ 3.00 മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി.
പരിശോധനയിൽ 62792/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണസംവിധാനം

സു. ബത്തേരി മുൻസിപ്പാലിറ്റിയിൽ വരവിനങ്ങളിൽ കുടിശ്ശികയുള്ള തുകകൾ പിരിച്ചെടുക്കുന്നതിനോ തന്നാണ്ട് വരവ് പിരിച്ചെടുക്കുന്നതിനോ നടപടികൾ സ്വീകരിക്കുന്നത് ഫലപ്രാപ്തിയിലെത്തുന്നില്ല.നഗരസഭയിലെ വസ്തുനികുതിപരിഷ്കരണം സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ പരിഷ്കരണനടപടികൾ പൂർത്തീകരിച്ച് മാപ്പിംഗ് പൂർത്തിയാക്കിയതായി കാണുന്നില്ല.

സു. ബത്തേരി മുൻസിപ്പാലിറ്റിയിൽ തൊഴിൽ നികുതി ഡാറ്റ ബേസ് പൂർണ്ണമല്ല. കേരള മുൻസിപ്പാലിറ്റി നിയമം 1994 വകുപ്പ് 257 പ്രകാരം, ഓരോ സ്ഥാപനത്തിനും പ്രത്യേക പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഡിമാൻഡ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ കുടിശ്ശിക പിരിവിന്റെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി നികുതി ഡിമാന്റ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് കൃത്യമായ ഇടപെടൽ നടത്തുന്നില്ല.

നഗരസഭയുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ വാടക നിയമാനുസൃതമല്ലാതെ ഇളവ് നൽകിയത് മൂലം വർഷങ്ങളായുള്ള വാടക കുടിശ്ശിക ഈടാക്കിയിട്ടില്ല. നഗരസഭയുടെ ഉടമസ്ഥതയിലുള്ളതും വിവിധ വ്യക്തികൾ നിയമാനുസൃതമായ ലേല നടപടികളിലൂടെ കൈവശം വെച്ചു വരുന്നതുമായ വിവിധ ഷോപ്പിംഗ് കോംപ്ലക്സ് മുറികളുടെ വാടക, ലേല വ്യവസ്ഥകൾക്കും 1998 ലെ കേരള പഞ്ചായത്ത് രാജ് കരാറുകാർക്കും പാട്ടക്കാർക്കും കിഴിവു നൽകൽ ചട്ടങ്ങൾക്കും വിരുദ്ധമായി, പ്രതിമാസ വാടക ഒടുക്കേണ്ട തുകയിൽ ഇളവ് നൽകി ഈടാക്കിയതു കാരണം തനത് ഫണ്ട് വരുമാനത്തിൽ 2006-07 മുതൽ നഷ്ടം സംഭവിച്ചു വരുന്നു. 2021-22 വർഷത്തിലും യഥാർത്ഥത്തിൽ ഈടാക്കേണ്ടതിലും

കുറഞ്ഞ നിരക്കിൽ തന്നെയാണ് വാടക ഈടാക്കിക്കൊണ്ടിരിക്കുന്നത്.വാടകയിളവ് നല്കിയതിൽ മാനദണ്ഡങ്ങൾ പാലിക്കാത്തതിനാൽ നഷ്ടം വന്നിട്ടുണ്ട്.

ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരമുള്ള മുഴുവൻ വ്യാപാരികളും ലൈസൻസ് എടുത്തിട്ടില്ല.പുതുതായി നമ്പർ അനുവദിച്ച കെട്ടിടങ്ങളിലെ വ്യാപാര സ്ഥാപനങ്ങൾ ട്രേഡേഴ്സ് ലിസ്റ്റിൽഉൾപ്പെട്ടിട്ടില്ല.

പദ്ധതി നടത്തിപ്പിൽ വകയിരുത്തിയ തുകയിൽ54.26% മാത്രമാണ് ചെലവഴിക്കാൻ കഴിഞ്ഞത്.പദ്ധതി ആസൂത്രണത്തിന് വേണ്ടി മാത്രമാണ് യോഗങ്ങൾ നടത്തിയതായി രേഖകളിൽ കാണുന്നത്.നിർവഹണത്തിനും മോണിട്ടറിംഗിനുമായി യോഗങ്ങൾ ചേർന്നതായി കാണുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | -21-08-2015 | 2014-15 | 25-08-2015 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 17-12-2018 To 31-12-2018 | 2013-14 To 2017-18 | 7-02-2019 |

## 1-11 വാർഷിക കണക്കുകളിലെ അപാകതകൾ.

ഭരണസമിതിയുടെ 29.07.2022 ലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച സുൽത്താൻ ബത്തേരി നഗരസഭയുടെ 2021-22 വർഷത്തെ വാർഷിക കണക്കുകളിലെ ന്യൂനതകൾ താഴെപ്പറയുന്നു.

1. ഓഡിറ്റിന് സമർപ്പിച്ച 2021-22 വർഷത്തെ വാർഷിക കണക്കുകളോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ, മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല (2007-ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങൾ - ചട്ടം 58).

2. ഇൻകം & എക്സ്പെന്റിച്ചർ അക്കൗണ്ടിൽ ആസ്തികളുടെ തൻവർഷത്തെ ഡിപ്രിസിയേഷന്റെ മൂല്യം രേഖപ്പെടുത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാലും ആസ്തികളുടെ വർഷാന്ത്യമൂല്യം കണക്കാക്കാത്തതിനാലും ആസ്തികൾക്ക് ഡിപ്രിസിയേഷൻ കൃത്യമായി ചേർക്കാത്തതിനാലും ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ഫിക്സഡ് അസറ്റുകളുടെ മൂല്യത്തിന്റെ കൃത്യ ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.

3. ഡെപ്പോസിറ്റ് രജിസിറ്റർ, അഡ്വാൻസ് രജിസിറ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ വാർഷിക കണക്കുകളിൽ ഉൾപ്പെടുത്തിയിട്ടുള്ള നഗരസഭ സ്വീകരിച്ചിട്ടുള്ള ഡെപ്പോസിറ്റുകളുടെയും മുൻകൂർ നൽകിയിട്ടുള്ള തുകകളുടെയും കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

4. നഗരസഭയ്ക്ക് പ്രത്യേക ആവശ്യങ്ങൾക്കായി ലഭിച്ച ഫണ്ടുകളുടെ വിവരങ്ങൾ ബാലൻസ് ഷീറ്റിൽ ബാധ്യതായി രേഖപ്പെടുത്തിയിട്ടില്ല. ഉദാ: ബി -17 ഷെഡ്യൂളിൽ പി.എം.എ.വൈ., സാക്ഷരത തുടങ്ങിയവയ്ക്കു ലഭിച്ച തുകകളുടെ നീക്കിരിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട് എന്നാൽ ബി -4 ഷെഡ്യൂളിൽ പ്രസ്തുത തുകകൾ ബാധ്യതതായി രേഖപ്പെടുത്തിയിട്ടില്ല.

5. അയ്യൻകാളി തൊഴിലുറപ്പ് പദ്ധതിയ്ക്കുവേണ്ടി ലഭിച്ച ഫണ്ടിന്റെ വിവരം പ്രത്യേക ആവശ്യങ്ങൾക്കായി ലഭിച്ച ഫണ്ടുകളുടെ വിവരങ്ങൾ ചേർക്കേണ്ട് ബി -4 ഷെഡ്യൂളിൽ ചേർക്കേണ്ടതിന് പകരം ബി -2 ഷെഡ്യൂളിൽ (Earnmarked Funds) ആണ് രേഖപ്പെടുത്തിയിട്ടുള്ളത്.

6. ബി -2 ഷെഡ്യൂളിൽ (Earnmarked Funds) ചെയർമാന്റെ ദുരിതാശ്വാസനിധി ഇനത്തിൽ ₹51,500/- ബാധ്യത രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ബി -17 ഷെഡ്യൂൾ അനുസരിച്ച് ഇതിനായ പ്രത്യേകം ബാങ്ക് അക്കൗണ്ട് സൂക്ഷിച്ചിട്ടില്ല. (2003 -ലെ കേരള മുനിസിപ്പാലിറ്റി (ദുരിതാശ്വാസനിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ ചട്ടം 3 (4) അനുസരിച്ച് ഇതിനായി സെക്രട്ടറിയുടെ പേരിൽ ബാങ്ക് അക്കൗണ്ട് സൂക്ഷിച്ച് വരേണ്ടതാണ്.)

7. നഗരസഭയുടെ സ്ഥിരനിക്ഷേപത്തിന് ലഭിച്ച പലിശ റസീറ്റ് ചെയ്യിട്ടില്ല. ആയതിനാൽ ബാലൻസ് ഷീറ്റിലെ ബി -12 ഷെഡ്യൂൾ പ്രകാരമുള്ള സ്ഥിരനിക്ഷേപത്തിന്റെ മൂല്യം ₹6,20,425/- യും ഫിക്സ്ഡ് ഡെപ്പോസിറ്റ് സർട്ടിഫിക്കേറ്റ് പ്രകാരം തുക ₹7,51,446/- ആണ്.

8. ബാലൻസ് ഷീറ്റിലെ ബി -5 ഷെഡ്യൂൾ പ്രകാരം നഗരസഭയുടെ ലോൺ ഇനത്തിലുള്ള ആകെ ബാധ്യത ₹13,21,87,405/- ആണ്. എന്നാൽ വായ്പ തിരിച്ചടവ് ബാധ്യത തുകയേക്കാൾ അധികമാണ് ബി -16 ഷെഡ്യൂളിൽ പ്രീപെയ്ഡ് എക്സ്പെൻസായി രേഖപ്പെടുത്തിയിരിക്കുന്ന തുക (₹13,83,04,739/-). വായ്പ രജിസ്റ്റർ കൃത്യമായി എഴുതിസൂക്ഷിച്ചിട്ടില്ല. ആയതിനാൽ വായ്പയുടെ അക്കൗണ്ടിംഗിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

9. 2007 ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 53, 54 എന്നിവ പ്രകാരമുള്ള റീകൺസിലിയേഷൻ

നടപടിക്രമങ്ങൾ കൃത്യമായി പാലിക്കുന്നില്ല. പ്രതിമാസ റീകൺസിലിയേഷൻ നടത്തിയിട്ടില്ല. ഡെപ്പോസിറ്റുകൾ, അഡ്വാൻസുകൾ എന്നിവ റീകൺസിലിയേഷൻ നടത്തുന്നില്ല. ഫിക്സഡ് അസറ്റുകൾ, സ്റ്റോറുകൾ എന്നിവ ഭൗതികപരിശോധന നടത്തി റീകൺസിലിയേഷൻ നടത്തിയിട്ടില്ല. ബാലൻസ് ഷീറ്റിലെ ബി-17 ഷെഡ്യൂളിൽ രേഖപ്പെടുത്തിയിട്ടുള്ള ബങ്ക് ബുക്കുകളിലെ നീക്കിയിരുപ്പുകളുടെ വാർഷിക റീകൺസിലിയേഷൻ ശരിയായ രീതിയിൽ നടത്തിയിട്ടില്ല. റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ പല അക്കൗണ്ടുകളുടെയും ബാങ്ക് നീക്കിയിരുപ്പ് രേഖപ്പെടുത്തിയിരിക്കുന്നത് തെറ്റാണ്. ഇഷ്യൂ ചെയ്ത ചെക്കുകൾ പ്രസന്റ് ചെയ്യാത്തത് എന്ന നിലയിലും ഡെപ്പോസിറ്റ് ചെയ്ത ചെക്കുകൾ കളക്ഷനാകാത്തത് എന്ന നിലയിലും വൻ തുകകൾ ഓരോ അക്കൗണ്ടിന്റെയും റീകൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഏതെല്ലാം ചെക്കുകളാണെന്നും ആയതിന്റെ തുകയുടെ വിവരവും ചേർത്തിട്ടില്ല. ചില അക്കൗണ്ടുകളുടെ കാര്യത്തിൽ ഡയറക്ടിലി ക്രെഡിറ്റഡ് ബൈ ബാങ്ക്/ ഡയറക്ടിലി ഡെബിറ്റഡ് ബൈ ബാങ്ക് എന്ന് രീതിയിൽ വൻ തുക രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആയതിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. അക്കൗണ്ട് തിരിച്ചുള്ള മേൽപറഞ്ഞ രീതിയിലുള്ള റിക്കൺസിലിയേഷന്റെ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | അക്കൗണ്ട് | ബാങ്ക് ബുക്ക് പ്രകാരം നീക്കിയിരിപ്പ് | ബാങ്കിലെ നീക്കിയിരിപ്പ് (ബാങ്ക് സ്റ്റേറ്റ്മെന്റ് പ്രകാരം) | റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റിൽ രേഖപ്പെടുത്തിയ ബാങ്കിലെ നീക്കിയിരിപ്പ് | ചെക്ക് ഇഷ്യൂഡ് നോട്ട് പ്രസന്റഡ് | ചെക്ക് ഡെപ്പോസിറ്റഡ് നോട്ട് കളക്റ്റഡ് |
|---|---|---|---|---|---|---|
| 1 | Treasury Provident Fund - 450250400 | 115691 | 115691 | 831249 | 2715558 | 2831249 |
| 2 | Treasury LGTSB- 450250300 | 1000000 | 1000000 | 10209890 | 59306650 | 60306650 |
| 3 | Treasury TSB - 450250101 | 106327 | 106327 | 6813921 | 107921414 | 104731732 |
| 4 | ICIC Bank Sanitation - 450420200 | 48010 | 62672 | 900000 | 5246879 | 5299889 |
| 5 | WDCB(NOLHS)- 450430100 | 3165384 | 3165384 | 0 | 0 | 798434 |
| 6 | HDFC Own Fund- 450220200 | 332197 | 334654 | 0 | 0 | 332197 |
| 7 | Kerala Gramin Bank PMAY - 450410300 | 32662 | 32662 | 7512529 | 394249889 | 394282551 |
| 8 | SBT Tsunami - 450210200 | 84890 | 84890 | 0 | 0 | 18859 |
| 9 | SBT Online - 450210200 | 3863 | 3864 | 0 | 0 | 3863 |
| 10 | South Indian Bank Profession Tax- 450210600 | 1311055 | 1311055 | 0 | 443005 | 1754060 |
| 11 | SBT PYKA- 450410200 | 14014 | 14014 | 10903 | 215710 | 218821 |
| 12 | SBI Property Tax Online- 450210500 | 10077897 | 9683594 | 0 | 533874 | 10611571 |
| 13 | SBT Literacy- 450610200 | 2413843 | 2413843 | 0 | 9122126 | 11513145 |
| 14 | Dist. Co- | 1426018 | 1426018 | 0 | 2195649 | 3620667 |

| | | | | | | |
|---|---|---|---|---|---|---|
| | operative Bank Housing- 450630100 | | | | | |
| 15 | Union Bank COVID Distress- 450410400 | 38000 | 38532 | 0 | 363829 | 401829 |
| 16 | CFC Tied - 450610700 | 27889816 | 30141006 | 0 | 13956837 | 41846653 |
| 17 | SCB Ownfund- 450230100 | 93925 | 93926 | 5393296 | 141533553 | 136268456 (*) |
| 18 | Union Bank Own Fund - 450210400 | 21540252 | 23945041 | 24779914 | 285233004 | 306773256 (**) |

(*) Directly Credited By Bank - 11490997, Directly Debited By Bank - 17356153.

(**) Directly Credited By Bank - 3069237, Directly Debited By Bank - 7917544.

താഴെ പറയുന്ന അക്കൗണ്ടുകളുടെ റിക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റും ബാങ്ക് സ്റ്റേറ്റ്മെന്റും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നം. | അക്കൗണ്ട് | ബാങ്ക് ബുക്ക് പ്രകാരം നീക്കിയിരിപ്പ് |
|---|---|---|
| 1 | Union Bank Salary- 450210300 | 2 |
| 2 | CFLTC Municipal Account - 450250800 | 5227 |
| 3 | Unnion Bank Ayyankali- 450610500 | 2805507 |
| 4 | Unnion Bank Life Mission- 450610600 | 5183825 |
| 5 | Unnion Bank NREGA- 450610100 | 1000 |

10. അയ്യൻകാളി തൊഴിലുറപ്പ് പദ്ധതിയുടെ ക്യാഷ് ബുക്ക് പ്രകാരം ചെലവ് ₹1,57,31,859/- ആണ്. എന്നാൽ വാർഷിക കണക്ക് പ്രകാരം ചെലവ് ₹1,48,96,108/- ആണ്.

11. വിവിധ നികുതി/നികുതിയേതര വരവുകളുടെ രജിസ്റ്റർ/റിപ്പോർട്ടുകളിലെയും വാർഷിക കണക്കുകളിലെയും ഡിമാന്റും കളക്ഷനും തമ്മിൽ വ്യത്യാസമുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | വാർഷിക കണക്ക് | | രജിസ്റ്റർ/റിപ്പോർട്ട് | |
|---|---|---|---|---|
| | ഡിമാന്റ്(₹) | കളക്ഷൻ(₹) | ഡിമാന്റ്(₹) | കളക്ഷൻ(₹) |
| വസ്തുനികുതി തന്നാണ്ട് | 32669460 | 26823887 | 32669460 | 26330257 |
| വസ്തുനികുതി കുടിശ്ശിക | | 9564865 | 21904344 | 9764967 |
| തൊഴിൽ നികുതി - കച്ചവടക്കാർ | 2913960 | 2510176 | 2882710 | 2510176 |
| തൊഴിൽ നികുതി - ജീവനക്കാർ | 9171934 | 9111284 | 7185304 | 7185304 |
| ട്രേഡ് ലൈസൻസ് | 723300 | 723300 | 2442000 | 2442000 |
| വാടക | 5406436 | 3302234 | 5406436 | 3293174 |

വാർഷിക കണക്കുകൾ പ്രകാരം തൊഴിൽ നികുതി, ട്രേഡ് ലൈസൻസ്, വാടക എന്നിവയ്ക്ക് കുടിശ്ശിക വരവുണ്ട് എന്നാൽ കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല.

12. വിവിധ ഗ്രാന്റുകളുടെ വരവുകൾ എ.സി.ആർ. - ഉം ആയി പൊരുത്തപ്പെടുന്നില്ല. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ഗ്രാന്റിനം | വാർഷിക കണക്കുകൾ പ്രകാരം വരവ് | എ.സി.ആർ. പ്രകാരം വരവ് |
|---|---|---|---|
| 1 | വികസനഫണ്ട് - ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് - | 4,37,73,695 | 4,89,31,872 |
| 2 | വികസനഫണ്ട് - ടി.എസ്.പി. | 1,88,97,350 | 1,96,42,000 |
| 3 | വികസനഫണ്ട് - എസ്.സി.പി. | 55,13,080 | 59,62,389 |

| | | | |
|---|---|---|---|
| | സംരക്ഷണ ഗ്രാന്റ് - നോൺ റോഡ് | 72,59,039 | 83,54,780 |

13. 2007-ലെ കേരള മുനിസിപ്പാലിറ്റി അക്കൗണ്ട് ചട്ടങ്ങൾ - ചട്ടം 59 അനുസരിച്ച് വാർഷിക റിപ്പോർട്ട് തയ്യാറാക്കിയിട്ടില്ല.

14. മുൻവർഷത്തെ വാർഷിക ധനകാര്യപത്രികയിൻമേൽ പരാമർശിക്കപ്പെട്ട അപാകതകൾ പരിഹരിച്ചിട്ടില്ല. 07.10.2022 ഓഡിറ്റ് എൻക്വയറി നമ്പർ- 45 /2021-22 - ന് മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-12 നഗരസഭയിലെ വസ്തുനികുതിപരിഷ്കരണം പൂർത്തീകരിച്ചിട്ടില്ല.

സുൽത്താൻബത്തേരി നഗരസഭയിലെ വസ്തുനികുതിപരിഷ്കരണം സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ പരിഷ്കരണനടപടികൾ പൂർത്തീകരിച്ച് മാപ്പിംഗ് പൂർത്തിയാക്കിയതായി കാണുന്നില്ല. നഗരസഭകളിലെ വസ്തുനികുതി പരിഷ്കരണത്തിന്റെ പ്രാബല്യ തീയതി 01.04.2016 ആയി പുതുക്കി നിശ്ചയിച്ചും വസ്തുനികുതി പരിഷ്കരണം പൂർത്തിയാകാത്ത നഗരസഭകളിലെ എല്ലാ കെട്ടിടങ്ങളുടേയും വിവരശേഖരണം, ഫോറം നം. 6 ലെ ഡാറ്റാ എൻട്രി, വെരിഫിക്കേഷൻ, അപ്രൂവൽ വരെയുള്ള എല്ലാ ഓഫീസ് നടപടിക്രമങ്ങളും 2019 സെപ്റ്റംബർ മാസത്തിനകം പൂർത്തീകരിക്കുന്നതിനും നിർദ്ദേശിച്ച് 06.03.2019-ലെ സ.ഉ(സാധാ)നം.540/2019/തസ്വഭവ പ്രകാരം ഉത്തരവായിരുന്നു.

സുൽത്താൻബത്തേരി ഗ്രാമപഞ്ചായത്ത് നഗരസഭയായി മാറിയത് 01.11.15 നാണ്.14.02.17 ലെ തീരുമാനം നമ്പർ 7(1) പ്രകാരം വസ്തുനികുതി പുതുക്കി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.ഇതുപ്രകാരം 2016-17 ലെ വസ്തുനികുതി പരിഷ്കരിച്ച് 2017-18 ൽത്തന്നെ ഡിമാന്റ് ചെയ്യുവാനും 2016-17ലെ കുടിശ്ശിക ഉൾപ്പെടെ പിരിച്ചെടുക്കുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

22.06.17 ലെ സ.ഉ.(സാധാ)2104/17 ത.സ്വ.ഭ.വ നമ്പർ കത്ത് പ്രകാരം സുൽത്താൻ ബത്തരി നഗരസഭയിൽ വസ്തുനികുതി പരിഷികരണം പൂർത്തിയാക്കുന്നതിന് കെട്ടിടങ്ങൾക്ക് നമ്പർ നൽകുന്നതിനും തറവിസ്തീർണ്ണം അളന്ന തിട്ടപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കുന്നതിനും 15 ജീവനക്കാരെ 3 മാസത്തേക്ക് നിയമിക്കുന്നതിന് അനുമതി നൽകുകയും 01.11.17 മുതൽ മൂന്ന് മാസത്തേക്ക് ജീവനക്കാരെ നിയമിക്കുകയും ചെയ്തു. ഈ പ്രവർത്തിക്കായി 01.11.17 മുതൽ 30.04.18 വരെ ജീവനക്കാരെ നിയമിക്കുകയും പിന്നീട് ഡാറ്റ എൻട്രി നടത്തുന്നതിന് ഇവരിൽ 5 പേരെ അസ്സസ്മെന്റ് രജിസ്റ്ററുകൾ ,ഡിമാന്റ് രജിസ്ററുകൾ എന്നിവ തയ്യാറാക്കുന്നതിന് വീണ്ടും മൂന്ന് മാസത്തേക്ക് കൂടി സർക്കാർ അനുവാദത്തോടെ നിയമിക്കുകയും ചെയ്തു.എന്നാൽ നിലവിലും കെട്ടിടങ്ങളുടെ പൂർണ്ണമായ വിവരങ്ങൾ നഗരസഭയിൽ ലഭ്യമല്ല.

ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിലും സഞ്ചയ സോഫ്റ്റ് വെയറിൽ ലഭ്യമായ വിവരങ്ങൾ പരിശോധിച്ചതിലും വസ്തുനികുതി പരിഷ്കരണനടപടികൾ പൂർത്തീകരിച്ചതായി കാണുന്നില്ല.നിലവിലും തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ കെട്ടിടങ്ങളുടെ നികുതി നിർണ്ണയിച്ചതായി കാണുന്നില്ല.

സ.ഉ.(എം.എസ്) നം 144/15 ത.സ്വ.ഭ.വ 27.04.15 പ്രകാരം 2000 സ്ക്വയർ ഫീറ്റ് വരെ തറവിസ്തീർണ്ണമുള്ള വിസ്തീർണ്ണം വർദ്ധിപ്പിച്ചിട്ടില്ലാത്ത വീടുകൾക്ക് 01.04.13 ന മുൻപത്തെ നികുതി തന്നെ ഈടാക്കിയാൽ മതിയാകുന്നതാണ് എന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ സഞ്ചയ സോഫ്റ്റ് വെയറിൽ എല്ലാ വീടുകൾക്കും 01.04.13 ന് മുൻപത്തെ നികുതി തന്നെയാണ് ഉള്ളത്.ഒരു ഉടമസ്ഥന്റെ പേരിലുള്ള വീട്ടു തന്നെ പല ഭാഗങ്ങളായി വിവിധനമ്പറുകൾ നൽകി പഴയനിരക്കിൽ നികുതി ഈടാക്കുന്നുമുണ്ട്.

ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | കെട്ടിടനമ്പർ/വാർഡ് നമ്പർ | തറവിസ്തീർണ്ണം | അടിസ്ഥാനവസ്തുനികുതിനിരക്ക് | ഈടാക്കേണ്ട നികുതി | ഈടാക്കിയ നികുതി |
|---|---|---|---|---|---|
| 1 | 1895/15 | 92.64 | 10 | 926.4 | 324 |
| 2 | 1896/15 | 46.32 | 10 | 463.2 | 378 |
| 3 | 1897/15 | 46.32 | 10 | 463.2 | 378 |
| 4 | 1898/15 | 46.32 | 10 | 463.2 | 378 |
| 5 | 1899/15 | 46.32 | 10 | 463.2 | 378 |

മേൽ നമ്പറുകൾ എല്ലാം തന്നെ മാനേജർ വിശ്വവിനായക സൂപ്പർസ്പെഷ്യാലിറ്റി ഹോസ്പിറ്റൽ എന്നാണ് കാണുന്നത് .മേൽനമ്പറുകൾ വീടിന്റെയാണോ ,ആശുപത്രിയുടെയാണോ എന്ന് വിശദീകരിക്കുന്നതിന് നഗരസഭാ അധികൃതർക്ക് കഴിഞ്ഞിട്ടില്ല.ഭൗതികപരിശോധന നടത്തിയതിൽ കെട്ടിടങ്ങളിൽ നമ്പറുകൾ പതിപ്പിച്ചിട്ടില്ലാത്തതിനാൽ ഇവ ഏതാണെന്ന് ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടില്ല.സഞ്ചയ സോഫ്റ്റ് വെയറിലെ വിവരങ്ങളിൽ താഴത്തെ നില എന്നാണ് സൂചിപ്പിച്ചിരിക്കുന്നത്.ആശുപത്രി കെട്ടിടം ആണെങ്കിൽ ച.മീറ്ററിന് 15 രൂപയാണ് നിരക്ക് എന്നിരിക്കെ ഇത്തരത്തിൽ

നികുതി നിർണ്ണയിച്ചത് പരിശോധിക്കപ്പെടേണ്ടതുണ്ട്.

സർക്കാർ അനുവാദത്തോടെ ദിവസവേതനാടിസ്ഥാനത്തിൽ വസ്തുനികുതി പരിഷ്കരണത്തിന് മാത്രമായി 15 പേരെ നിയമിച്ചിട്ടുപോലും ഇപ്പോഴും വസ്തുനികുതി പരിഷ്കരണം പൂർത്തിയാകാത്ത നടപടിയിയിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു. ഓഡിറ്റ് എൻക്വയറി.നം. 12/21-22തീയതി 27.09.22 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല.

വസ്തുനികുതി സംബന്ധിച്ച അപാകതകൾ പരിഹരിച്ച് കുടിശ്ശിക പിരിച്ചെടുക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-13 വസ്തുനികുതി കുടിശ്ശിക വർദ്ധിച്ചുവരുന്നു. കുടിശ്ശിക ഈടാക്കാൻ നടപടികൾ ഫലപ്രദമല്ല.

സുൽത്താൻബത്തേരി നഗരസഭയുടെ 2021-22 വർഷത്തെ ഓഡിറ്റിനോടനുബന്ധിച്ച് വസ്തുനികുതിപിരിവ് സംബന്ധിച്ച് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ വസ്തുനികുതി കുടിശ്ശിക വർദ്ധിച്ചുവരുന്നതായി കണ്ടു.വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു

ഡി.സി.ബി.പത്രികപ്രകാരം

| ഇനം | ഡിമാന്റ് | | | കളക്ഷൻ | | | ബാലൻസ് | | |
|---|---|---|---|---|---|---|---|---|---|
| | വസ്തുനികുതി | ലൈബ്രറി സെസ്സ് | സെസ്സ് | വസ്തുനികുതി | ലൈബ്രറി സെസ്സ് | സെസ്സ് | വസ്തുനികുതി | ലൈബ്രറി സെസ്സ് | സെസ്സ് |
| കുടിശ്ശിക | 21904344 | 1107792 | 1859823 | 9764967 | 491081 | 961298 | 12097413 | 610458 | 962765 |
| തന്നാണ്ട് | 32669460 | 1641838 | 3268009 | 26330257 | 1322552 | 2632885 | 6217260 | 312838 | 622372 |
| ആകെ | 54573804 | 2749630 | 5127832 | 36095224 | 1813633 | 3594183 | 18314673 | 923296 | 1585137 |

ഓഡിറ്റിന് ഹാജരാക്കിയ ഈ കണക്കുകളിലും പൊരുത്തക്കേടുകൾ ഉണ്ട്.യഥാർത്ഥത്തിൽ ഉള്ള ഡിമാന്റ് ,കളക്ഷൻ, ബാലൻസ് കണക്കുകൾ ഹാജരാക്കിയിട്ടില്ല.സഞ്ചയ സോഫ്റ്റ് വെയറിൽ നിന്നും ലഭിക്കുന്ന കണക്കുകൾ പരിശോധിച്ച് ഉറപ്പുവരുത്തിയിട്ടില്ല.

വാർഷികകണക്കുകൾ പ്രകാരം

| ഇനം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് |
|---|---|---|---|
| വസ്തുനികുതി തന്നാണ്ട് | 32669460 | 26823877 | 6125070 |
| വസ്തുനികുതി കുടിശ്ശിക | - | 9564865 | 13012272 |

ഓഡിറ്റിന് ഹാജരാക്കിയ ഡി.സി.ബി.പത്രികയിൽ ബുക്ക് അഡ്ജസ്റ്റ്മെന്റ് എന്ന പേരിൽ 170051 രൂപ അഡ്ജസ്റ്റ് ചെയ്തിട്ടുണ്ട്.ആയതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. വാർഷികകണക്കുകളിലും ബാലൻസ് കാണിച്ചിരിക്കുന്ന തുക ഡിമാന്റ്,കളക്ഷൻ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

വാർഷികകണക്കുകൾപ്രകാരം Property Tax Prior Period Income ആയി 13951816 രൂപ കാണിച്ചിട്ടുണ്ട്.ആയത് എന്താണെന്ന് വ്യക്തമല്ല.

വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കാൻ സ്വീകരിച്ച നടപടികൾ സംബന്ധിച്ചും നിലവിലെ കുടിശ്ശിക സംബന്ധിച്ച പൂർണ്ണമായ വിവരങ്ങളും ഓഡിറ്റിന് ഹാജരാക്കുന്നതിന് ഓഡിറ്റ് എൻക്വയറി.നം. 11/21-22തീയതി 27.09.22 പ്രകാരം ആവശ്യപ്പെട്ടെങ്കിലും വിവരങ്ങൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

03.11.2021 ലെ ജി.3-13376/17 നമ്പർ ഓഫീസ് ഉത്തരവ് പ്രകാരം വസ്തുനികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിനും കണക്കുകൾ തയ്യാറാക്കുന്നതിനുമുള്ള ചുമതല റവന്യൂ ഇൻസ്പെക്ടർക്കാണ്. കണക്കുകളുടെ വ്യത്യാസം സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കുകയും അപാകതകൾ പരിഹരിക്കുകയും ചെയ്യേണ്ടതാണ്.

## 1-14 വസ്തുനികുതികുടിശ്ശിക -സസ്പെക്റ്റഡ് ഡിമാന്റ് ആയി നിർത്തിയിരിക്കുന്ന തുകകൾ ഈടാക്കിയിട്ടില്ല.

സുൽത്താൻബത്തേരി ഗ്രാമപഞ്ചായത്ത് നഗരസഭയായി മാറിയത് 1.11.15 തീയതിയിലാണ്.1.11.15 തീയതി പ്രാബല്യത്തിൽ നികുതിപരിഷ്കരണത്തിനുള്ള നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിലും 06.03.2019 ലെ സ.ഉ.(സാധാ)നം.540/2019 പ്രകാരം വസ്തുനികുതി പരിഷ്കരണം 01.04.16 തീയതി പ്രാബല്യത്തിൽ ആക്കിയിരുന്നു. ആയതുപ്രകാരം വരുന്ന വസ്തുനികുതി കുടിശ്ശിക 01.03.19 മുതൽ 10 മാസകാലയളവിൽ ഒന്നായോ 5 തുല്യഗഡുക്കൾ ആയോ അടക്കുന്നവർക്ക് പിഴ ഒഴിവാക്കി നൽകുന്നതിനും ഉത്തരവായിരുന്നു.എന്നാൽ ഈ ഉത്തരവ് പ്രകാരമുള്ള മാറ്റങ്ങൾ സഞ്ചയ സോഫ്റ്റ് വെയറിൽ വരുത്താത്തതിനാൽ 2013-14 ഒന്നാം അർദ്ധവർഷം മുതൽ 2015-16 രണ്ടാം

അർദ്ധവർഷം വരെയുള്ള കുടിശ്ശികഡിമാന്റ് സസ്പെക്ട് ചെയ്തിട്ടാണ് 2016-17 മുതലുള്ള തുക നഗരസഭ പിരിച്ചെടുത്തിട്ടുള്ളത്.സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ

26718 ഡിമാന്റുകൾ സസ്പെക്റ്റഡ് ഡിമാന്റായി മാറ്റി നിർത്തിയതായി കാണുന്നു. സഞ്ചയ സോഫ്റ്റ്‌വെയറിൽ നികുതിദായകർ ഏതെങ്കിലും അർദ്ധവർഷത്തെ നികുതി അടവാക്കിയത് സംബന്ധിച്ച് സംശയം നിലനിൽക്കുന്ന സാഹചര്യത്തിൽ താൽകാലികമായി മേൽ അർദ്ധവർഷത്തെ നികുതി ഡിമാന്റ് സസ്പെക്റ്റഡ് ഡിമാന്റായി മാറ്റി നിർത്താവുന്നതും മേൽ വിഷയത്തിൽ അന്വേഷണം നടത്തി ഉടൻ തന്നെ വ്യക്തത വരുത്തി ബന്ധപ്പെട്ടവർ നികുതി അടവാക്കിയിട്ടുണ്ടെങ്കിൽ രസിത് വിവരങ്ങൾ ചേർക്കേണ്ടതും അല്ലാത്ത പക്ഷം നികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതുമാണ്. ഇത്രയും ഡിമാന്റുകൾ സസ്പെക്റ്റഡ് ഡിമാന്റാക്കി മാറ്റിയതിൽ അന്വേഷണം നടത്തി നികുതി അടവാക്കിയതിൽ വ്യക്തത വരുത്തേണ്ടതുണ്ട്. ഓഡിറ്റ് എൻക്വയറി.നം. 2 /21-22തീയതി 15.09.22പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല.സസ്പെക്റ്റഡ് കാലയളവിൽ ഇവരിൽ നിന്നും പഴയ നിരക്കിലോ പുതുക്കിയ നിരക്കിലോ നികുതി ഈടാക്കിയിട്ടുണ്ടോ എന്ന് പരിശോധിച്ച് അനന്തരനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-15 നഗരസഭയിലെ മൊബൈൽ ടവറുകളുടെ വസ്തുനികുതികുടിശ്ശിക ഈടാക്കിയിട്ടില്ല.

സുൽത്താൻബത്തേരി നഗരസഭയിലെ താഴെപ്പറയുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല.

വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | ഉടമസ്ഥൻ | കെട്ടിടനമ്പർ | കുടിശ്ശികകാലയളവ് | തുക |
|---|---|---|---|---|
| 1 | മാനേജർ,<br>ഡിഷ്നെറ്റ് വയർലെസ്സ് ലിമിറ്റഡ് | 129/20 | 2011-2022 | 414206 |
| 2 | മാനേജർ,<br>വോഡാഫോൺ,എസ്സാർ സെല്ലുലാർ ലിമിറ്റഡ് | 134A/33 | 2015-2022 | 116400 |
| 3 | സുന്ദരേശ്വരൻ വാര്യർഎസ്കോട്ടെൽ മൊബൈൽ കമ്മ്യൂണിക്കേഷൻ | 221B/22 | 2013-2022 | 169691 |
| 4 | എം എൻ മധു<br>റിലയൻസ് ഇൻഫോകോം | 221A/22 | 2020-2022 | 77154 |
| 5 | മാനേജർ,<br>ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് | 288A/30 | 2015-22 | 222358 |
| 6 | അലക്സ് മാത്യൂ,<br>ടാറ്റ ചെലി സർവ്വീസ് | 221C/22 | 2013-2022 | 235435 |
| 7 | അഭിലാഷ് ,എസ്,<br>ഐഡിയ കമ്മ്യൂണിക്കേഷൻ ലിമിറ്റഡ് | 1172A/24 | 2013-2022 | 303000 |
| | ആകെ | | | 15,38,244 |

നികുതി അടക്കുന്നതിന് ആവശ്യപ്പെട്ട് ഡിമാന്റ് നോട്ടീസ് നൽകിയിട്ടുണ്ടെങ്കിലും തുക അടവാക്കിയതായി കാണുന്നില്ല.ഓഡിറ്റ് എൻക്വയറി.നം. 21/21-22തീയതി 15.09.22 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.തുകഈടാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-16 മൈക്രോ സ്മാൾ ആൻഡ് മീഡിയം എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾക്കും റസിഡൻഷ്യൽ ഹോംസ്റ്റേകൾക്കും നികുതി നിർണ്ണയിച്ചതായി കാണുന്നില്ല.

14.01.2011-ലെ സ.ഉ(അ)നം.17/2011/തസ്വഭവ നമ്പരായി പ്രസിദ്ധീകരിച്ച വിജ്ഞാപനം പ്രകാരം അടിസ്ഥാന വസ്തുനികുതി നിരക്കുകളുടെ ഏറ്റവും കുറഞ്ഞതും കൂടിയതുമായ പരിധികൾ സർക്കാർ നിശ്ചയിച്ചിരുന്നു. ഇതിൽ 18.11.2019-ലെ സ.ഉ(അ)നം.82/2019/തസ്വഭവ പ്രകാരം 2006-ലെ മൈക്രോ സ്മാൾ ആൻഡ് മീഡിയം എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾക്കും 08.09.2020-ലെ സ.ഉ(അ)നം.52/2020/തസ്വഭവ പ്രകാരം റസിഡൻഷ്യൽ ഹോംസ്റ്റേകൾക്കും ബാധകമായ നികുതി നിരക്കുകളുടെ പരിധികൾ കൂട്ടിച്ചേർത്ത് വിജ്ഞാപനം ചെയ്തിരുന്നു.

എന്നാൽ മൈക്രോ സ്മാൾ ആൻഡ് മീഡിയം എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത

വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾക്കും റസിഡൻഷ്യൽ ഹോംസ്റ്റേകൾക്കും നഗരസഭാ പ്രദേശത്ത് ബാധകമായ നികുതി നിരക്കുകൾ നിശ്ചയിച്ച് സഞ്ചയ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിട്ടില്ല.ഓഡിറ്റ് എൻക്വയറി.നം. 13/21-22തീയതി 27.09.22 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല.അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-17 നഗരസഭയിൽ വസ്തുനികുതി നിർണ്ണയിക്കുന്നതിലും ഈടാക്കുന്നതിലും അപാകതകൾ

സുൽത്താൻബത്തേരി നഗരസഭയിലെ വസ്തുനികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ട് ഏതാനും ഫയലുകളും കെട്ടിടങ്ങളും പരിശോധിച്ചതിൽ വസ്തുനികുതി ഈടാക്കുന്നതിൽ നഷ്ടം വരുന്നതായും തറവിസ്തീർണ്ണത്തിന് ആനുപാതികമായി വസ്തുനികുതി ഈടാക്കാത്തതായും ശ്രദ്ധയിൽപ്പെട്ടു.വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| പരിശോധന നടത്തിയ സ്ഥലം | ശ്രദ്ധയിൽപ്പെട്ട അപാകതകൾ |
|---|---|
| ഫ്രാൻസിസ്.എം.സി മുണ്ടിയാനിക്കൽ, വട്ടുവാടി, മൂലങ്കാവ് .പി.ഒ എന്നയാളുടെ വീട് | സുൽത്താൻബത്തേരി നഗരസഭയിൽ നിന്നും BA-201/16-17/11.08.16 പ്രകാരം 257.96ച.മീ.ഉള്ള വീടിന്റെ നിർമ്മാണാനുമതി നൽകിയ കെട്ടിടം നാളിതുവരെയും ക്രമവത്കരിച്ചിട്ടില്ല. ഫയൽ പ്രകാരം കെട്ടിടം പണിതിരിക്കുന്ന സ്ഥലം നിലമാണ്. 29.09.22 ന് നടത്തിയ സ്ഥലപരിശോധനയിൽ നിലവിൽ രണ്ടുനിലകളിലായി പണിതിരിക്കുന്ന കെട്ടിടത്തിന്റെ മുകൾ നില രണ്ട് ക്വാർട്ടേഴ്സുകളായും താഴത്തെ നില ഒന്നായും വാടകക്ക് നൽകിയിരിക്കുകയാണ്. നിലവിൽ 76.84 ച.മീറ്ററിന് 162 രൂപയാണ് നികുതി ഈടാക്കുന്നത്.വസ്തുനികുതി തറവിസ്തീർണ്ണത്തിന് ആനുപാതികമായി ഈടാക്കുന്നില്ല. അനധികൃതമായി പണിത കെട്ടിടത്തിനെതിരെ നടപടികൾ സ്വീകരിച്ചിട്ടില്ല. 2018-ലെ കേരള തണ്ണീർത്തടസംരക്ഷണ(ഭേദഗതി)നിയമപ്രകാരം 120 ച.മീറ്ററിൽ കുറവുള്ള വാസഗൃഹങ്ങൾക്ക് മാത്രമാണ് നിലത്ത് നിർമ്മാണാനുമതി നൽകാവുന്നത്.ആയതിന് വിരുദ്ധമായാണ് പെർമിറ്റ് നൽകിയത് .അന്വേഷണം നടത്തി തുടർനടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്. |
| ഇഖ്റ ഹോസ്പിറ്റൽ സുൽത്താൻബത്തേരി | ഹോസ്പിറ്റൽ അതോറിറ്റി ഓഡിറ്റിന് ഹാജരാക്കിയ രേഖകൾപ്രകാരം സെല്ലാർ ഉൾപ്പെടെ ആറുനിലകളിലായി 4359.24 ച.മീ വിസ്തീർണ്ണമുള്ള കെട്ടിടം പണിയുന്നതിന് BA-278/01-02 /03.10.2001 പ്രകാരം പെർമിറ്റ് നൽകിയിട്ടുണ്ട്.സഞ്ചയ സോഫ്റ്റ് വെയർപ്രകാരം ഒന്നാംനിലയുടെ 1718.28 ച.മീന്റെ നികുതി മാത്രമാണ് ഈടാക്കുന്നത്. പെർമിറ്റ് പ്രകാരം ഒന്നാം നിലക്ക് 936.83 ച.മീ നിർമ്മിക്കുന്നതിനാണ് പെർമിറ്റ് നൽകിയിരിക്കുന്നത്.യഥാർത്ഥത്തിൽ ഹോസ്പിറ്റൽ കെട്ടിടം എത്ര വിസ്തീർണ്ണം ഉണ്ടെന്നുള്ള രേഖകൾ നഗസഭയിൽ ഇല്ല.29.09.22 ന് നടത്തിയ സ്ഥലപരിശോധനയിൽ ഹോസ്പിറ്റലിന്റെ മെയിൻ കെട്ടിടം സെല്ലാർ ഉൾപ്പെടെ ഏഴുനിലകളിലായി പണിതിട്ടുണ്ട്. കെട്ടിടനിർമ്മാണാനുമതി കൂടാതെയാണ് കെട്ടിടങ്ങൾ ഉയരം കൂട്ടിയിരിക്കുന്നതും കൂട്ടിച്ചേർക്കലുകൾ നടത്തിയിരിക്കുന്നതും.ഏതൊക്കെ കെട്ടിടങ്ങൾക്കാണ് അനുമതി ലഭ്യമായിരിക്കുന്നതെന്നും നിലവിൽ നികുതി അടക്കുന്നതെന്നുമുള്ള രേഖകൾ നഗരസഭയിലും ഹോസ്പിറ്റലിലും ലഭ്യമല്ല. കെട്ടിടങ്ങളിലെ അനധികൃതനിർമ്മാണങ്ങൾ സംബന്ധിച്ച് നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. കെട്ടിടനിർമ്മാണത്തിന് നൽകിയ പെർമിറ്റ് പ്രകാരം കെട്ടിടം പണിതെങ്കിൽ പോലും 2640.96 ച.മീ.വിസ്തീർണ്ണത്തിന്റെ നികുതി അടക്കുന്നില്ല. കെട്ടിടനിർമ്മാണം സംബന്ധിച്ചും ക്രമവത്ക്കരണം സംബന്ധിച്ചും വിശദമായ അന്വേഷണം നടത്തി അനധികൃതനിർമ്മാണങ്ങൾക്കെതിരെ നടപടി സ്വീകരിച്ച് നികുതി നിർണ്ണയിക്കാത്ത കെട്ടിടങ്ങൾക്ക് നികുതി നിർണ്ണയിച്ച് മുൻകാലപ്രാബല്യത്തോടെ ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. |
| എൽ.ഐ.സി.ഓഫ് ഇൻഡ്യ-ഡിവിഷണൽ ഓഫീസ് | 29.09.22 ന് നടത്തിയ സ്ഥലപരിശോധനയിൽ കെട്ടിടത്തിന്റെ പാർക്കിംഗ് സ്ഥലത്ത് 60.32 ച.മീ സ്ഥലം നിലവിൽ ഒരു ഹാൾ ആയി മാറ്റി ഉപയോഗിക്കുന്നുഈ ഭാഗത്തിനും. പാർക്കിംഗ് ഏരിയയോടനുബന്ധിച്ചുള്ള 8.32 ച.മീ.സ്ഥലത്തിനും നികുതി നിർണ്ണയിച്ചിട്ടില്ല. അനധികൃതമായി തരം മാറ്റിയ ഭാഗത്തിന്റെ നികുതി നിർണ്ണയിച്ച് ഈടാക്കി അറിയിക്കേണ്ടതാണ് |
| കോ-ഓപ്പറേറ്റീവ് മിൽക്ക് സപ്ലൈ സൊസൈറ്റി കെട്ടിടം | താഴത്തെ നിലയിലെ 43.81 ച.മീറ്ററിന് മാത്രമാണ് നികുതി ഈടാക്കുന്നത്.29.09.22 ന് നടത്തിയ സ്ഥലപരിശോധനയിൽ 180 ച.മീ വിസ്തീർണ്ണം വീതമുള്ള മൂന്ന് നിലകളിലായാണ് കെട്ടിടം സ്ഥിതി ചെയ്യുന്നത്.കെട്ടിടത്തിന് മൂന്ന് നമ്പറുകൾ നൽകിയിട്ടുണ്ടെങ്കിലും അതിനനുസരിച്ച് നികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല. നികുതി ഈടാക്കാത്ത ഭാഗങ്ങൾക്ക് നികുതി നിർണ്ണയിച്ച് ഈടാക്കി അറിയിക്കേണ്ടതാണ്. |

| | |
|---|---|
| വിനായക ഹോസ്പിറ്റൽ സുൽത്താൻബത്തേരി | നിലവിൽ കെട്ടിടനിർമ്മാണപെർമിറ്റിനായി സമർപ്പിച്ച പ്ലാൻപ്രകാരം 4739.54 ച.മീ.Existing Building ഉണ്ട്. എന്നാൽ നിലവിൽ Form 6 പ്രകാരം ആശുപത്രികെട്ടിടങ്ങളുടെ വസ്തുനികുതി ഈടാക്കുന്നത് 4258.46 ച.മീറ്ററിന് മാത്രമാണ്.<br>28.09.22 ന് നടത്തിയ സ്ഥലപരിശോധനയിൽ കെട്ടിടനിർമ്മാണപെർമിറ്റിനായി സമർപ്പിച്ച പ്ലാൻപ്രകാരം Unauthorised Constructions To Be Demolished ആയി കാണിച്ചിരിക്കുന്ന താൽക്കാലിക നിർമ്മാണങ്ങൾ നിലവിലും ഉപയോഗത്തിലുണ്ട്.എന്നാൽ ഇവക്ക് നികുതി കണക്കാക്കി ഈടാക്കിയിട്ടില്ല.<br>നിലവിൽ കെട്ടിടനിർമ്മാണ പെർമിറ്റിനായി സമർപ്പിച്ച പ്ലാൻപ്രകാരം നിർമ്മാണാനുമതി നൽകിയ 1565.89 ച.മീറ്ററിൽ 1000.83 ച.മീ നിർമ്മാണം പൂർത്തീകരിച്ച് ഉപയോഗിക്കുകയും വാടക ഈടാക്കുകയും ചെയ്യുന്നു.എന്നാൽ ഈ കെട്ടിടത്തിന് നിലവിൽ ഒക്കുപ്പൻസി നൽകാത്തതാണ്. |

വസ്തുനികുതി നിർണ്ണയവുമായി ബന്ധപ്പെട്ട് ഏതാനും അപാകതകൾ മാത്രമാണ് ചൂണ്ടിക്കാണിച്ചത്.നഗരസഭയുടെ പ്രധാനവരുമാനമാർഗ്ഗമായ വസ്തുനികുതി നിർണ്ണയത്തിലും ഈടാക്കുന്നതിലും വേണ്ടത്ര ശ്രദ്ധ പുലർത്തുന്നതായി കാണുന്നില്ല. അപാകതകൾ പരിഹരിക്കാൻ അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്..ഓഡിറ്റ് എൻക്വയറി.നം. 23/21-22തീയതി 30.09.22 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല.

## 1-18 തൊഴിൽ നികുതി-പൊതു അപാകതകൾ

1994-ലെ മുൻസിപ്പാലിറ്റി ആക്ട് 245-ാംവകുപ്പ് ,2005-ലെ കേരള മുൻസിപ്പാലിറ്റി (തൊഴിൽ നികുതി ) ചട്ടങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ നഗരസഭയിൽ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട സൂക്ഷിക്കുന്ന രജിസ്റ്ററുകൾ , ഫയലുകൾ ,റിട്ടേണുകൾ എന്നിവ പരിശോധിച്ചപ്പോൾ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1) തൊഴിൽനികുതി റിട്ടേണുകൾ സമർപ്പിച്ചത് ചട്ടപ്രകാരമല്ല. 2005 ലെ കേരള മുൻസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങൾ, ചട്ടം 8 പ്രകാരം സെക്രട്ടറി ഓരോ വർഷവും ഏപ്രിൽ മാസത്തിൽ ഓരോ ഓഫീസ് മേധാവിക്കും അല്ലെങ്കിൽ 252-ാം വകുപ്പ് പ്രകാരം തൊഴിൽ നികുതി അടവാക്കാൻ ബാദ്ധ്യസ്ഥരായ ഏതൊരാൾക്കും അവരുടെ നിയന്ത്രണത്തിൻ കീഴിലുള്ള ഓഫീസുകളുടേയോ സ്ഥാപനങ്ങളുടെയോ പേരും മേൽവിലാസവും ആവശ്യപ്പെട്ടുകൊണ്ടും ഓഫീസ് മേധാവിയുടെ പേരും ഉദ്യോഗപ്പേരും നൽകേണ്ടതാണെന്നും എപ്പോഴെല്ലാം ഓഫീസ് മേധാവിക്ക് മാറ്റം ഉണ്ടാകുന്നുവോ അപ്പോഴെല്ലാം ആ വിവരം അറിയിക്കേണ്ടതാണെന്നും ആവശ്യപ്പെട്ടുകൊണ്ട് V-ാം നമ്പർ ഫാറത്തിലുള്ള ഒരു നോട്ടീസ് നൽകേണ്ടതാണ്. എന്നാൽ സെക്രട്ടറി ഇപ്രകാരം ചെയ്യുകയോ തൊഴിൽ നികുതി അടയ്ക്കാൻ ബാദ്ധ്യസ്ഥരായ സ്ഥാപനങ്ങളുടെ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.നികുതി അടക്കുവാൻ ബാദ്ധ്യസ്ഥരായ ആളുകൾ തൊഴിൽനികുതി റിട്ടേണുകൾ സമർപ്പിക്കേണ്ടത് ഫോറം IVൽ ആണ് .എന്നാൽ ഫോറം IVൽ റിട്ടേൺ സമർപ്പിച്ചിട്ടില്ല.എല്ലാ സ്ഥാപനങ്ങളും റിട്ടേൺ സമർപ്പിച്ചതായി കാണുന്നില്ല.

2)കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. മുൻ വർഷങ്ങളിൽ ലഭിക്കാനുണ്ടായിരുന്ന മുഴുവൻ തുകയും പിരിച്ചെടുത്തിട്ടുണ്ടോ എന്ന് പരിശോധിക്കുന്നതിനുള്ള രേഖകൾ സൂക്ഷിച്ചിട്ടില്ല. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട്, വകുപ്പ് 539 പ്രകാരം പിരിച്ചെടുക്കാതെ ബാക്കിയായ കുടിശ്ശിക മൂന്ന് വർഷം കഴിയുമ്പോൾ യാതൊരു നടപടിയും സ്വീകരിക്കാൻ കഴിയാതെ കാലഹരണപ്പെടുകയും ചെയ്യും.

3) 2005ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽ നികുതി ചട്ടങ്ങളിലെ ചട്ടം 3(2) പ്രകാരം സൂചിപ്പിച്ചിട്ടുള്ള അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, പാരാമെഡിക്കൽ വിദഗ്ധർ, മോട്ടോർ വാഹന ഉടമകൾ തുടങ്ങി വിവിധ മേഖലകളിൽ ജോലി ചെയ്യുന്നവരിൽ പരമാവധി 1250 രൂപ അർദ്ധ വാർഷിക നികുതി ഈടാക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. അപ്രകാരം നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. വരുമാനത്തിനനുസരിച്ച് തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.നഗരസഭാപരിധിയിൽ തൊഴിൽ ചെയ്യുന്ന സ്വകാര്യ ഡോക്ടർമാർ, അഭിഭാഷകർ എന്നിവർക്ക് തൊഴിൽ നികുതി ഡിമാന്റ് നോട്ടീസ് നൽകുകയോ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല.

4)നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന പൊതുവിതരണ കേന്ദ്രങ്ങളിൽ നിന്നും തൊഴിൽ നികുതി പിരിച്ചെടുത്തതായി രേഖകളിൽ കാണുന്നില്ല. സിവിൽ സപ്ലൈസ് ഡയറക്ടറുടെ 22.01.19-ലെ (സി.എസ്.)എ9-764/2019 നമ്പർ കത്ത് പ്രകാരം റേഷൻ കടകളെ നിലവിലുള്ള ചട്ടങ്ങൾ പ്രകാരം ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവ ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലായെന്ന് സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ റേഷൻകടകളിൽ നിന്നും ലൈസൻസ് ഫീസ്, ജീവനക്കാരുടെ തൊഴിൽ നികുതി എന്നിവ ഈടാക്കിയിട്ടില്ല.

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നമ്പർ 14/21-22 തീയതി 15.09.22, 17/21-22 തീയതി

27.09.22 ) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ നഗരസഭാപരിധിയിൽ തൊഴിൽ ചെയ്യുന്ന സ്വകാര്യ ഡോക്ടർമാർ, അഭിഭാഷകർ,നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ എന്നിവരിൽ നിന്നും തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-19 കരാറുകാരിൽ നിന്നും തൊഴിൽ നികുതിഈടാക്കിയില്ല.

2005ലെ കേരള മുൻസിപ്പാലിറ്റി (തൊഴിൽ നികുതി)ചട്ടങ്ങൾ,ചട്ടം3(10) പ്രകാരം നഗരസഭയുടെ പൊതുമരാമത്ത് പണികൾ ഏറ്റെടുത്തു നടത്തിയ കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. എൽ എസ് ജി ഡി വിഭാഗം ലഭ്യമാക്കിയ രേഖകൾ പ്രകാരം 2021-22 സാമ്പത്തിക വർഷം 30 കരാറുകാർ നഗരസഭയിലെ വിവിധ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തിയിട്ടുണ്ട്. കരാറുകാരിൽ നിന്നും രണ്ട് അർദ്ധവർഷങ്ങളിലും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുകയോ നികുതി ഈടാക്കുകയോ ചെയ്തിട്ടില്ല.

തൊഴിൽ നികുതി അടവാക്കാത്ത കരാറുകാരുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | കരാറുകാരന്റെ പേര്. | ഈടാക്കേണ്ട തൊഴിൽനികുതി I&II അർദ്ധവർഷം |
|---|---|---|
| 1 | വി.ആർ .വിശ്വനാഥൻ | 2500 |
| 2 | കെ.എം.വർഗ്ഗീസ് | 2500 |
| 3 | കെ.പി.ഉണ്ണികൃഷ്ണൻ | 2500 |
| 4 | ബി.അലി | 2500 |
| 5 | ടി.ജെ.സണ്ണി | 2500 |
| 6 | സിദ്ധീഖ്.ടി.വി | 2500 |
| 7 | അജമാലൻ.എം.എൻ | 2500 |
| 8 | സി.എം.ബാലകൃഷ്ണൻ | 2500 |
| 9 | സി.വി.ആന്റണി | 2500 |
| 10 | കെ.കെ സൈതലവി | 2500 |
| 11 | നിഷാദ്.കെ.കെ | 2500 |
| 12 | സെക്രട്ടറി സുൽത്താൻ ബത്തേരി ലേബർ കോൺട്രാക്ട് സൊസൈറ്റി | 2500 |
| 13 | ബിജേഷ്.ടി.ബി | 2500 |

| | | |
|---|---|---|
| 14 | മഹേഷ്.എൻ.എസ് | 2500 |
| 15 | റഷീദ്.പി.കെ | 2500 |
| 16 | ജയേഷ്.എൻ | 2500 |
| 17 | അസീസ്.വി | 2500 |
| 18 | സബിൻ.കെ.പി | 2500 |
| 19 | കെ.ഒ.ജോർജ്ജ്. | 2500 |
| 20 | എൻ.അസീസ് | 2500 |
| 21 | ഷിബു.സി.ജെ | 2500 |
| 22 | ഷാജഹാൻ.എ | 2500 |
| 23 | എൻ.കെ .രാജു. | 2500 |
| 24 | എം.കബീർകുട്ടി | 2500 |
| 25 | ശരദ് ഗോപകുമാർ | 2500 |
| 26 | പ്രജീഷ്.വി | 2500 |
| 27 | രാമചന്ദ്രൻ .പി | 2500 |
| 28 | പ്രകാശ് പാലോളി | 2500 |
| 29 | അരുൺ കെ.ആർ | 2500 |
| 30 | ഹാഷിം.കെ | 2500 |
| ആകെ | | 75000 |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 14/21-22 തീയതി 15.09.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ മേൽ പരാമർശിച്ച കാരാറുകാരിൽ നിന്നും തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-20 സ്ഥാപനതൊഴിൽ നികുതി ഈടാക്കിയില്ല.

2021-22 വർഷം നഗരസഭയിലെ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപനതൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമനമ്പർ | സ്ഥാപനം | റിമാർക്സ് |
|---|---|---|
| 1 | താലൂക്ക് ലീഗൽ സർവ്വീസ് കമ്മിറ്റി | I & II |
| 2 | അസാപ്പ് ,സുൽത്താൻ ബത്തേരി | II |
| 3 | സുൽത്താൻ ബത്തേരി പാൽ വിതരണ സഹകരണ സംഘം | I & II |
| 4 | എസ്.ബി.ഐ(കറൻസി അഡ്മിനിസ്ട്രേഷൻ സെൽ) | I & II |
| 5 | എസ്.ബി.ഐ ടൗൺ ബ്രാഞ്ച്. | II |
| 6 | ഇൻഡ്യൻ ഓവർസീസ് ബാങ്ക്,സുൽത്താൻ ബത്തേരി | II |
| 7 | ഐ.സി.ഐ.സി.ഐ ബാങ്ക് | II |
| 8 | സുൽത്താൻ ബത്തേരി സർവ്വീസ് സഹകരണ ബാങ്ക് | I & II |
| 9 | കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് അർബൺ ബാങ്ക്. സുൽത്താൻ ബത്തേരി | I & II |
| 10 | കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് അർബൺ ബാങ്ക്. സുൽത്താൻ ബത്തേരി.ഈവനിംഗ് ബ്രാഞ്ച്. | I & II |
| 11 | ഐ.ഡി.ബി.ഐ.ബാങ്ക്,സുൽത്താൻ ബത്തേരി. | I & II |

| | | |
|---|---|---|
| 12 | സുൽത്താൻ ബത്തേരി താലൂക്ക് സ്റ്റേറ്റ് എംപ്ലോയീസ് ആൻഡ് ടീച്ചേഴ്സ് കോ ഓപ്പറേറ്റീവ് സൊസൈറ്റി. | II |
| 13 | കേരള ഗ്രാമീണ ബാങ്ക്. | I |
| 14 | കത്തോലിക് സിറിയൻ ബാങ്ക് | I |
| 15 | എസ്.ബി.ഐ മെയിൻ ബ്രാഞ്ച് | I |
| 16 | മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ് | I & II |
| 17 | ധനകോടി ചിറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ് | I & II |
| 18 | ക്ലാസ്സിക് ഹ്യൂണ്ടായ് | I & II |
| 19 | മെഴ്സിഡസ് ഇന്റർനാഷണൽ പ്രൈവറ്റ് ലിമിറ്റഡ്. | I & II |
| 20 | കച്ചേരി ഹോണ്ട. | II |
| 21 | കാനറ ബാങ്ക് | I |
| 22 | ശ്രീറാം ട്രാൻസ്പോർട്ട് ഫിനാൻസ് കമ്പനി ലിമിറ്റഡ് | II |
| 23 | ധനകോടി നിധി ലിമിറ്റഡ് | II |
| 24 | മഹീന്ദ്ര & മഹീന്ദ്ര ഫിനാൻഷ്യൽ സർവ്വീസസ് ലിമിറ്റഡ് | II |
| 25 | ചോളമണ്ഡലം ബിസിനസ്സ് സർവ്വീസസ് ലിമിറ്റഡ്. | II |
| 26 | ചോളമണ്ഡലം ഇൻവെസ്റ്റ്മെന്റ് ആന്റ് ഫിനാൻസ് കമ്പനി ലിമിറ്റഡ്. | I |
| 27 | ചെമ്മണ്ണൂർ ക്രെഡിറ്റ്സ് ആന്റ് ഇൻവെസ്റ്റ്മെന്റ് ലിമിറ്റഡ്. | II |
| 28 | മീര ഇഖ്റ സ്പെഷ്യാലിറ്റി ക്ലിനിക്ക്. | II |
| 29 | ഇഖ്റ ഹോസ്പിറ്റൽ | II |
| 30 | സുൽത്താൻ ബത്തേരി കോ-ഓപ്പറേറ്റീവ് എഡ്യൂക്കേഷണൽ സൊസൈറ്റി. | II |
| 31 | ലുലു വെഡ്ഡിംഗ് സെന്റർ | II |
| 32 | ജെയിൻ ടെംമ്പിൾ ,സുൽത്താൻ ബത്തേരി | I&II |
| 33 | ക്ഷീര വികസനവകുപ്പ്,സുൽത്താൻ ബത്തേരി | II |
| 34 | ബജാജ് ഫിനാൻസ് ലിമിറ്റഡ് | II |
| 35 | എച്ച്.ഡി.ബി.ഫിനാൻഷ്യൽ സർവ്വീസ് ലിമിറ്റഡ് | II |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നമ്പർ 15/21-22 തീയതി 15.09.22 ) മറുപടി ലഭ്യമാക്കിയിട്ടില്ല.ആയതിനാൽ മേൽ പരാമർശിച്ച സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

1-21 ട്രേഡേർസിന്റെ തൊഴിൽനികുതി പൂർണ്ണമായും ഈടാക്കിയിട്ടില്ല.

ട്രേഡേർസിന്റെ തൊഴിൽനികുതി പൂർണ്ണമായും ഈടാക്കിയിട്ടില്ല. വ്യാപാരികളുടെ തൊഴിൽനികുതി സംബന്ധിച്ച് ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ ഡിമാന്റ് ചെയ്യപ്പെട്ട ട്രേഡേഴ്സ് എല്ലാവരും തന്നെ തൊഴിൽ നികുതി അടവാക്കിയിട്ടില്ല എന്ന് കണ്ടു. വാർഡ് തലത്തിൽ ട്രേഡേഴ്സ് ലിസ്റ്റ്, ഇൻസ്റ്റിറ്റ്യൂഷൻ ലിസ്റ്റ് എന്നിവ തയ്യാറാക്കിയിട്ടില്ല. 1994 ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 245 വകുപ്പിലേയും 2005 – ലെ കേരള മുനിസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലേയും വ്യവസ്ഥകൾ പ്രകാരം ഓരോ അർദ്ധ വർഷവും തുടർച്ചയായോ പലപ്പോഴായോ, 60 ദിവസം ജോലി/തൊഴിൽ ചെയ്തിട്ടുണ്ടെങ്കിൽ നികുതിക്ക് വിധേയനാകുന്നതാണ്. എന്നാൽ ഡിമാന്റ് നൂറ് ശതമാനമാക്കുന്നതിന് വേണ്ട നടപടികൾ സ്ഥാപനം കൈക്കൊണ്ടിട്ടില്ല.ഓഡിറ്റിന് ഹാജരാക്കിയ രേഖകൾപ്രകാരം 2021-22 വർഷം ഡിവിഷൻ 4-ലെ വ്യാപാരികൾ ആരും തന്നെ തൊഴിൽനികുതി അടച്ചതായി കാണുന്നില്ല.അപാകതകൾക്ക് മറുപടി ലഭ്യമാക്കാനാവശ്യപ്പെട്ട നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക്(എൻക്വയറി.നം. 18/21-22തീയതി 15.09.22) മറുപടി ലഭ്യമാക്കിയിട്ടില്ല.

വാർഡ് അടിസ്ഥാനത്തിൽ ഇൻസ്റ്റിറ്റ്യൂഷൻ ലിസ്റ്റ്, ട്രേഡേഴ്സ് ലിസ്റ്റ് എന്നിവ തയ്യാറാക്കുകയും തൊഴിൽ നികുതി ഈടാക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യേണ്ടതാണ്.

## 1-22 ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങളുടെ ലൈസൻസ്-പൊതു അപാകതകൾ

1.ട്രേഡേഴ്സ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

1994 ലെ കേരള മുനിസിപ്പാലിറ്റീസ് ആക്ട് സെക്ഷൻ 447, 448, 2011 ലെ കേരള മുനിസിപ്പാലിറ്റി (ഡി ആന്റ് ഒ. ട്രേഡ് ആന്റ് ഫാക്ടറീസ് ലൈസൻസ് നൽകൽ) ചട്ടങ്ങൾ എന്നിവ പ്രകാരം സെക്രട്ടറി നൽകുന്ന ലൈസൻസ് ഇല്ലാതെയും ലൈസൻസിന്റെ നിബന്ധനകൾക്ക് വിരുദ്ധമായും യാതൊരു സ്ഥലത്തും ഫാക്ടറിയോ വർക്ക് ഷോപ്പോ തൊഴിൽ സ്ഥലമോ നിർമ്മിക്കുവാൻ പാടുള്ളതല്ല. ആയതിനാൽ നഗരസഭാ പരിധിയിലുള്ള വ്യാപാരങ്ങളുടെയും ഫാക്ടറികളുടെയും വിവരങ്ങളടങ്ങിയ പട്ടിക (ട്രേഡേഴ്സ് ലിസ്റ്റ്)തയ്യാറാക്കേണ്ടതും കാലികമാക്കി സൂക്ഷിക്കേണ്ടതുമാണ്.നഗരസഭയിൽ പ്രവർത്തിക്കുന്ന എല്ലാ കച്ചവട സ്ഥാപനങ്ങളുടെയും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിനും ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ ശിക്ഷാ നടപടികൾ സ്വീകരിക്കുന്നതിനും വാർഡ് തിരിച്ചുള്ള ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കി സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലോടു കൂടി സൂക്ഷിക്കേണ്ടതുമാണ്. നഗരസഭ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കാത്തതിനാൽ എത്ര സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാനുണ്ടെന്ന് തിട്ടപ്പെടുത്താൻ നഗരസഭയ്ക്കോ പരിശോധിക്കാൻ ഓഡിറ്റിനോ സാധിച്ചിട്ടില്ല.ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(എൻക്വയറി നമ്പർ 28/21-22 തീയതി 01.10.22 ) മറുപടി ലഭ്യമാക്കിയിട്ടില്ല.കൃത്യമായ രീതിയിൽ ഫീൽഡ് പരിശോധന നടത്തി വാർഡ് പ്രകാരമുള്ള ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

2.ലൈസൻസില്ലാതെ റേഷൻ കടകൾ പ്രവർത്തിക്കുന്നു.

1994 ലെ കേരള മുൻസിപാലിറ്റി ആക്ട് വകുപ്പ് 447, 2011-ലെ കേരള മുൻസിപാലിറ്റി (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ്സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 എന്നിവ പ്രകാരം നഗരസഭാ പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻകടകൾ ഡി ആന്റ് ഒ ലൈസൻസ് എടുക്കാത്തതായി കാണുന്നു.റേഷൻ കടകളെ 2011-ലെ കേരള മുൻസിപാലിറ്റി (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ്സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3 പട്ടിക II ലെ ക്രമനമ്പർ54 പ്രകാരം ലൈസൻസ് പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതാണ്.

ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന റേഷൻകടകളെ കണ്ടെത്തി നടപടി സ്വീകരിക്കാൻ മുൻവർഷ റിപ്പോർട്ട് പ്രകാരം നിർദ്ദേശിച്ചിട്ടുള്ളതാണ് .എന്നാൽ ഇതിന്റെ നടപടികൾ ഫലപ്രാപ്തിയിൽ എത്തിയിട്ടില്ല. നഗരസഭാ പരിധിയിൽ പ്രവർത്തിപ്പിക്കുന്ന മുഴുവൻ റേഷൻ കടകളെയും ലൈസൻസ് പരിധിയിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ കൈകൊണ്ട് ഓഡിറ്റിനെ അറിയിക്കേണ്ടതാണ് .

## 1-23 സിനിമാ തിയേറ്ററുകളുടെ ലൈസൻസ് -രേഖകൾ ഹാജരാക്കിയില്ല.

2011-ലെ കേരള മുൻസിപാലിറ്റി (വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ ) ചട്ടങ്ങളിൽ പട്ടിക II ലെ ക്രമനമ്പർ 380 പ്രകാരം സിനിമാ തിയേറ്ററുകൾ പ്രവർത്തിപ്പിക്കുന്നതിന് മുൻസിപ്പൽ പ്രദേശത്തെ ഒരു സ്ഥലം ഏതെങ്കിലും ആൾ ഉപയോഗപ്പെടുത്തുന്നത് മുൻസിപാലിറ്റിക്ക് 447-ആം വകുപ്പിലും ഈ ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ലൈസൻസ് മൂലം നിയന്ത്രിക്കാവുന്നതാണെന്ന് പ്രസ്തുത ചട്ടങ്ങളിലെ 3(2) ൽ നിഷ്കർഷിച്ചിട്ടുണ്ട്.എന്നാൽ നഗരസഭാ പരിധിയിൽ പ്രവർത്തിപ്പിക്കുന്ന സിനിമാതിയേറ്ററുകൾക്ക് ലൈസൻസ് ലഭ്യമാക്കിയതിന്റെയോ ലൈസൻസ് ഫീസ് ഈടാക്കിയതിന്റെയോ യാതൊരു രേഖയും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (എൻക്വയറി നമ്പർ 27/21-22 തീയതി 01.10.22 ) മറുപടി ലഭ്യമാക്കിയിട്ടില്ല.

ആയതിനാൽ ടി പ്രദേശത്ത് പ്രവർത്തിപ്പിക്കുന്ന മുഴുവൻ സിനിമാ തിയേറ്ററുകൾക്കും മുൻസിപാലിറ്റിയിൽ നിന്നും ലൈസൻസ് അനുവദിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-24 നഗരസഭയുടെ വാടക കെട്ടിടങ്ങൾ - കൃത്യമായ രേഖകൾ സൂക്ഷിച്ചിട്ടില്ല.

സുൽത്താൻ ബത്തേരി നഗരസഭയ്ക്ക് വാടകയ്ക്ക് കൊടുക്കുന്ന എത്ര കെട്ടിടങ്ങളുണ്ടെന്നും ഓരോ കെട്ടിടത്തിലും എത്ര മുറികൾ ഉണ്ടെന്നും പ്രസ്തുത കെട്ടിടങ്ങൾ എവിടെ സ്ഥിതിചെയ്യുന്നു എന്നുമുള്ള വിവരങ്ങളും രേഖകളും ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ഓഡിറ്റിന് ലഭ്യമാക്കിയ വാടക ഡിമാന്റ് രജിസ്റ്ററും തൻവർഷത്തെ ഡി.സി.ബി. പത്രികയും പ്രകാരം വാടകയ്ക്ക് കൊടുക്കുന്ന 209 മുറികൾ (1 മുതൽ 180 വരെയും 181(1) മുതൽ 181(28) വരെയും നമ്പർ മുറികളും ഒരു ഐസ് പ്ലാന്റും) നഗരസഭയ്ക്കുണ്ട്. ഇതിൽ 80 മുറികളുടെ [7, 12, 14, 22, 25, 31, 32, 33, 35, 36, 37, 38, 39, 40, 41, 42, 43, 44, 45, 46, 47, 48, 49, 50, 51, 52, 58, 68, 69, 70, 71, 76, 78, 81, 111, 112, 113, 115, 116, 120, 122, 123, 125, 126, 127, 129, 131, 138, 140, 142, 143, 144, 147, 148, 149, 150, 151, 157(A&B), 160, 169, 170, 171, 172, 177, 178, 180, 180(9), 180(10), 180(13), 180(14), 180(15), 180(16), 180(17), 180(18), 180(19), 180(10), 180(21),180(24), 180(25), 180(26)] വാടക ഡിമാന്റ് ചെയ്തിട്ടില്ല. വാടയ്ക്ക് കൊടുക്കാത്ത മുറികൾ സംബന്ധിച്ച വിവരവും ആയതിനുള്ള കാരണവും ലഭ്യമാക്കിയിട്ടില്ല. വാടക ഡിമാന്റ് ചെയ്തിട്ടുള്ള മുറികളുടെ കരാറുടമ്പടി പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല. എഗ്രിമെന്റ് രജിസ്റ്ററും എഴുതി സൂക്ഷിച്ചിട്ടില്ല.

വർഷങ്ങളായി വാടകയ്ക്ക് കൊടുക്കുന്ന മുറികൾ ഉണ്ടായിരിന്നിട്ടും നാളിതുവരെ വാടകയ്ക്ക് നൽകലിന്റെ കാര്യങ്ങൾ നിയന്ത്രിക്കുന്നതിനായി നിയമപരമായ വ്യവസ്ഥ ചെയ്തതായി കാണുന്നില്ല. കേരള മുനിസിപ്പാലിറ്റി നിയമം 567 -ാം വകുപ്പ് പ്രകാരം ബൈലോകൾ ഉണ്ടാക്കുന്നതിന് മുനിസിപ്പൽ കൗൺസിലിന് അധികാരം നൽകിയിട്ടുണ്ട്. 571 -ാം വകുപ്പ് അനുസരിച്ച് ഉദ്ദേശിച്ചിട്ടുള്ള ബൈലോയുടെ കരട് മുൻകൂട്ടി പ്രസിദ്ധപ്പെടുത്തേണ്ടതാണ്. 572 -ാം വകുപ്പ് അനുസരിച്ച് സർക്കാർ അംഗീകാരം നൽകി സ്ഥിരീകരിക്കുന്നത് വരെ ബൈലോക്ക് പ്രാബല്യം ഉണ്ടായിരിക്കില്ല. സ്ഥിരീകരിച്ച ബൈലോ ഗസറ്റിൽ പ്രസിദ്ധപ്പെടുത്തേണ്ടതാണ്. മുറികൾ വാടകയ്ക്ക് കൊടുക്കുന്നതിന്റെ കാര്യങ്ങൾ നിയന്ത്രിക്കുന്നതിനായി നിലവിൽ ബൈലോ എന്ന പേരിൽ നഗരസഭ ഉപയോഗിച്ചുവരുന്ന സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ നിബന്ധനകളുടെ പകർപ്പ് ഓഡിറ്റിന് ഹാജരാക്കിയിട്ടുണ്ട്. എന്നാൽ ആയത് കൗൺസിൽ അംഗീകരിച്ചതിന്റെയും സർക്കാർ സ്ഥിരീകരിച്ചതിന്റെയും ഗസറ്റിൽ പ്രസിദ്ധപ്പെടുത്തിയതിന്റെയും രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

ഡി.സി.ബി. പത്രിക പ്രകാരം 2021-22 വർഷത്തെ ആകെ വാടകഡിമാന്റ് ₹47,90,904/- യും കലക്ഷൻ ₹32,23,288/-ഉം ആണ്. എന്നാൽ വാടക ഡിമാന്റ് രജിസ്റ്ററിലെ പേജ് നമ്പർ 62 -ൽ സാക്ഷ്യപ്പെടുത്തിയിരിക്കുന്നത് പ്രകാരം തൻവർഷത്തെ ആകെ ഡിമാന്റ് ₹54,06,436/- യും കളക്ഷൻ ₹32,93,174/- ആണ്. വാർഷിക കണക്കുകൾ പ്രകാരം ഇത് യഥാക്രമം ₹54,06,436/- യും , ₹33,02,234/- ആണ്. വ്യത്യാസത്തിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

നഗരസഭ വാടകയ്ക്ക് കൊടുത്തിട്ടുള്ള എല്ലാ കെട്ടിടങ്ങളുടെ വിവരങ്ങളും അവയുടെ പ്ലാനും സ്ഥിതി ചെയ്യുന്ന സ്ഥലവും വാടകക്ക് കൊടുത്തിട്ടുള്ള മുറികളുടെ എഗ്രിമെന്റും വാടകയ്ക്ക് കൊടുക്കാത്ത മുറികളെ സംബന്ധിച്ച് ആയതിനുള്ള കാരണവും നഗരസഭ മുറികൾ വാടകക്ക് നൽകുന്നതിന് ഇപ്പോൾ അടിസ്ഥാനമാക്കിയിട്ടുള്ള വ്യവസ്ഥകൾക്ക് നിയമപരമായ അംഗീകാരം ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകളും വാർഷിക കണക്കുകളും ഡിമാന്റ് രജിസ്റ്ററുമായുള്ള പൊരുത്തക്കേടിന് വിശദീകരണവും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം. 19/21-22, തീയതി 28/09/2022) സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല.

ഓഡിറ്റ് അന്വേഷണ കുറിപ്പ് പ്രകാരം ആവശ്യപ്പെട്ട രേഖകളും വിശദീകരണവും ലഭ്യമാക്കേണ്ടതാണ്.

## 1-25 കെട്ടിട വാടക - നിയമ വിരുദ്ധമായി ഇളവ് നൽകിയ ഭരണ സമിതി തീരുമാനം റദ്ദു ചെയ്യാത്തതിനാൽ വരുമാന നഷ്ടം തുടരുന്നു.

സുൽത്താൻ ബത്തേരി ഗ്രാമപഞ്ചായത്ത് 2015-16 സാമ്പത്തിക വർഷത്തിലാണ് മുനിസിപ്പാലിറ്റിയാക്കി മാറ്റിയത്. ഗ്രാമപഞ്ചായത്തായിരുന്ന കാലയളവിൽ അന്നത്തെ ഭരണസമിതി ഇപ്പോൾ നഗരസഭയുടെ ഉടമസ്ഥതയിലുള്ള ചില കെട്ടിട മുറികളുടെ വാടകയിൽ ഇളവ് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത നടപടി നിയമവിരുദ്ധമാണെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2006-07 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക നം. 2-7, 2008-09 ലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-4 എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. നിയമവിരുദ്ധമായ തീരുമാനങ്ങൾ റദ്ദുചെയ്ത് മുഴുവൻ വാടകയും ഈടാക്കാത്തതിനാൽ 2006-07 വർഷം മുതൽ തനത് ഫണ്ട് വരുമാനത്തിൽ വന്നിട്ടുള്ള നഷ്ടം സംബന്ധിച്ച് 2012-13 ലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-8, 2013-14, 2014-15 ലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-6, 2015-16 ലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-8(10(ബി)), 2017-18 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-12, 2018-19 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-16, 2019-20 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-15, 2020-21 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-16 എന്നിവയിലും പരാമർശിച്ചിട്ടുണ്ട്. എന്നാൽ 2021-22 സാമ്പത്തിക വർഷം വരെ നിയമ വിരുദ്ധമായ തീരുമാനം റദ്ദു

ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. നിയമ വിരുദ്ധമായി ഇളവനുവദിച്ചതനുസരിച്ചുള്ള തുകയാണ് തൻവർഷവും വാടക ഡിമാന്റ് രജിസ്റ്ററിൽ ഡിമാന്റ് ഉൾപ്പെടുത്തിയിട്ടുള്ളത്.

വാടകയിൽ 5% വാർഷിക വർദ്ധനവ് വ്യവസ്ഥ ചെയ്താണ് പ്രസ്തുത മുറികൾ വാടകയ്ക്ക് നൽകിയിട്ടുള്ളത്. ആയതനുസരിച്ച് തൻവർഷം ഡിമാന്റ് ചെയ്യേണ്ടിയിരുന്ന വാടകയും ഡിമാന്റ് ചെയ്ത വാടകയും നഗരസഭയ്ക്കുണ്ടായ നഷ്ടത്തിന്റെയും വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | കൈവശക്കാരന്റെ പേര്/ റൂം നം. | ഇളവനുവദിച്ച കൊണ്ടുള്ള ഭരണസമിതി തീരുമാനം | ലേലപ്രകാരം നിശ്ചയിച്ച വാടകയും മുറി ഏറ്റെടുത്ത വർഷവും | പ്രതിവർഷം 5% വർദ്ധനവ് അനുസരിച്ച് തൻവർഷം ഈടാക്കേണ്ടിയിരുന്ന പ്രതിമാസ വാടക | തൻവർഷം ഡിമാന്റ് ചെയ്ത പ്രതിമാസ വാടക | തൻവർഷത്തെ ഡിമാന്റിലെ ആകെ കുറവ് G= (E-f) X 12 |
|---|---|---|---|---|---|---|
| A | B | C | D | E | F | G |
| 1 | ജോർജ്ജ് ജോസഫ്/ ഫിലോമ ജോർജ്ജ് (റൂം നം. 109) | 124/04, 1.12.2004 | ₹18043/-, 1998-99 | ₹55,419/- | ₹42230/- | ₹1,58,268/- |
| 2 | എൻ. കുഞ്ഞുമുഹമ്മദ്, (റൂം നം. 96) | 2000/03, 29.04.2005 | ₹1421/-, 1998-99 | ₹4365/- | ₹2454/- | ₹22,932/- |
| 3 | മേരി സ്കറിയ (റൂം നം. 78) | 35/05(21), 29.04.2005 | ₹2315/-, 1998-99 | ₹7111/- | ഡിമാന്റ് ചെയ്തിട്ടില്ല. (*) | -- |
| 4 | അബ്ദുൾ കരീം എൻ (റൂം നം. 82) | 35/05(21), 29.04.2005 | ₹3942/-, 1998-99 | ₹12,107/- | ₹3277/- | ₹1,05,960/- |
| 5 | കെ.റ്റി അരവിന്ദാക്ഷൻ (റൂം നം. 77) | 93/05(28), 29.11.2005 | ₹5017/-, 1998-99 | ₹15,410/- | ₹9821/- | ₹67,068/- |
| 6 | ഉണ്ണികൃഷ്ണൻ (റൂം നം. 05) | 05/06(23), 05.01.2006 | ₹848/-, 1998-99 | ₹2605/- | ₹1558/- | ₹12,564/- |
| 7 | പി.കെ.മണികണ്ഠൻ (റൂം നം. 132) | 05/06(23), 05.01.2006 | ₹3352/- 2003-04 | ₹8067/- | ₹5460/- | ₹31,284/- |
| 8 | പി.പി.ഷറഫുദ്ദീൻ (റൂം നം. 72) | 28/08(7), 29.03.2008 | ₹6678/- (2007-08) | ₹13,428/- | ₹9445/- | ₹47,796/- |
| 9 | എം.റ്റി. മുഹമ്മദ് (റൂം നം. 73) | 28/08(7), 29.03.2008 | ₹5768/- (2007-08) | ₹11,598/- | ₹8156/- | ₹41,304/- |
| 10 | നസീർ എംബസി (റൂം നം. 74) | 28/08(7), 29.03.2008 | ₹8682/- (2007-08) | ₹17,458/- | ₹12,280/- | ₹62136/- |
| 11 | ജോസ് S/o മാത്യു (റൂം നം. 75) | 28/08(7), 29.03.2008 | ₹6108/- (2007-08) | ₹12,282/- | ₹8636/- | ₹43752/- |
| 12 | പി.ജെ.സേവ്യർ (റൂം നം. 56) | 28/08(7), 29.03.2008 | ₹16905/- (2007-08) | ₹33,993/- | ₹27,096/- | ₹82764/- |
| 13 | എം.രാമകൃഷ്ണൻ (റൂം നം. 156) | 34/08(10), 28.04.2008 | ₹3885/- (2007-08) | ₹7812/- | ₹5657/- | ₹25,860 /- |
| ആകെ | | | | | | ₹7,01,688/- |

(*)ക്രമ നമ്പർ 3 ഡിമാന്റ് രജിസ്റ്ററിൽ റൂം നം. 78 (മേരി സ്കറിയ) ന് 2021-22 വർഷത്തെ വാടക ഡിമാന്റ് ചെയ്തിട്ടില്ല. തൻവർഷം ഡിമാന്റ് ചെയ്യേണ്ട തുക ₹85,332/- ആണ്.

മേൽ കൊടുത്തിരിക്കുന്നത് പ്രകാരം തൻവർഷം നഗരസഭയ്ക്ക് ₹7,87,020 = (7,01,688 + 85,332) വരുമാന നഷ്ടമുണ്ടായിട്ടുണ്ട്.

ഓഡിറ്റ് പരാമർശത്തെ തുടർന്ന് 20.08.2015 - ന് നഗരസഭ മേൽ പറഞ്ഞ വാടകകാർക്ക് നോട്ടീസ് നൽകിയിട്ടുണ്ട് (നോട്ടീസ് നം. എ2 - 18874/15). വാടക കുറച്ച് നൽകിയത് നിയമവിരുദ്ധമായതിനാൽ ആയത് റദ്ദുചെയ്ത് നിയമാനുസൃതമായ വാടക കുടിശ്ശിക സഹിതം ഈടാക്കാൻ 2012-13 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ നിർദ്ദേശം നൽകിയിട്ടുള്ള സാഹചര്യത്തിൽ തുക ഒടുക്കേണ്ടതാണെന്നാണ് പ്രസ്തുത നോട്ടീസിൽ പറഞ്ഞിട്ടുള്ളത്. എന്നാൽ നിയമവിരുദ്ധമായ തീരുമാനം റദ്ദുചെയ്യാതെയും നഗരസഭയുടെ വാർഷിക കണക്കുകളിലേയും ഡിമാന്റ് രജിസ്റ്ററിലേയും ഡിമാന്റിൽ ഉൾപ്പെടുത്താതെയുമാണ് നഗരസഭ പ്രസ്തുത ഡിമാന്റ് നോട്ടീസ് നൽകിയിട്ടുള്ളത്. പ്രസ്തുത നോട്ടീസിനെ തുടർന്ന് മേൽ പറഞ്ഞ വാടകക്കാരിൽ ഒരാൾ ബഹു: ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്യുകയും (W.P.(C) No. 38783/2015) അവർക്കനുകൂലമായി വിധി സമ്പാദിക്കുകയും ചെയ്തിട്ടുണ്ട്.

ലേല വ്യവസ്ഥകൾക്കും 1998 ലെ കേരള പഞ്ചായത്ത് രാജ് കരാറുകാർക്കും പാട്ടക്കാർക്കും കിഴിവ് നൽകൽ ചട്ടങ്ങൾക്കും വിരുദ്ധമാണ് വാടക ഇളവനുവദിച്ച നടപടി എന്നുള്ളതായിരുന്നു ഓഡിറ്റ് പരാമർശം. പ്രസ്തുത വാടകക്കാരെ ഗ്രാമപഞ്ചായത്ത്/നഗരസഭയ്ക്ക് ഉണ്ടായ നഷ്ടത്തിന് ഉത്തരവാദിയായി കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടുകളിൽ ഒന്നിലും നിശ്ചയിച്ചിട്ടില്ല. തെറ്റായ തീരുമാനം എടുത്ത കാലത്തെ സെക്രട്ടറിയിൽ നിന്നും നിയമവിരുദ്ധമായ തീരുമാനം റദ്ദുചെയ്ത് മുഴുവൻ വാടകയും ഈടാക്കാൻ നടപടികൾ സ്വീകരിക്കാതിരുന്ന, അതത് കാലത്തെ സെക്രട്ടറിമാരിൽ നിന്നും തുക ഈടാക്കുന്നതിനാണ് ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശിച്ചിട്ടുള്ളത്. മേൽപറഞ്ഞ വിധിന്യായത്തിലും ഓഡിറ്റ് കണ്ടത്തെലിൽ തെറ്റുള്ളതായി പറഞ്ഞിട്ടില്ല. എന്നു മാത്രമല്ല മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിലും പരാമർശം ഉണ്ടായിരിന്നിട്ടും നഷ്ടത്തിന് ഉത്തരവാദികളായവരിൽ നിന്നും തുക ഈടാക്കാൻ നടപടി സ്വീകരിച്ചിട്ടില്ല എന്നും പരാമർശിച്ചിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ തീരുമാനം തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടിട്ടും ആയത് തിരുത്താൻ ശ്രമിക്കാതെ ഓഡിറ്റ് തടസ്സം ചൂണ്ടികാട്ടിയാണ് പ്രസ്തുത വാടകക്കാരിൽ നിന്നും തുക ഈടാക്കുന്നതിന് നോട്ടീസ് നൽകിയിട്ടുള്ളത്. മേൽ നടപടിയിൽ നിന്നും ഓഡിറ്റ് പരാമർശം ഉള്ളതു കൊണ്ട് മാത്രമാണ് പ്രസ്തുത കക്ഷികളിൽ നിന്നും തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിച്ചതെന്നും നിയമവിരുദ്ധമായ തീരുമാനവുമായി മുന്നോട്ട് പോകാനാണ് നഗരസഭ താല്പര്യപ്പെടുന്നതെന്നുമാണ് വ്യക്തമാകുന്നത്. കാലാകാലങ്ങളിൽ ഉള്ള ഓഡിറ്റ് റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും തുക ഈടാക്കാൻ നഗരസഭ നടപടികൾ സ്വീകരിച്ചിട്ടുമില്ല.

മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടിലെ നിർദ്ദേശ പ്രകാരം നിയമ വിരുദ്ധമയി വാടക ഇളവ് അനുവദിച്ചതു മൂലം ഗ്രാമപഞ്ചായത്ത്/നഗരസഭയ്ക്കുണ്ടായ നഷ്ടം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ ഹാജരാക്കുന്നതിനും, ഇല്ലെങ്കിൽ ആയതിനും നിയമവിരുദ്ധമായ തീരുമാനം റദ്ദ് ചെയ്ത് തൻവർഷം മേൽപറഞ്ഞ ഇളവ് നൽകിയ മുറികളുടെ മുഴുവൻ വാടകയും ഡിമാന്റ് ചെയ്യാത്തതിനും വിശദീകരണം ലഭ്യമാക്കാനും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (ഓഡിറ്റ് എൻക്വയറി നം. 39/21-22, തീയതി 06/10/2022) സെക്രട്ടറി മറുപടി നൽകിയിട്ടില്ല.

നിയമ വിരുദ്ധമായ തീരുമാനം റദ്ദ് ചെയ്യാത്തതിനാൽ തൻവർഷം നഗരസഭയ്ക്കുണ്ടായ വരുമാന നഷ്ടം ₹7,87,020/- രൂപയാണ് പ്രസ്തുത വിഷയം കൗൺസിലിന്റെ മുമ്പിൽ അവതരിപ്പിക്കുന്നതിൽ വീഴ്ചവരുത്തിയ ഉദ്യോഗസ്ഥരിൽ നിന്നും ഈ തുക ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-26 കെട്ടിട വാടക - ഇളവ് അനുവദിച്ചതിൽ ക്രമക്കേട്

തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ളതും വാടകയ്ക്ക് നൽകിയിരിക്കുന്നതുമായ കടമുറികളുടെ വാടക അവരവരുടെ ധനസ്ഥിതി കൂടി പരിഗണിച്ച് 2021 ജൂലൈ മുതൽ 2021 ഡിസംബർ വരെ ഒഴിവാക്കി നൽകുന്നതിന് കോവിഡ് രണ്ടാം തരംഗത്തിന്റെ ഭാഗമായി 06.11.2021 ലെ സ.ഉ(കൈ)നം. 261/2021/തസ്വഭവ പ്രകാരം അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ 40 വാടകമുറികൾക്ക് 16.02.2022 -ലെ ഭരണസമിതിയുടെ 10 -ാംനമ്പർ തീരുമാന പ്രകാരം ഇളവനുവദിച്ചിട്ടുണ്ട്. എന്നാൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ 2021-22 വർഷത്തെ മിനുട്ടസ് ബുക്ക് പരിശോധിച്ചതിൽ വാടക ഇളവിന് ശിപാർശ ചെയ്തതായി കാണുന്നില്ല. 16.02.2022 -ലെ ഭരണസമിതി യോഗ മിനുട്ടസ് (പേജ് നം. 202) പ്രകാരം 44 പേരാണ് ഇളവിന് അപേക്ഷിച്ചിട്ടുള്ളത്. മേൽ പറഞ്ഞ ഭരണസമിതി തീരുമാന പ്രകാരം ഇളവ് അനുവദിച്ച മുറികൾക്ക് പുറമേ വാടക ഡിമാന്റ് രജിസ്റ്റർ അനുസരിച്ച് 51 മുറികൾക്കുകൂടി വാടകയിൽ ഇളവ് അനുവദിച്ചതായി കാണുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | മുറി നം. | കൈവശക്കാരൻ | പ്രതിമാസ വാടക | 2021-22 -ൽ ഡിമാന്റ് ചെയ്ത ആകെ തുക | ഇളവനുവദിച്ച തുക |
|---|---|---|---|---|---|
| 1 | 9 | തോമസ് തെറ്റയിൽ | 2504 | 17528 | 17528 |

| | | | | | |
|---|---|---|---|---|---|
| 2 | 10 | ടി. വി. ജോർജ്ജ് തെറ്റയിൽ | 2046 | 14322 | 14322 |
| 3 | 15 | ഹുസൈൻ | 1411 | 8466 | 8466 |
| 4 | 17 | അബൂബക്കർ | 1337 | 8022 | 8466 |
| 5 | 18 | ടി. ഹംസ | 1766 | 10596 | 10596 |
| 6 | 19 | ടി. ഹംസ | 1458 | 8748 | 8748 |
| 7 | 55 | അൻവർ | 6601 | 39606 | 39606 |
| 8 | 60 | ടി. കുമാരൻ | 1652 | 9912 | 9912 |
| 9 | 62 | പി. ബാലൻ | 1652 | 14868 | 4956 |
| 10 | 67 | പി. ചന്ദ്രൻ | 1021 | 6126 | 6126 |
| 11 | 75 | ജോസ് ചിറ്റാലിൽ | 8638 | 51816 | 51816 |
| 12 | 77 | കെ.ടി. അരനിന്ദാക്ഷൻ | 9821 | 58926 | 58926 |
| 13 | 85 | സെക്രട്ടറി, കേരള ബുക്ക് മാർക്ക് | 5133 | 35931 | 25665 |
| 14 | 87 | എം.എൻ. പ്രകാശൻ | 2924 | 17544 | 17544 |
| 15 | 91 | കെ.സി. സൈമൺ | 3614 | 21684 | 21684 |
| 16 | 92 | എം.പി. ഹംസ | 3439 | 20634 | 20634 |
| 17 | 94 | ഷംസുദ്ദീൻ | 2578 | 15468 | 15468 |
| 18 | 95 | ഷാജഹാൻ | 2767 | 16602 | 16602 |
| 19 | 105 | ഹംസ എം.ബി. | 1072 | 7504 | 5360 |
| 20 | 107 | എം.സി. പീറ്റർ | 1111 | 6666 | 6666 |
| 21 | 120 | ഷഹാബ് ജാൻ | 966 | 5796 | 5796 |
| 22 | 121 | ശശീന്ദ്രൻ പി.കെ. | 1171 | 7026 | 7026 |
| 23 | 122 | ഷഹാബ് ജാൻ | 966 | 5796 | 5796 |
| 24 | 123 | ഷെയ്ക്ക് റിയാസ് | 1171 | 7026 | 7026 |
| 25 | 128 | സലിം രാജൻ | 2756 | 16536 | 16536 |
| 26 | 134 | പാർത്ഥൻ പട്ടേ | 3105 | 18630 | 18630 |
| 27 | 135 | കെ.എം. വർഗ്ഗീസ് | 3417 | 20502 | 20502 |
| 28 | 157A(*) | ഡോ. സണ്ണി ജോർജ്ജ് | 4079 | 24474 | 24474 |
| 29 | 157B(*) | ഡോ. സണ്ണി ജോർജ്ജ് | 4079 | 24474 | 24474 |
| 30 | 161 | ജോജി എൽദോ | 6223 | 37338 | 37338 |
| 31 | 162 | ബീന ജോജി | 7075 | 42450 | 42450 |
| 32 | 167 | ശശി പാട്ടശ്ശേരി കോളനി | 2377 | 14262 | 14262 |
| 33 | 169(*) | ഗോപിനാഥൻ | 2574 | 14262 | 14262 |
| 34 | 176 | നൗഷാദ് എൻ.കെ. | 11466 | 68796 | 68796 |
| 35 | 178(*) | റഹിം എ.കെ. | 11356 | 68136 | 68136 |
| 36 | 179 | കെ. കരീം | 11356 | 68136 | 68136 |
| 37 | 181(1) | നിസ്സാർ | 5843 | 35058 | 35058 |
| 38 | 181(2) | നിസ്സാർ | 5843 | 35058 | 35058 |
| 39 | 181(3) | സിദ്ധിക്ക് ടി.വി. | 5843 | 35058 | 35058 |
| 40 | 181(4) | സിദ്ധിക്ക് ടി.വി. | 5843 | 35058 | 35058 |
| 41 | 181(5) | അസ്സീസ് കുടത്താൾ | 5843 | 35058 | 35058 |
| 42 | 181(6) | അസ്സീസ് കുടത്താൾ | 5843 | 35058 | 35058 |
| 43 | 181(7) | മാമു കെ. | 5843 | 35058 | 35058 |
| 44 | 181(8) | സലീം എ.കെ. | 5843 | 35058 | 35058 |

| | | | | | |
|---|---|---|---|---|---|
| 45 | 181(11) | കരീം കെ | 3638 | 21828 | 21828 |
| 46 | 181(12) | റിയാസ് കൂടത്താൾ | 3859 | 23154 | 23154 |
| 47 | 181(22) | നിസ്സാർ കെ | 3638 | 21828 | 21828 |
| 48 | 181(23) | നിസ്സാർ കെ | 3638 | 21828 | 21828 |
| 49 | 181(27) | അബ്ദുൾ അസീസ് | 3969 | 23814 | 23814 |
| 50 | 181(28) | സിറാജുദ്ദീൻ | 4300 | 25800 | 25800 |
| 51 | Ice Plant | നിസ്സാർ കെ | 11356 | 68136 | 68136 |
| ഭരണസമിതിയുടെ അംഗീകാരമില്ലാതെ ആകെ കിഴിവ് അനുവദിച്ച തുക | | | | | 12,99,583/- |

(*)ഡി.സി.ബി. പത്രിക അനുസരിച്ച് വാടക ഡിമാന്റ് ചെയ്തിട്ടില്ല.

മേൽപറഞ്ഞ വാടക മുറികൾക്ക് ഇളവനുവദിച്ചതിന് ആധാരമായ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. വാടക ഇളവിന് അപേക്ഷിക്കാത്തതും ഭരണസമിതി ഇളവനുവദിക്കാത്തതുമായ വാടകക്കാർക്കാണ് ഇളവനുവദിച്ചതായി കാണുന്നത്. ക്രമ വിരുദ്ധമായി മേൽപട്ടികയിൽ പറഞ്ഞിട്ടുള്ള വാടകാർക്ക് ഇളവനുവദിച്ചതുമൂലം ₹12,99,583/- നഗരസഭയ്ക്ക് വരുമാന നഷ്ടമുണ്ടായിട്ടുണ്ട്.

സർക്കാർ ഉത്തരവ് പ്രകാരം 2021 ജൂലൈ മുതൽ 2021 ഡിസംബർ വരെ ഓഴിവാക്കി നൽകുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. എന്നാൽ കൗൺസിൽ തീരുമാനപ്രകാരം ഇളവനുവദിച്ച ചിലർക്ക് പ്രസ്തുത കാലയളവിന് പുറമേ മറ്റ് മാസങ്ങളിലും ഇളവ് നൽകിയതായി കാണുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | മുറി നം. | കൈവശക്കാരൻ | പ്രതിമാസ വാടക | സർക്കാർ ഉത്തരവ് പ്രകാരമല്ലാതെ ഇളവനുവദിച്ച മാസങ്ങൾ | അനധികൃതമായി അനുവദിച്ച ആകെ ഇളവ് തുക |
|---|---|---|---|---|---|
| 1 | 1 | ബാബു കെ. | 6107 | 01/2022 | 6107 |
| 2 | 7 | ഉണ്ണികൃഷ്ണൻ | 604 | 01/2022 മുതൽ 03/2022 വരെ | 1812 |
| 3 | 21 | കുഞ്ഞുമുഹമ്മദ് | 1458 | 02/2022, 03/2022 | 2916 |
| 4 | 56 | പി.ജെ. സേവ്യർ | 27096 | 01/2022 മുതൽ 03/2022 വരെ | 81288 |
| 5 | 63 | സഫിയ താഴാടൻ | 1658 | 01/2022 മുതൽ 03/2022 വരെ | 4974 |
| 6 | 64 | സഫിയ താഴാടൻ | 922 | 01/2022 മുതൽ 03/2022 വരെ | 2766 |
| 7 | 82 | അബ്ദുൾ കരിം | 3277 | 01/2022 മുതൽ 03/2022 വരെ | 9831 |
| 8 | 89 | ടി. ശിവദാസൻ | 2338 | 01/2022 മുതൽ 03/2022 വരെ | 7014 |
| 9 | 93 | ഏലിയാമ ചെറിയാൻ | 2841 | 01/2022 മുതൽ 03/2022 വരെ | 8523 |
| 10 | 103 | സുനിത മാങ്കൊമ്പിൽ | 1617 | 01/2022 മുതൽ 03/2022 വരെ | 4851 |
| 11 | 108 | ബെന്നി ജോസഫ് | 11490 | 01/2022 | 11490 |
| 12 | 109 | ഫിലോമ ജോർജ്ജ് | 42230 | 01/2022 | 42230 |
| 13 | 114 | ജയരാജൻ | 1282 | 01/2022, 02/2022 | 2564 |
| 14 | 117 | ഫിലോമ ജോർജ്ജ് | 11752 | 01/2022 | 11752 |
| 15 | 118 | ഫിലോമ ജോർജ്ജ് | 2550 | 01/2022 | 2550 |
| 16 | 124 | അഡ്വ. ഷാജു കല്ലോലിക്കൽ | 2610 | 01/2022 മുതൽ | 7830 |

| | | | | | |
|---|---|---|---|---|---|
| | | | | 03/2022 വരെ | |
| 17 | 158 | സെക്രട്ടറി, വയനാട് ജില്ലാ ഫാർമേഴ്സ് മാർക്കറ്റിംഗ് കോ-ഓപ്പ്. സൊസൈറ്റി | 4716 | 03/2022 | 4716 |
| 18 | 163 | കെ.കെ. തങ്കമണി | 4243 | 01/2022 മുതൽ 03/2022 വരെ | 12729 |
| സർക്കാർ ഉത്തരവിൽ പറയാത്ത മാസങ്ങളിൽ ഇളവ് അനുവദിച്ച ആകെ തുക | | | | | 225943 |

16.02.2022 -ലെ ഭരണസമിതിയോഗത്തിലും സർക്കാർ ഇളവനുവദിച്ച 2021 ജൂലൈ മുതൽ 2021 ഡിസംബർ വരെ കാലയളവിലെ വാടക ഒഴിവാക്കി നൽകാനാണ് തീരുമാനിച്ചിട്ടുള്ളത്. എന്നാൽ സർക്കാർ അനുമതിക്കും ഭരണസമിതി തീരുമാനത്തിനും പുറമേ ക്രമവിരുദ്ധമായി മറ്റു കാലയളവിലേക്ക് ഇളവനുവദിച്ചത് കാരണം മേൽ പട്ടികയിൽ പറഞ്ഞിരിക്കുന്നതു പ്രകാരം ₹2,25,943/- നഗരസഭയ്ക്ക് വരുമാന നഷ്ടമുണ്ടായിട്ടുണ്ട്.

സർക്കാർ ഉത്തരവിൽ വാടകക്കാരുടെ ധനസ്ഥിതി കൂടി പരിഗണിച്ച് ഇളവ് അനുവദിക്കുന്നതിനാണ് അനുമതി നൽകിയിട്ടുള്ളത്. റവന്യു ഇൻസ്പക്ടറുടെ അന്വേഷണ റിപ്പോർട്ട് അനുസരിച്ച് (16.02.2022 -ലെ ഭരണസമിതി യോഗ മിനുട്ട്സിൽ രേഖപ്പെടുത്തിയത്) കടകൾ തുറന്ന് പ്രവർത്തിച്ചിട്ടില്ല എന്ന് രേഖപ്പെടുത്തിയിട്ടുള്ള മാസങ്ങൾക്ക് പുറമേ മറ്റ് മാസങ്ങൾക്കും താഴെ പറയുന്ന മുറികൾക്ക് ഇളവ് അനുവദിച്ചതായി കാണുന്നു.

| ക്രമ നം. | മുറി നം. | കൈവശക്കാരൻ | പ്രതിമാസ വാടക | ഇളവ് അനുവദിച്ച മാസങ്ങൾ | റവന്യു ഇൻസ്പക്ടറുടെ അന്വേഷണ റിപ്പോർട്ട് | അനധികൃതമായി അനുവദിച്ച ആകെ ഇളവ് തുക |
|---|---|---|---|---|---|---|
| 1 | 79 | മുഹമ്മദ് ഫസൽ | 3930 | 07/2021 മുതൽ 12/2021 | ഏപ്രൽ മുതൽ ആഗസ്റ്റ് വരെ പ്രവർത്തിച്ചിട്ടില്ല. | 15720 (09/21 മുതൽ 12/21 വരെ) |
| 2 | 81(*) | പി.പി. മുഹമ്മദ് ബഷീർ | 5501 | 7/2021 മുതൽ 12/2021 | ഏപ്രൽ മുതൽ ജൂലൈ വരെ പ്രവർത്തിച്ചിട്ടില്ല. | 27505 (08/21 മുതൽ 12/21 വരെ) |
| 3 | 82 | അബ്ദുൾ കരീം | 3277 | 10/2021 മുതൽ 03/2022 | ഏപ്രൽ മുതൽ ജൂലൈ വരെ പ്രവർത്തിച്ചിട്ടില്ല. | 9831 (#) (10/21 മുതൽ 12/21 വരെ) |
| 4 | 89 | ജെ ശിവദാസൻ | 2338 | 10/2021 മുതൽ 03/2022 | ഏപ്രൽ മുതൽ ആഗസ്റ്റ് വരെ പ്രവർത്തിച്ചിട്ടില്ല. | 7014 (#) (09/21 മുതൽ 12/21 വരെ) |
| 5 | 108 | ബെന്നി ജോസഫ് | 11490 | 08/2021 മുതൽ 01/2022 | ഏപ്രൽ മുതൽ ആഗസ്റ്റ് വരെ പ്രവർത്തിച്ചിട്ടില്ല. | 45960 (#) (09/21 മുതൽ 12/21 വരെ) |
| 6 | 117 | ഫിലോമ ജോർജ്ജ് | 11752 | 08/2021 മുതൽ 01/2022 | ഏപ്രൽ മുതൽ ആഗസ്റ്റ് വരെ പ്രവർത്തിച്ചിട്ടില്ല. | 47008 (#)(09/21 മുതൽ 12/21 വരെ) |
| 7 | 118 | ഫിലോമ ജോർജ്ജ് | 2550 | 08/2021 മുതൽ 01/2022 | ഏപ്രൽ മുതൽ ആഗസ്റ്റ് വരെ പ്രവർത്തിച്ചിട്ടില്ല. | 10200 (#)(09/21 മുതൽ 12/21 വരെ) |
| റവന്യു ഇൻസ്പക്ടറുടെ അന്വേഷണ റിപ്പോർട്ട് അനുസരിച്ച് അർഹതയില്ലാത്ത മാസങ്ങളിലെ വടക ഇളവ് അനുവദിച്ചതിന്റെ ആകെ തുക | | | | | | 1,63,238 |

(*)ഡി.സി.ബി. പത്രിക അനുസരിച്ച് വാടക ഡിമാന്റ് ചെയ്തിട്ടില്ല.

(#) രണ്ടാമത്തെ പട്ടികയിലെ യഥാക്രമം ക്രമ നമ്പർ 7, 8, 11, 14, 15 എന്നിവ കാണുക.

കടകൾ തുറന്ന് പ്രവർത്തിച്ചതായി റവന്യു ഇൻസ്പകർ റിപ്പോർട്ട് ചെയ്ത മാസങ്ങൾക്കും വാടക ഇളവനുവദിച്ചതിനാൽ നരസഭയ്ക്ക് മേൽ പറഞ്ഞ പ്രകാരം ₹1,63,238/- യുടെ വരുമാന നഷ്ടമുണ്ടായിട്ടുണ്ട്.

മേൽ പറഞ്ഞിരിക്കുന്നത് പ്രകാരം ക്രമ വിരുദ്ധമായ നടപടികൾ മൂലം തൻവർഷം കെട്ടിട വാടകയിനത്തിൽ നഗരസഭയ്ക്ക് ഒട്ടാകെ ₹16,88,764/- (12,99,583 + 2,25,943 + 1,63,238) യുടെ വരുമാന നഷ്ടമുണ്ടിയിട്ടുണ്ട്. പ്രസ്തുത വിഷയം സംബന്ധിച്ച് 30/09/2022 -ലെ ഓഡിറ്റ് എൻക്വയറി നം. 26/21-22-ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടില്ല. നഗരസഭയ്ക്കുണ്ടായ വരുമാന നഷ്ടം ഉത്തരവാദിയായ ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-27 മത്സ്യകൃഷിക്ക് നഗരസഭ ഫണ്ടിൽ നിന്നും അധിക തുക അനുവദിച്ചു.

സ.ഉ(സാധാ)നം.1009/2020/തസ്വഭവ/29.05.2020 പ്രകാരം സുഭിക്ഷ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യകൃഷിക്ക് ധനസഹായം നൽകുന്നതിന് ഫിഷറീസ് എക്സ്റ്റൻഷൻ ഓഫീസർ താഴെ പറയുന്ന പ്രോജക്കുകൾ

നടപ്പിലാക്കിയിട്ടുണ്ട്.

| ക്രമ നം. | പ്രോജക്റ്റ് | അടങ്കൽ | ചെലവ് | ചെക്ക് നം., തീയതി |
|---|---|---|---|---|
| 1 | എസ്.0637/22, വീട്ടുവളപ്പിൽ പടുത കുളങ്ങളിൽ മത്സ്യകൃഷി | 360800 (തനത് ഫണ്ട്)<br>180400 (സംസ്ഥാനവിഷ്കൃത ഫണ്ട്)<br>811800 (ഗു.വിഹിതം)<br>ആകെ:₹13,53,000/- | ₹358500/- (തനത് ഫണ്ട്) | 10015160/23.03.2022 |
| 2 | എസ്.0696/22, ബയെഫ്ലോക്ക് മത്സ്യകൃഷി | 73600 (തനത് ഫണ്ട്)<br>36800 (സംസ്ഥാനവിഷ്കൃത ഫണ്ട്)<br>165600 (ഗു.വിഹിതം)<br>ആകെ:₹2,76,000/- | ₹70072/- (തനത് ഫണ്ട്) | -ടി- |
| ആകെ ചെലവ് | | | ₹428572/- | |

ആദ്യത്തെ പ്രോജക്റ്റ് പ്രകാരം 11 ഗുണഭോക്താക്കൾക്കും രണ്ടാമത്തെ പ്രോജക്റ്റ് പ്രകരം 2 ഗുണഭോക്താക്കൾക്കുമാണ് ധനസഹായം നൽകിയിട്ടുള്ളത്.

മേൽ പറഞ്ഞ സർക്കാർ ഉത്തരവനുസരിച്ച് പൊതുവിഭാഗം ഗുണഭോക്താക്കൾക്ക് യൂണിറ്റ് ചെലവിന്റെ 40% തുക ധനസഹായം അനുവദിക്കാവുന്നതാണ്. സബ്സിഡി തുകയുടെ മൂന്നിൽ രണ്ട് വിഹിതം തദ്ദേശഭരണ സ്ഥാപനവും മൂന്നിൽ ഒന്ന് വിഹിതം ഫിഷറീസ് വകുപ്പും വഹിക്കേണ്ടതാണ്. എന്നാൽ മേൽ പറഞ്ഞ പ്രോജക്ടുകൾ നടപ്പിലാക്കിയപ്പോൾ മുഴവൻ ധനസഹായവും നഗരസഭ ഫണ്ടിൽ നിന്നുമാണ് നൽകിയിട്ടുള്ളത്. ധനസഹായം അനുവദിച്ചതിന്റെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ഗുണഭോക്താവിന്റെ കണക്കുകൾ പ്രകാരം യൂണിറ്റ് ചെലവ് | സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരിമിതപ്പെടുത്തിയത് പ്രകാരം യൂണിറ്റ് ചെലവ് | യൂണിറ്റ് ചെലവിന്റെ 40% (സബ്സിഡി തുക) | നഗരസഭ വിഹിതമായി നൽകാമായിരുന്ന ധനസഹായം (സബ്സിഡി തുകയുടെ 2/3) |
|---|---|---|---|---|---|
| വീട്ടുവളപ്പിൽ പടുത കുളങ്ങളിൽ മത്സ്യകൃഷി | | | | | |
| 1 | മൊയ്തീൻകുട്ടി | 91720 | 82000 | 32800 | 21867 |
| 2 | യൂസഫ് ടി. | 94005 | 82000 | 32800 | 21867 |
| 3 | അബ്ദുൾ ഗഫൂർ | 92955 | 82000 | 32800 | 21867 |
| 4 | പീറ്റർ കെ.ഇ. | 95905 | 82000 | 32800 | 21867 |
| 5 | ഷാജി കെ.വി. | 88245 | 79300 | 31720 | 21147 |
| 6 | കുര്യാക്കോസ് ഇ. എം. | 89076 | 81051 | 32420 | 21613 |
| 7 | സൗജ ചീനിക്കൽ | 89125 | 82000 | 32800 | 21867 |
| 8 | പുഷ്പലത എളൂതടത്തിൽ | 89213 | 82000 | 32800 | 21867 |
| 9 | ഷാന ടി. പി. | 86408 | 82000 | 32800 | 21867 |
| 10 | ജോൺസൺ മാത്യു | 89168 | 80900 | 32360 | 21573 |
| 11 | മൊയ്തു കെ. | 89213 | 81000 | 32400 | 21600 |
| ബയെഫ്ലോക്ക് മത്സ്യകൃഷി | | | | | |
| 1 | ജോസി തോമസ് | 102930 | 86945 | 34778 | 23185 |
| 2 | ചന്ദ്രശേഖരൻ | 113790 | 88234 | 35294 | 23529 |

| | | |
|---|---|---|
| ആകെ | ₹428572/- | ₹285716/- |

സർക്കാർ ഉത്തരവനുസരിച്ച് നഗരസഭ ഫണ്ടിൽ നിന്നും സബ്‌സിഡി ഇനത്തിൽ അനുവദിക്കാമായിരുന്ന ആകെ തുക മേൽ കൊടുത്തിരിക്കുന്നത് പ്രകാരം ₹285716/- ആയിരുന്നു. എന്നാൽ 40% സബ്‌സിഡി തുകയും നഗരസഭ ഫണ്ടിൽ നിന്നും അനുവദിച്ചതിനാൽ ₹142856/- (428572 - 285716) നഗരസഭയ്ക്ക് നഷ്ടമുണ്ടായിട്ടുണ്ട്.

മറ്റ് ന്യൂനതകൾ

1. പദ്ധതി മാർഗ്ഗരേഖ (സ.ഉ.(കൈ)നം. 17/2018/തസ്വഭവ, തീയതി 02.02.2018) ഖണ്ഡിക 11.3പ്രകാരം ഗുണഭോക്തൃ ലിസ്റ്റിലെ മുൻഗണന പ്രകാരമാണ് ധനസഹായം അനുവദിക്കേണ്ടത്. എന്നാൽ ഗുണഭോക്തൃലിസ്റ്റിലെ ക്രമ പ്രകാരമല്ല മേൽ പറഞ്ഞ പ്രോജക്ടുകളുടെ ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയിട്ടുള്ളത്. വീട്ടുവളപ്പിൽ പടുത കുളങ്ങളിൽ മത്സ്യകൃഷി എന്ന പ്രോജക്ടിന്റെ ഗുണഭോക്തൃ ലിസ്റ്റിൽ 98 ഗുണഭോക്താക്കളും ബയഫ്ലോക്ക് മത്സ്യകൃഷി എന്ന പ്രോജക്ടിന്റെ ഗുണഭോക്തൃ ലിസ്റ്റിൽ 38 ഗുണഭോക്താക്കളുമാണ് ഉണ്ടായിരുന്നത് (ഭരണ സമിതി തീരുമാന നമ്പർ 16/16.10.21). ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ ഗുണഭോക്തൃലിസ്റ്റിലെ ക്രമ നമ്പർ താഴെ കൊടുക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് | ഗുണഭോക്തൃലിസ്റ്റിലെ ക്രമ നമ്പർ |
|---|---|---|
| വീട്ടുവളപ്പിൽ പടുത കുളങ്ങളിൽ മത്സ്യകൃഷി | | |
| 1 | മൊയ്തീൻകുട്ടി പി.ജി. | 9 |
| 2 | യൂസഫ് ടി. | 10 |
| 3 | അബ്ദുൾ ഗഫൂർ കല്ലുക്കൻപാറ | 12 |
| 4 | പീറ്റർ കെ.ഇ. | 28 |
| 5 | ഷാജി കെ.വി. | 53 |
| 6 | കുര്യാക്കോസ് ഇ. എം. | 58 |
| 7 | സൗജ ചീനിക്കൽ | 75 |
| 8 | പുഷ്പലത എളൂതടത്തിൽ | 79 |
| 9 | ഷാന ടി. പി. | 88 |
| 10 | ജോൺസൺ മാത്യു | 97 |
| 11 | മൊയ്തു കെ. | 98 |
| ബയഫ്ലോക്ക് മത്സ്യകൃഷി | | |
| 1 | ജോസി തോമസ് | 21 |
| 2 | ചന്ദ്രശേഖരൻ പുറമാത്തിൽ | 32 |

2. പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 11.3. (14) അനുസരിച്ച് അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിലെ മുഴുവൻ ഗുണഭോക്താക്കൾക്കും ആനുകൂല്യം നൽകിയതിന് ശേഷം മാത്രമേ വീണ്ടും പുതിയ ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കാവൂ. സമാനസ്വഭാവമുള്ള പ്രോജക്ട് തുടർ വർഷങ്ങളിൽ പദ്ധതിയിൽ ഉൾപ്പെടുത്തുന്നുണ്ടെങ്കിൽ പ്രസ്തുത പ്രോജക്ടിന് വേണ്ട ഗുണഭോക്താക്കളെയും ആദ്യം അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റിൽ നിന്നും മുൻഗണനാ ക്രമത്തിൽ എടുക്കേണ്ടതാണ്.

2020-21 വർഷത്തിൽ പ്രോജക്ട് നമ്പർ എസ്0643/21 പ്രകാരം വീട്ടുവളപ്പിൽ പടുത കുളങ്ങളിൽ മത്സ്യകൃഷി നടത്തുന്നതിന് ആനുകൂല്യം നൽകുന്നതിന് പ്രോജക്ട് നടപ്പിലാക്കിയിരുന്നു. 13 ഗുണഭോക്താക്കൾക്കാണ് ഈ പ്രോജക്ട് പ്രകാരം ധനസഹായം നൽകിയിട്ടുള്ളത് (അടങ്കൽ - ₹20 ലക്ഷം, ചെലവ് ₹4,23,084/-). പ്രസ്തുത പ്രോജക്ടിന്റെ ഗുണഭോക്തൃലിസ്റ്റിൽ 136 ഗുണഭോക്താക്കളാണുണ്ടായിരുന്നത്. ഗുണഭോക്തൃലിസ്റ്റിലെ ബാക്കി ഗുണഭോക്താക്കളെ 2021-22 വർഷത്തെ പ്രോജക്ടിൽ പരിഗണിച്ചിട്ടില്ല.

3. പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 13 അനുസരിച്ച് പ്രോജക്ട് മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പ് നടത്തേണ്ടതാണ്. എന്നാൽ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 11.4 അനുസരിച്ചുള്ള പൂർത്തീകരണ പത്രവും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

4. 06.04.2006 -ലെ ജി.ഒ.(പി) നം.177/2006/ധനം ഖണ്ഡിക 18.3 പ്രകാരം നിർവ്വഹണ ഉദ്യോഗസ്ഥർ ടി.ആർ. 7എ ക്യാഷ് ബുക്കിൽ ഡിപ്പാർട്ട്മെന്റ് ഫണ്ടിന്റെയും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഫണ്ടിന്റെയും വരവുചെലവ് വിവരം രേഖപ്പെടുത്തേണ്ടതാണ്. എന്നാൽ പ്രസ്തുത നിർദ്ദേശം പാലിച്ചിട്ടില്ല. നഗരസഭ ഫണ്ടിന് പ്രത്യേകം ക്യാഷ് ബുക്കാണ് സൂക്ഷിച്ചിട്ടുള്ളത്.

ഓഡിറ്റ് എൻക്വയറി നം. 05/21-22, തീയതി 24/09/2022 -ന് നിർവ്വഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പറഞ്ഞ പദ്ധതികളുടെ ആകെ ചെലവ് ₹428572/- ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. നഗരസഭ ഫണ്ടിൽ നിന്നും

അധിക തുക അനുവദിച്ചതിനും മറ്റ് ന്യൂനതകൾക്കും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-28 ഫിറ്റ്നസ്സില്ലാത്ത വാഹനം വാടകയ്ക്കെടുത്ത് പദ്ധതി നിർവ്വഹണത്തിന് ആവശ്യമായ യാത്രകൾക്ക് ഉപയോഗിച്ചു.

തനത് ഫണ്ട് വിനിയോഗിച്ച് മെഡിക്കൽ ഓഫീസർ (പി.എച്ച്.സി. ചെതലയം) തൻവർഷം താഴെ പറയുന്ന പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്

| ക്രമ നം. | പ്രോജക്ട് | അടങ്കൽ | ചെലവ് | ബിൽ നം./തീയതി |
|---|---|---|---|---|
| 1 | എസ്. 0275/22, ഫീൽഡുതല പ്രതിരോധ കുത്തിവയ്പ്പ് | ₹2,00,000/- | ₹58,299/-<br>₹6,971/-<br>₹6,722/- | 208/21.01.2022<br>277/26.02.2022<br>535/30.03.2022 |
| | | ആകെ | ₹71,992/- | |
| 2 | എസ്.0711/22, ആന്റിനെറ്റൽ കെയർ | ₹50,000/- | ₹41,790/- | 342/28.02.2022 |
| ആകെ ചെലവ് | | | ₹1,13,782/- | |

വ്യത്യസ്ത തീയതികളിൽ പല സ്ഥാപനങ്ങളിൽ പ്രതിരോധ കുത്തിവയ്പ്പിന് പോയതിന് വാഹന വാടകയിനത്തിലുള്ള ചെലവാണ് ആദ്യത്തെ പ്രോജക്ട് പ്രകാരമുള്ള ചെലവ്. എസ്.ടി. വിഭാഗത്തിൽപ്പെട്ട ഗർഭിണികളായ സ്ത്രീകൾക്ക് ചികിത്സ ലഭ്യമാക്കുന്നതിന് ചെലവഴിച്ച വാഹന വാടകയാണ് രണ്ടാമത്തെ പ്രോജക്ട് പ്രകാരമുള്ള ചെലവ്. ക്വട്ടേഷൻ നടപടികളിലൂടെ തിരഞ്ഞെടുത്ത ശ്രീ. എൻ. പി. വിനു എന്നയാളുടെ KL-12 3103 എന്ന വാഹനത്തിന്റെ ട്രിപ്പ് ഷീററിന്റെ അടിസ്ഥാനത്തിലാണ് മേൽ പറഞ്ഞ രണ്ട് പ്രോജക്ടുകൾ പ്രകാരമുള്ള യാത്രകൾനടത്തിയതിനുള്ള വാടക അനുവദിച്ചിട്ടുള്ളത്. എന്നാൽ ഓഡിറ്റിന് ഹാജരാക്കിയ ക്വട്ടേഷൻ നടപടികളുടെ രേഖകൾ അനുസരിച്ച് 1993 മോഡലായ പ്രസ്തുത വാഹനത്തിന്റെ ഫിറ്റ്നസ് കാലാവധി 05.10.2010 -ന് അവസാനിച്ചിട്ടുണ്ട്. ആയതിന് ശേഷം ഫിറ്റ്നസ് പുതുക്കിയതിന്റെ രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

മേൽ പറഞ്ഞതിന് പുറമേ ഒന്നാമത്തെ പ്രോജക്ട് പ്രകാരം കുത്തിവെയ്പ്പുകൾ നടത്തിയ സ്ഥലങ്ങളും തീയതിയും കുത്തിവയ്പ്പ് എടുത്തവരുടെ എണ്ണവും മറ്റ് വിവരങ്ങളും അടങ്ങുന്ന യാതൊരു രേഖകളും ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. പദ്ധതി മാർഗ്ഗരേഖ (സ.ഉ.(കൈ)നം. 17/2018/തസ്വഭവ, തീയതി 02.02.2018) ഖണ്ഡിക 13 അനുസരിച്ച് പ്രോജക്ട് മോണിറ്ററിംഗ് അതാത് വർക്കിംഗ് ഗ്രൂപ്പ് നടത്തേണ്ടതാണ്. എന്നാൽ മോണിറ്ററിംഗ് റിപ്പോർട്ട് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഖണ്ഡിക 11.4 അനുസരിച്ചുള്ള പൂർത്തീകരണ പത്രവും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

വാഹനത്തിന്റെ സാധുവായ ഫിറ്റ്നസ് രേഖകയുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പും പ്രോജക്ട് നടത്തിപ്പുമായി ബന്ധപ്പെട്ട മറ്റ് ന്യൂനതകൾക്ക് വിശദീകരണവും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 40/21-22, തീയതി 28/09/2022 -ന് നിർവ്വഹണ ഉദ്യോഗസ്ഥ(ൻ) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പറഞ്ഞ പ്രോക്ടുകളുടെ ആകെ ചെലവ് തുക ₹1,13,782/- ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്ന വിശദീകരണവും രേഖകളും ഹാജരാക്കേണ്ടതാണ്.

## 1-29 സർക്കാർ നിർദ്ദേശത്തിന് വിരുദ്ധമായി പദ്ധതി നിർവ്വഹണത്തിനായി ബാങ്ക് അക്കൗണ്ട് സൂക്ഷിക്കുന്നു.

ജി.ഒ. (പി) നം. 177/2006/ധനം, തീയതി 12.04.20106 പ്രകാരം പുറപ്പെടുവിച്ച ഫണ്ട് വിഭജനവും പിൻവലിക്കലും മാർഗ്ഗരേഖയിലെ ഖണ്ഡിക നം. 8.3 അനുസരിച്ച് നോൺബാങ്കിംഗ് ട്രഷറി മുഖേന പണം പിൻവലിക്കൽ നടത്തുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് പണവിതരണം നടത്തുക എന്ന ആവശ്യത്തിനുവേണ്ടി മാത്രമായി നാഷണലൈസ്ഡ് ബാങ്കിൽ അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 30 ദിവസത്തിൽ അധികമായ വിതരണം നടത്താത്ത ബാക്കി തുക ഒരോ മാസാവസാനവും ഫണ്ട് പിൻവലിച്ച ഹെഡ് ഓഫ് അക്കൗണ്ടിൽ തിരിച്ചടയ്ക്കണമെന്ന് മേൽപറഞ്ഞ മാർഗ്ഗരേഖയിലെ ഖണ്ഡിക 8.6 -ൽ നിഷ്കർഷിച്ചിട്ടുണ്ട്.

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി. ചെതലയം പദ്ധതി നിർവ്വഹണത്തിനായി താഴെ പറയുന്ന ബാങ്ക് അക്കൗണ്ട് സൂക്ഷിച്ചുവരുന്നുണ്ട്.

| അക്കൗണ്ട് നമ്പർ | ബാങ്ക് | 31.03.2022 -ലെ നീക്കിയിരിപ്പ് |
|---|---|---|
| 67004705668 | സി.ബി.ഐ, ചെതലയം | ₹9,45,488/- |

സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകൾ സുൽത്താൻ ബത്തേരി സബ് ട്രഷറി മുഖേനയാണ് പിൻവലിക്കുന്നത്. നിലവിൽ ഇത് ബാങ്കിംഗ് ട്രഷറിയായതിനാൽ ബാങ്ക് അക്കൗണ്ടിന്റെ ആവശ്യമുള്ളതായി കാണുന്നില്ല.

മേൽപറഞ്ഞ ബാങ്ക് അക്കൗണ്ട് നഗരസഭയുടെ സാംഖ്യ അക്കൗണ്ടിംഗ് സിസ്റ്റത്തിൽ ഉൾപ്പെടാത്തതാണ്. അതിനാൽ ഈ അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് തുകകൾ നഗരസഭയുടെ വാർഷിക കണക്കുകളിൽ പ്രതിഫലിക്കുന്നില്ല.

സർക്കാർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി മെഡിക്കൽ ഓഫീസർ ബാങ്ക് അക്കൗണ്ട് സൂക്ഷിക്കുന്നത് സംബന്ധിച്ച് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2019-20 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട് (ഖണ്ഡിക 1-39 കാണുക). ഓഡിറ്റ് ശ്രദ്ധയിൽപ്പെടുത്തിയിട്ടും നാളിതുവരെയും സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല.

ഓഡിറ്റ് എൻക്വയറിക്ക് (നം. 41 /21-22, തീയതി 05/10/2022) മെഡിക്കൽ ഓഫീസർ മറുപടി ലഭ്യമാക്കിയിട്ടില്ല. സർക്കാർ നിർദ്ദേശം പാലിക്കാത്തതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-30 മരുന്ന വാങ്ങൽ - സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല.

സബ്സിഡി മാർഗ്ഗരേഖ പ്രകാരം (സ.ഉ നം. (കൈ) 22/2018/തസ്വഭവ, തീയതി 14.02.2018) കേന്ദ്രീകൃത രീതിയിലുള്ള വാങ്ങലിലൂടെ മരുന്നുകൾ ആരോഗ്യസ്ഥാപനങ്ങൾക്ക് ലഭ്യമാക്കുക എന്നത് ബന്ധപ്പെട്ട വകുപ്പുകളുടെ ചുമതലയാണ്. എന്നാൽ വകുപ്പ് മുഖേന വിതരണം ചെയ്തുവരുന്ന മരുന്നുകൾ അപാര്യാപ്തമാണെങ്കിൽ അവയുടെ നിയന്ത്രണ ചുമതലയുള്ള തദ്ദേശഭരണ സ്ഥാപനത്തിന് മരുന്നുകൾ വാങ്ങി നൽകി ആരോഗ്യസ്ഥാപനത്തിലെ മരുന്ന് വിതരണത്തിന്റെ കാര്യക്ഷമത ഉറപ്പുവരുത്താവുന്നതാണ്. എന്നാൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിറ്റി സർട്ടിഫിക്കറ്റില്ലാതെയും, ആരോഗ്യസ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിന് വേണ്ടിയല്ലാതെയും, മരുന്നുകൾ വാങ്ങാനോ മരുന്നിനുവേണ്ടി തുക ചെലവഴിക്കാനോ പാടില്ല.

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി., ചെതലയം) താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം ₹4,95,988/- മരുന്നുകൾ വാങ്ങുന്നതിനായി ചെലവഴിച്ചിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് | അടങ്കൽ, ഫണ്ട് | മരുന്ന വാങ്ങലിന് ചെലഴിച്ച തുക | ബിൽ നമ്പർ, തീയതി |
|---|---|---|---|---|
| 1 | എസ്0290/21, കോവിഡ് പ്രതിരോധപ്രവർത്തനം പി.എച്ച്.സി. സെന്ററിലേക്ക് മരുന്നും അനുബന്ധ സാമഗ്രികളും വാങ്ങല | ₹60,000/- (തനത് ഫണ്ട്) | ₹95,988/- | 481/21-22, 25.03.2022 |
| 2 | എസ്0279/22, വയോജനങ്ങൾക്ക് മരുന്ന് വാങ്ങൽ | ₹4,00,000/- (വികസന ഫണ്ട്) | ₹123656/- | 207/21-222, 21.01.2022 |
| | | | ₹2,76,344/- | 466/21-22, 25.3.2022 |
| | ആകെ | | ₹4,95,988/- | |

മേൽ പറഞ്ഞതിൽ രണ്ടാമത്തെ പ്രോജക്ട് പ്രകാരം ചെലവഴിച്ച ₹2,76,344/- യുടെ മരുന്നുകൾ ലഭിച്ചിട്ടില്ല. ലഭിച്ച മരുന്നുകൾ പ്രത്യേകം സ്റ്റോക്ക് രജിസ്റ്ററുകളിലാണ് (Project Wise) രേഖപ്പെടുത്തിയിട്ടുള്ളത്. സ്റ്റോക്കുകളുടെ വാർഷിക പരിശോധന നടത്തി നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ആദ്യത്തെ പ്രോജക്ടിന്റെയും രണ്ടാമത്തെ പ്രോജക്ടിന്റെ ആദ്യത്തെ ബില്ലിന്റെയും ഇന്റന്റും പെർഫോമ ഇൻവോയ്സും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിൽ ആവശ്യപ്പെട്ട മരുന്നുകൾ തന്നെയാണോ ലഭിച്ചതെന്നും പെർഫോമ ഇൻവോയ്സ് പ്രകാരമുള്ള തുക തന്നെയാണോ നൽകിയതെന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല.

സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 2.3 അനുസരിച്ച് മാനദണ്ഡങ്ങളുടെ ലംഘനം തദ്ദേശഭരണസ്ഥാപനത്തിന്റെ ഫണ്ടിന്റെ ദുർവിനിയോഗമായി കണക്കാക്കാവുന്നതാണ്. ആരോഗ്യ സ്ഥാപനത്തിലേക്ക് ഒരു സ്റ്റോക്ക് ബുക്കാണ് ഉപയോഗിക്കേണ്ടത്. പ്രോജക്ടുകൾക്കനുസരിച്ച് സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിക്കുന്നത് ക്രമ വിരുദ്ധമാണ്.

ഓഡിറ്റ് എൻക്വയറിക്ക് (നം. 42/21-22, തീയതി 05/10/2022) മെഡിക്കൽ ഓഫീസർ മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പ്രോജക്ടുകളുടെ അകെ തുക ₹4,95,988/- ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. ന്യൂനതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-31 പദ്ധതിരൂപീകരണം നടത്തുന്നതിൽ അപാകതകൾ

സുൽത്താൻബത്തേരി നഗരസഭയുടെ 2021-22 വർഷത്തെ പദ്ധതി രൂപീകരണം സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ തനതുഫണ്ടിനത്തിൽ 11,09,88,879 രൂപയാണ് പദ്ധതിക്കുവേണ്ടി വകയിരുത്തിയത്. വാർഷിക കണക്കുകൾ പ്രകാരം മുൻബാക്കിയും തൻവർഷത്തെ തനതുവരുമാനവും ചേർന്നാൽ 10,28,33,010 രൂപയാണ് വരുന്നത്.

മുൻബാക്കിയിൽത്തന്നെ പല തരം ഗ്രാന്റുകൾ ഉൾപ്പെടുന്നു. ഇതിൽ നിന്നും മറ്റ് ഗ്രാന്റുകൾ,ഡെപ്പോസിറ്റുകൾ,മറ്റ് ബാദ്ധ്യതകൾ എന്നിവ മാറ്റിവെച്ചാൽ തനതുഫണ്ട് 3,54,68,536 മാത്രമാണ്. യഥാർത്ഥത്തിൽ ലഭ്യമല്ലാത്ത തുക വകയിരുത്തി പദ്ധതികൾ തയ്യാറാക്കുന്നതിനാലാണ് ചെലവുശതമാനം കുറയുന്നത്. കൂടാതെ മനുഷ്യവിഭവശേഷി പല തരത്തിൽ വിനിയോഗിച്ച് തയ്യാറാക്കുന്ന പദ്ധതികൾ നടപ്പാക്കാനാവാതെ പാഴാകുന്നു. ഓഡിറ്റ് എൻക്വയറി.നം. 44/21-22തീയതി 07.10.22 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല.

ഈ വിഷയത്തിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-32 മിനുട്സ് ബുക്കുകൾ യഥാസമയം ക്ലോസ് ചെയ്യുന്നില്ല. തീരുമാനങ്ങൾ നടപ്പാക്കുന്നത് പരിശോധിക്കപ്പെടുന്നില്ല.

സുൽത്താൻബത്തേരി നഗരസഭയുടെ 2021-22 വർഷത്തെ മിനുട്സ്ബുക്കുകൾ പരിശോധിച്ചതിൽ യോഗതീരുമാനങ്ങൾ നടപ്പാക്കുന്നതിലും മിനുട്സ് ക്ലോസ്സ് ചെയ്യുന്നതിലും വീഴ്ചകൾ വന്നതായി കണ്ടു.

ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

മിനുട്സ് ക്ലോസ്സ് ചെയ്യാത്ത തീയതികൾ

| ക്രമനമ്പർ | തീയതി |
|---|---|
| 1 | 04.10.21 |
| 2 | 19.11.21 |
| 3 | 25.11.21 |
| 4 | 03.12.21 |
| 5 | 24.12.21 |
| 6 | 01.01.22 |
| 7 | 16.02.22 |

ഭരണസമിതി തീരുമാനങ്ങൾ നടപ്പാക്കുന്നത് സംബന്ധിച്ച് തുടർയോഗങ്ങളിൽ മോണിട്ടർ ചെയ്യുന്നില്ല.

ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

1.GHS കുപ്പാടി ,സർവ്വജന,ചേനാട് എന്നീ സ്കൂളുകളുടെ കെട്ടിടങ്ങൾ പൊളിച്ചുമാറ്റിയ ലേലം ചെയ്തുവിൽക്കുന്നതിനും തുക നഗരസഭയിൽ ഒടുക്കുന്നതിനും 4/18.08.21 പ്രകാരം തീരുമാനം എടുത്തിട്ടുണ്ടെങ്കിലും നടപ്പാക്കിയതായി കാണുന്നില്ല.

2.50 വയസ്സിൽ താഴെയുള്ളവർക്ക് വിധവാപെൻഷൻ അനുവദിക്കുന്നത് പുനപരിശ്ശോധിക്കുന്നതിന് 7/31.08.21 പ്രകാരം തീരുമാനം എടുത്തിട്ടുണ്ടെങ്കിലും നടപ്പാക്കിയതായി കാണുന്നില്ല.

3.സുൽത്താൻബത്തേരി നഗരസഭയുടെ ആരോഗ്യം,ദാരിദ്യലഘൂകരണം പദ്ധതികളുടെ നിർവഹണോദ്യഗസ്ഥരായി ഹെൽത്ത് ഇൻസ്പെക്ടർ,മെമ്പർ സെക്രട്ടറി എന്നിവരെ 9/31.08.21 പ്രകാരം നിശ്ചയിച്ചെങ്കിലും നടപ്പാക്കിയിട്ടില്ല.

5.വളർത്തുമൃഗങ്ങളെ രജിസ്റ്റർ ചെയ്ത് ലൈസൻസ് എടുപ്പിക്കുന്നതിന് ക്യാമ്പ് സംഘടിപ്പിക്കുന്നതിന് 5/19.11.21 പ്രകാരം തീരുമാനം എടുത്തെങ്കിലും നടപ്പാക്കിയതായി കാണുന്നില്ല.

ഓഡിറ്റ് എൻക്വയറി.നം. 24/21-22തീയതി 30.09.22പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി ഹാജരാക്കിയിട്ടില്ല.അപാകതകൾ ശ്രദ്ധിക്കേണ്ടാതാണ്.

## 1-33 ഹരിതകർമ്മസേനക്ക് മൊബൈൽ ആപ്പ് -പദ്ധതി നടപ്പാക്കിയതിൽ അപാകതകൾ

സുൽത്താൻബത്തേരി നഗരസഭ 2021-22 വർഷം നടപ്പാക്കിയ ഹരിതകർമ്മസേനക്ക് മൊബൈൽ ആപ്പ് പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

പ്രോജക്റ്റ് നമ്പർ-707/22

പ്രോജക്റ്റ്-ഹരിതകർമ്മസേനക്ക് മൊബൈൽ ആപ്പ്

നിർവഹണം-സെക്രട്ടറി

ഫണ്ട്-തനത് ഫണ്ട്

അടങ്കൽ-150000

ചെലവ്-123000/-

വൗച്ചർ നമ്പർ-22101654/31.03.22-25000

വൗച്ചർ നമ്പർ-22101653/31.03.22-98000

ഹരിതകർമ്മസേനക്ക് മൊബൈൽ ആപ്പ് നിർമ്മിച്ചുനൽകുന്നതിന് ക്വട്ടേഷൻ ക്ഷണിക്കുകയും മൂന്ന് ക്വട്ടേഷൻ ലഭിച്ചതിൽ Coronata Creations എന്ന സ്ഥാപനത്തിന് വർക്ക് ഓർഡർ നൽകുകയും ചെയ്തു.Coronata Creations ഒരു സ്റ്റാർട്ടപ്പ് കമ്പനി എന്ന നിലക്കാണ് വർക്ക് ഓർഡർ നൽകിയത്.

പദ്ധതി നടപ്പാക്കിയതിൽ താഴപ്പറയുന്ന അപാകതകൾ വന്നിട്ടുണ്ട്.

1,ഇതിനു മുൻപ് സ്ഥാപനം ഇത്തരം പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടില്ല.

2.കമ്പനിക്ക് ഇത്തരം പ്രോജക്ടുകൾ ഏറ്റെടുക്കാനുള്ള അനുമതി ഉണ്ടോ എന്ന് പരിശോധിച്ചിട്ടില്ല.

3.തയ്യാറാക്കിയ ആപ്പ് സുരക്ഷിതം ആണോയെന്നുള്ള വിദഗ്ദപരിശോധന നടത്തിയിട്ടില്ല.

4.ആപ്പിന്റെ പ്രവർത്തനക്ഷമത സംബന്ധിച്ചുള്ള വിദഗ്ദാഭിപ്രായം ഫയലിൽ ഇല്ല.

അപാകതകൾ സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി.നം. 22/21-22 തീയതി 29.09.22 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല. അപാകതകളുടെ അടിസ്ഥാനത്തിൽ 123000/- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 1-34 സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം - അപാകതകൾ

22.09.2017 ലെ ധനകാര്യ വകുപ്പ് സർക്കുലർ എസ്.എഫ്.സി-ബി1/71/2017പ്രകാരം ഗുണഭോക്താക്കൾ മരണപ്പെടുന്ന സംഗതികളിൽ ക്ഷേമ പെൻഷൻ അനുവദിച്ച് നൽകിയ തദ്ദേശ സ്ഥാപനത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെടുന്ന പക്ഷം ആ ദിവസം തന്നെ പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതാണെന്നും മരണം മറ്റ് തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നുവെങ്കിൽ അതേ ദിവസം തന്നെ പെൻഷൻ അനുവദിച്ച് നൽകിയ തദ്ദേശ സ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു.

കൂടാതെ 23.09.2020 ലെ ധനകാര്യ വകുപ്പ് ഉത്തരവ് സ.ഉ(എം.എസ്) നം. 97/2020 പ്രകാരം മരണപ്പെടുന്നവരുടെ വിവരങ്ങൾ അങ്കണവാടി/ആശാവർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡേറ്റാബേസിൽ നിന്നും ഒഴിവാക്കാൻ പ്രാദേശിക സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്നും , പെൻഷൻ വിതരണം നടത്തുന്ന സഹകരണസ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിനുശേഷവും ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കേണ്ടതാണെന്നും , പെൻഷണർ മരണപ്പെട്ട ശേഷവും അക്കാര്യം പ്രാദേശിക സർക്കാരിൽ അറിയിക്കാതെ അനന്തരാവകാശികൾ പ്രസ്തുത പെൻഷൻ തുക കൈപ്പറ്റുന്നതായി ശ്രദ്ധയിൽപ്പെടുന്ന പക്ഷം മരണപ്പെടുന്ന ഗുണഭോക്താവിനെ പെൻഷൻ ഡാറ്റാബേസിൽനിന്നും അടിന്തിരമായി ഒഴിവാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ സുൽത്താൻബത്തേരി നഗരസഭാപരിധിയിലുള്ള പെൻഷൻ ഗുണഭോക്താക്കൾ മരണപ്പെടുന്ന സാഹചര്യത്തിൽ,മരണപ്പെടുന്നവരുടെ വിവരങ്ങൾ അങ്കണവാടി/ആശാവർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻഡേറ്റാബേസിൽ നിന്നും അവരെ ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കുകയോ പെൻഷൻ വിതരണം നടത്തുന്ന സഹകരണസ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിനുശേഷവും നഗരസഭയിൽ അറിയിക്കുകയോ ചെയ്യുന്നില്ല.

രേഖകൾ പരിശോധിച്ചതിൽ പെൻഷൻ തുക, മരണതീയ്യതിക്കുശേഷമുള്ള മാസങ്ങളിലും വിതരണം ചെയ്യുന്നതിനായി പെൻഷനറുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് കൈമാറുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പെൻഷനറുടെ പേര് | പെൻഷൻ തരം | ആധാർ നം. | മരണമടഞ്ഞ തീയ്യതി | അനർഹമായ കാലയളവ് | അനർഹമായ തുക |
|---|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| 1 | ബാലൻ.സി.കെ | വാർദ്ധക്യകാലപെൻഷൻ | 724042742974 | 06.01.21 | 01/21 | 1500 |
| 2 | സരോജിനി | വാർദ്ധക്യകാലപെൻഷൻ | 533577896121 | 30.09.20 | 10/20-12/20 | 5400 |
| 3 | ഹംസ | വാർദ്ധക്യകാലപെൻഷൻ | 433210045517 | 21.12.19 | 01/20-8/21 | 28200 |
| 4 | ഹൈദ്രോസ് | വാർദ്ധക്യകാലപെൻഷൻ | 112830200247 | 21.10.20 | 11/20-2/21 | 5800 |

മുകളിൽ നൽകിയ പട്ടികയിലുള്ളവർ മരണം റിപ്പോർട്ട് ചെയ്യപ്പെടുകയും മരണസർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്യപ്പെട്ട ഏതാനും പെൻഷൻ ഗുണഭോക്താക്കൾ മാത്രമാണ്. റിപ്പോർട്ട് ചെയ്യപ്പെടുന്ന ഗുണഭോക്താക്കളുടെ തുക തിരികെ ഈടാക്കാൻ നഗരസഭ ശ്രദ്ധിക്കുന്നുണ്ട്.എന്നാൽ റിപ്പോർട്ട് ചെയ്യപ്പെടാത്ത പലഗുണഭോക്താക്കളുടെയും പെൻഷൻ തുക ബാങ്ക് അക്കൗണ്ടുകളിലേക്ക് പോകുന്നുണ്ട്. നിലവിൽ മരണം രജിസ്റ്റർ ചെയ്യുമ്പോൾ ആധാർനമ്പർ ചേർക്കാത്തതിനാൽ സേവന സോഫ്റ്റ് വെയറിൽ പെൻഷൻ വിതരണം സംബന്ധിച്ച് പരിശോധന നടത്താനും കഴിയുന്നില്ല.ഓഡിറ്റ് എൻക്വയറി.നം. 25/21-22തീയതി 30.09.22 പ്രകാരം വിവരം ശ്രദ്ധയിൽപ്പെടുത്തിയതിന് മറുപടി നൽകിയിട്ടില്ല. മരണപ്പെട്ട ഗുണഭോക്താക്കളുടെ വിവരങ്ങൾ സൂക്ഷ്മപരിശോധന നടത്തി അനർഹമായി നൽകിയ തുക തിരികെ ഈടാക്കേണ്ടതുമാണ്.

## 1-35 ആസ്തി സംരക്ഷണ പദ്ധതി നടപ്പിലാക്കിയിട്ടില്ല.

വാർഷിക പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗരേഖ(സ.ഉ.(കൈ)നം.17/2018/തസ്വഭവ തീ. 02.02.2018) ഖണ്ഡിക 6.7 പ്രകാരം, ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കേണ്ടതാണ്.മെയിന്റനൻസ് ഫണ്ടും ലഭ്യമാക്കാൻ കഴിയുന്ന തനത് ഫണ്ടും ഉപയോഗപ്പെടുത്തി നഗരസഭയുടെ ഉടമസ്ഥതയിലും നിയന്ത്രണത്തിലുമുള്ള റോഡ്, റോഡ് ഇതര ആസ്തികളുടെ സംരക്ഷണത്തിന് ഒരു പ്രത്യേക ആസ്തി സംരക്ഷണ പദ്ധതി രൂപീകരിക്കേണ്ടതാണ്. എന്നാൽ, ബത്തേരി നഗരസഭയിൽ ആസ്തി രജിസ്റ്റർ 2020 വർഷം വരെ മാത്രമേ തയ്യാറാക്കിയിട്ടുള്ളൂ. ആസ്തി രജിസ്റ്റർ കാലികമാക്കുകയും എല്ലാ ആസ്തികളും അതിൽ ഉൾപ്പെട്ടു എന്ന് ഉറപ്പു വരുത്തുകയും ചെയ്തിട്ടില്ല.അതിനാൽ തന്നെ, ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കാൻ നഗരസഭക്ക് സാധിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.43/21-22/06.10.22) മറുപടി ലഭ്യമാക്കിയിട്ടില്ല.ആസ്തി രജിസ്റ്റർ കാലികമാക്കി, ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കി അറിയിക്കേണ്ടതാണ്.

## 1-36 അസി.എഞ്ചിനീയർ പദ്ധതി നിർവ്വഹണത്തിന് ബാങ്ക് അക്കൗണ്ട് സൂക്ഷിക്കുന്നു

ജി.ഒ. (പി) നം. 177/2006/ധനം, തീയതി 12.04.20106 പ്രകാരം പുറപ്പെടുവിച്ച ഫണ്ട് വിഭജനവും പിൻവലിക്കലും മാർഗ്ഗരേഖയിലെ ഖണ്ഡിക നം. 8.3 അനുസരിച്ച് നോൺബാങ്കിംഗ് ട്രഷറി മുഖേന പണം പിൻവലിക്കൽ നടത്തുന്ന തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് പണവിതരണം നടത്തുക എന്ന ആവശ്യത്തിനുവേണ്ടി മാത്രമായി നാഷണലൈസ്ഡ് ബാങ്കിൽ അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. 30 ദിവസത്തിൽ അധികമായ വിതരണം നടത്താത്ത ബാക്കി തുക ഒരോ മാസാവസാനവും ഫണ്ട് പിൻവലിച്ച ഹെഡ് ഓഫ് അക്കൗണ്ടിൽ തിരിച്ചടയ്ക്കണമെന്ന് മേൽപറഞ്ഞ മാർഗ്ഗരേഖയിലെ ഖണ്ഡിക 8.6 -ൽ നിഷ്കർഷിച്ചിട്ടുണ്ട്.

സു.ബത്തേരി നഗരസഭയിലെ അസി. എഞ്ചിനീയർ പദ്ധതി നിർവ്വഹണത്തിനായി ബാങ്ക് അക്കൗണ്ട് സൂക്ഷിച്ചുവരുന്നുണ്ട്. മേൽപറഞ്ഞ ബാങ്ക് അക്കൗണ്ട് നഗരസഭയുടെ സാംഖ്യ അക്കൗണ്ടിംഗ് സിസ്റ്റത്തിൽ ഉൾപ്പെടാത്തതാണ്. അതിനാൽ ഈ അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് തുകകൾ നഗരസഭയുടെ വാർഷിക കണക്കുകളിൽ പ്രതിഫലിക്കുന്നില്ല.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | അക്കൗണ്ട് നമ്പർ | ബാങ്ക് | 31.03.2022 -ലെ നീക്കിയിരിപ്പ്(₹) |
|---|---|---|---|
| അസി. എഞ്ചിനിയർ | 507702010026527 | യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ, സു.ബത്തേരി ശാഖ | ₹ 19,81,880.00 |

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.29/21-22/06.10.22) മറുപടി ലഭ്യമാക്കിയിട്ടില്ല.ആസ്തി രജിസ്റ്റർ കാലികമാക്കി, ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കി അറിയിക്കേണ്ടതാണ്.ബാക്കി തുക ബന്ധപ്പെട്ട ഹെഡ്ഡിലേക്ക് തിരികെ അടവാക്കുകയും ബാങ്ക് അക്കൗണ്ട് ആവശ്യമുണ്ടോ എന്ന് പരിശോധിച്ച് ക്ലോസ്സ് ചെയ്യേണ്ടതുമാണ്. മുൻസിപ്പൽ കൗൺസിലിന് ആവശ്യമായ ബാങ്ക്

അക്കൗണ്ട് ആണെങ്കിൽ നഗരസഭയുടെ വാർഷിക കണക്കിൽ പ്രസ്തുത അക്കൗണ്ട് ഉൾപ്പെടുത്തേണ്ടതാണ്.

## 1-37 കമ്പ്യൂട്ടർ വാങ്ങൽ - സർക്കാർ ഉത്തരവ് പാലിച്ചിട്ടില്ല.

അസി എഞ്ചിനീയർ, നിർവ്വഹണോദ്യോഗസ്ഥനായി ലാപ്ടോപ്പ് വാങ്ങിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| പ്രൊജക്ട് നം. | പ്രൊജക്ടിന്റെ പേര് | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|
| 710/22 | അസി എഞ്ചിനീയർക്ക് ലാപ്ടോപ്പ് വാങ്ങൽ | 70,000.00<br>( തനത് ഫണ്ട്) | 65,100.00<br>(ചെക്ക് നം. 1003037/15.12.21) |

മേൽ പദ്ധതി പ്രകാരം അസി എഞ്ചിനീയർക്ക് ലാപ്ടോപ്പ് ക്വട്ടേഷൻ വിളിച്ച്, ഇ പ്ലാനറ്റ്, സു.ബത്തേരിയിൽ നിന്നുമാണ് വാങ്ങിയിരിക്കുന്നത്. വിശദാംശം താഴെ കൊടുക്കുന്നു.

| ഇ പ്ലാനറ്റിന്റെ ഇൻവോയിസ് നം./തീയതി | ലാപ്ടോപ്പ് കമ്പ്യൂട്ടറിന്റെ വില(₹) |
|---|---|
| 13494/22.11.21 | 65,100.00 |

എന്നാൽ, സർക്കാർ ഉത്തരവ് പ്രകാരം [സ.ഉ. നം.G.O(Ms) നം. 24/2017/ITD തീ 18.11.2017 & സർക്കുലനർ നം. ഐ.ടി.സെൽ-1/26/2019/വി.സ.വ/18.03.2019) കമ്പ്യൂട്ടർ, പ്രിന്റർ, യു.പി.എസ് എന്നിവ CPRCS(Centalized Procurement And Rate Contract System) മുഖേന Cprcs.kerala.gov.in - ൽ നിന്നും മാത്രമേ വാങ്ങാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്രൊക്വയർമെന്റ് കമ്മിറ്റി തീരുമാനം ഇല്ല. ലാപ്ടോപ്പ് സ്റ്റോക്കിൽ എടുത്തിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.30/21-22/06.10.22) മറുപടി ലഭ്യമാക്കിയിട്ടില്ല.സർക്കാർ ഉത്തരവിന് വിരുദ്ധമായി ചെലവഴിച്ച ₹ 65,100.00 തടസ്സത്തിൽ വെക്കുന്നു.

## 1-38 ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടില്ല-₹ 7,83,369.00 തടസ്സപ്പെടുത്തുന്നു.

അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി താഴെ പറയുന്ന പദ്ധതികൾക്ക് തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ, നിലവിലും പദ്ധതികൾ പൂർത്തിയാക്കിയതായ മൂല്യ നിർണ്ണയ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര് / നം. | അടങ്കൽ(₹) | ചെലവ് തുക(₹)<br>ചെക്ക് നം./ബിൽ നം./<br>തീയതി | ഡെപ്പോസിറ്റ് തുക കൈപ്പറ്റിയ ഏജൻസി |
|---|---|---|---|---|
| 1 | മുൻസിപ്പൽ ഓഫീസ് കോമ്പൗണ്ടിലെ കുഴൽ കിണർ നിർമ്മാണം. S0042/22 | 2,00,000.00<br>(ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | 1,67,550.00<br>(23/21-22/15.12.21) | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്. |
| 2 | പട്ടം മാറ്റേൽ ബെന്നി വീടിന് | 1,00,000.00 | 1,17,510.00 | ഗ്രൗണ്ട് വാട്ടർ |

| | | | | |
|---|---|---|---|---|
| | സമീപം കുഴൽ കിണർ നിർമ്മാണം. S0498/22 | (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) | (22/21-22/15.12.21) (17,510.00 രൂപ 692/22 നമ്പർ പ്രോജക്റ്റിൽ നിന്നുമാണ്) | ഡിപ്പാർട്ട്മെന്റ്. |
| 3 | 7-ാം ഡിവിഷനിൽ വിവിധ കുഴൽ കിണറുകളുടെ നിർമ്മാണം. S0314/22 | 1,96,130.00 (തനത് ഫണ്ട്) | 1,76,900.00 (10015019/15.12.21) | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്. |
| 4 | വേങ്ങൂർവയൽ നിർമ്മല വീടിന് സമീപം കുഴൽ കിണർ നിർമ്മാണം. S0498/22 | 1,00,000.00 (തനത് ഫണ്ട്) | 1,67,600.00 (10013813/15.12.21) (67,600.00 രൂപ 692/22 നമ്പർ പ്രോജക്റ്റിൽ നിന്നുമാണ്) | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്. |
| 5 | പഴുക്ക കോളനി സിസിലി വീടിന് സമീപം കുഴൽ കിണർ നിർമ്മാണം. S0466/22 | 1,00,000.00 (തനത് ഫണ്ട്) | 1,36,160.00 (10013818/15.03.22) (36,160.00 രൂപ 692/22 നമ്പർ പ്രോജക്റ്റിൽ നിന്നുമാണ്) | ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ്. |
| 6 | 110 ഡിവിഷനിൽ കാരക്കണ്ടി ചെമ്പകപ്പാളി റോഡിൽ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ. | 10206/- (തനതു ഫണ്ട്) | 10,206.00 (10011332/17.04.21) | കെ.എസ്.ഇ.ബി |
| 7 | 13-ാം ഡിവിഷനിൽ ഓടപ്പള്ളം കവല-കുഞ്ഞൻ വാസന്തി റോഡിൽ ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ. | 7443/- (തനതു ഫണ്ട്) | 7,443.00 (011637/14.05.21) | കെ.എസ്.ഇ.ബി |
| ആകെ | | | 7,83,369.00 | |

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.31/21-22/06.10.22) മറുപടി ലഭ്യമാക്കിയിട്ടില്ല.മൂല്യനിർണ്ണയ സാക്ഷ്യപത്രം ലഭ്യമാക്കാത്ത ₹ 7,83,369.00 തടസ്സപ്പെടുത്തുന്നു.

## 1-39 പ്രവൃത്തി പൂർത്തിയാക്കാൻ കരാറുകാർക്ക് സമയം നീട്ടി നൽകൽ-പിഴ ഈടാക്കിയിട്ടില്ല - 17.70 ലക്ഷം രൂപ നഗരസഭക്ക് നഷ്ടം സംഭവിച്ചു.

മരാമത്തു പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കേണ്ടത് കരാറുകാരന്റെ ഉത്തരവാദിത്തമാണ്. ഭാഗികമായോ പൂർണ്ണമായോ കരാറുകാരന്റെ പിഴവുമൂലമോ കാലാവധി ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി മാത്രമെ ആയത് അനുവദിക്കാവൂ. മുൻകൂട്ടികാണാൻ കഴിയാത്ത കാരണങ്ങളാൽ പ്രവൃത്തി നിശ്ചയിക്കപ്പെട്ട സമയപരിധിക്കകം പൂർത്തിയാക്കാൻ കഴിയാത്തപക്ഷം പ്രസ്തുത തീയതിക്കു മുമ്പായി പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ, കരാറുകാരൻ അസിസ്റ്റന്റ് എഞ്ചിനീയർക്ക് സമർപ്പിക്കേണ്ടതും, പ്രസ്തുത അപേക്ഷയിൽ രേഖപ്പെടുത്തിയ കാരണം നഗരസഭ കൗൺസിൽ വിലയിരുത്തി ആയത് സത്യസന്ധമാണെങ്കിൽ കാലയളവ് ദീർഘിപ്പിച്ചു നൽകാവുന്നതുമാണ്. സു.ബത്തേരി നഗരസഭ സെക്രട്ടറി കരാറുകാരുമായി ഉണ്ടാക്കിയ ഉടമ്പടികളിൽ ഏഴാമത്തെ വ്യവസ്ഥ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാൽ നിശ്ചിത കാലാവധിയുടെ 20 ശതമാനം സമയം (അഞ്ചിൽ ഒന്ന്) കൂടി പിഴയില്ലാതെ അനുവദിക്കുന്നതാണ്. അതിൽ കൂടുതൽ വരുന്ന മൂന്ന് മാസം വരെ സമയം കരാർ തുകയുടെ ഒരു ശതമാനം പിഴ ചുമത്തി കൊണ്ടും പിന്നീട് വേണ്ടി വരുന്ന ഓരോ മാസത്തിനും കരാർ തുകയുടെ രണ്ട് ശതമാനം പിഴ ചുമത്തേണ്ടതുമാണ്. എന്നാൽ, താഴെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ, കരാർപ്രകാരമുള്ള സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കുകയോ , കാലാവധിക്കുള്ളിൽ സമയപരിധി നീട്ടാൻ അപേക്ഷ നൽകി ഭരണസമിതി അംഗീകാരം വാങ്ങുകയോ ചെയ്യാതെ, യാതൊരുവിധ പിഴയും ഈടാക്കാതെഅവസാന ബിൽ തുക നൽകിയിട്ടുണ്ട് .വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം/ പേര്/അടങ്കൽ | കരാറുകാരൻ / ടെണ്ടർ നിരക്ക് (PAC)(₹) | എഗ്രിമെൻറ്/ തിയതി | കരാർ പ്രകാരം പൂർത്തിയാക്കേണ്ട തിയതി | എം.ബുക്ക് നമ്പർ | എം ബുക്ക്പ്രകാരം പൂർത്തിയാക്കിയ തിയതി | പൂർത്തിയാക്കാ നെടുത്ത കാലതാമസം | ഈടാക്കേണ്ടി യിരുന്ന പിഴ(₹) | അവസാന ബിൽ / ചെക്ക് നമ്പർ / തിയതി/തുക(₹) |
|---|---|---|---|---|---|---|---|---|---|
| 1 | 347/22 കാരക്കണ്ടി മന്തണ്ടിക്കുന്ന് റോഡ് നവീകരണം 1490000 | വി.ആർ. വിശ്വനാഥൻ 1490000 | AE/LSGD //SBY/220/ 19-20 /23.03.2020 | 23/06/2020 | 19/ 20-21 | 30.03.21 (പേജ് നം. 35) | 9 മാസം 7 ദിവസം | 193700 ( 1 + 2x6 = 1 + 12 = 13%) | 13/21-22 /18.06.21 തുക 560117 + 013637 / 03.01.22 തുക 923638 ആകെ 1483755 |
| 2 | 294/22 പാളക്കര ക്ലബ്ബ് നിർമ്മാണം 700000 | സെക്രട്ടറി, സു.ബത്തേരി ലേബർ കോൺട്രാക്ട് സൊസൈറ്റി 695814 | AE/LSGD //SBY/101/ 17-18 /26.02.2018 | 26/07/2018 | 237/ 17-18 & 137/20-21 | 26.02.21 (പേജ് നം. 4) | 31 മാസം 26 ദിവസം | 396614 ( 1 + 2x28 = 1 + 56 = 57%) | 6490061 /12.01.22 തുക 685053 |
| 3 | 317/22 കുപ്പാടി സ്കൂൾ വിവിധ കെട്ടിടങ്ങളുടെ നവീകരണം 1638675 | പ്രജീഷ്.വി.കെ 1551602 | AE/LSGD //SBY/174/ 19-20 /28.02.2020 | 28/08/2020 | 103/ 19-20 | 24.02.21 (പേജ് നം. 49) | 5 മാസം 26 ദിവസം | 77580 ( 1 + 2x2 = 1 + 4 = 5%) | 6/21-22 /18.06.21 തുക161325 +649002/ 22.07.21 തുക 685053 ആകെ 695444 |
| 4 | 324/22 പതിനേഴാം ഡിവിഷനിൽ വിവിധ നടപ്പാത കോൺക്രീറ്റിംഗ് 420000 | വി.ആർ. വിശ്വനാഥൻ 420000 | AE/LSGD //SBY/182/ 19-20 /03.03.2020 | 03/06/2020 | 138/ 20-21 | 06.03.21 (പേജ് നം. 14) | 9 മാസം 3 ദിവസം | 54600 ( 1 + 2x6 = 1 + 12 = 13%) | 0400011/22.07.21 തുക 416665 |
| 5 | 370/22 മൂന്നാം മൈൽ കുപ്പാടി റോഡ് റീടാറിംഗ് 1000000 | വി.ആർ. വിശ്വനാഥൻ 1000000 | AE/LSGD //SBY/85/ 20-21 /17.09.2020 | 17/12/2020 | 27/ 21-22 & 547/20-21 | 24.01.22 (പേജ് നം. 8) | 13 മാസം 7 ദിവസം | 210000 ( 1 + 2x10 = 1 + 20 = 21%) | 37/21-22/23.02.22 തുക 984219 |

| | | | | | | | | | |
|---|---|---|---|---|---|---|---|---|---|
| 6 | 311/22<br>KSRTC ആർമാട് റോഡ് റീടാറിംഗ്<br>1435680 | കെ.എം.വർഗ്ഗീസ്<br>1435680 | AE/LSGD //SBY/139/ 19-20 /14.01.2020 | 14/04/2020 | 71/<br>20-21 | 19.03.21<br>(പേജ് നം. 13) | 11 മാസം 3ദിവസം | 244066<br>( 1 + 2x8 = 1 + 16 = 17%) | 12/21-22/18.06.21 തുക 1000000 + 6490050 / 12.01.22 തുക 426577<br>ആകെ 1426577 |
| 7 | 361/22<br>ടൗൺ ബൈപ്പാസ് റോഡിന് ഷോൾഡർ നിർമ്മാണം<br>435500 | സെക്രട്ടറി, കൽപ്പറ്റ ലേബർ കോൺട്രാക്ട് സൊസൈറ്റി<br>435500 | AE/LSGD //SBY/211/ 19-20 /23.03.2020 | 23/06/2020 | 189/<br>20-21 | 18.03.21<br>(പേജ് നം. 10) | 8 മാസം 25ദിവസം | 47905<br>( 1 + 2x5 = 1 + 10 = 11%) | 12/21-22 /18.06.21 തുക 1000000 + 6490050 /12.01.22 തുക 426577<br>ആകെ 1426577 |
| 8 | 369/22<br>ക്ലാരമാം റോഡ് റീടാറിംഗ്<br>1000000 | കബീർകുട്ടി<br>1000000 | AE/LSGD //SBY/172/ 20-21 /15.02.2021 | 15/05/2021 | 552/<br>20-21 | 17.01.22<br>(പേജ് നം. 22) | 8 മാസം 5ദിവസം | 110000<br>( 1 + 2x5 = 1 + 10 = 11%) | 43/21-22 /26.03.22 തുക 851796 |
| 9 | 425/22<br>ചിങ്കിളി മെമ്മോറിയൽ റോഡ് റീടാറിംഗ്<br>700000 | കബീർകുട്ടി<br>700000 | AE/LSGD //SBY/1712/ 20-21 /15.02.2021 | 15/05/2021 | 553/<br>20-21 | 02.02.22<br>(പേജ് നം. 31) | 8 മാസം 17ദിവസം | 77000<br>( 1 + 2x5 = 1 + 10 = 11%) | 39/21-22 /23.03.22 തുക 640213 |
| 10 | 459/22<br>തേലമ്പറ്റ എസ്.സി കോളനി റോഡ് ടാറിംഗ്<br>600000 | വി.ആർ.വിശ്വനാഥൻ<br>600000 | AE/LSGD //SBY/188/ 20-21 /31.03.2021 | 31/06/2021 | 22/<br>21-22 | 16.02.22<br>(പേജ് നം. 17) | 7 മാസം 16ദിവസം | 54000<br>( 1 + 2x4 = 1 + 8 = 9%) | 45/21-22 /05.03.22 തുക 589077 |
| 11 | 355/22<br>വട്ടിളി കുടിവെള്ള പദ്ധതി പൂർത്തീകരണം<br>450000 | സെക്രട്ടറി, സു.ബത്തേരി ലേബർ കോൺട്രാക്ട് സൊസൈറ്റി<br>450000 | AE/LSGD //SBY/196/ 19-20 /12.03.2020 | 12/06/2020 | 95/<br>20-21 | 23.03.21<br>(പേജ് നം. 9) | 9 മാസം 11ദിവസം | 58500<br>( 1 + 2x6 = 1 + 12 = 13%) | 21/21-22/15.12.21 തുക 166356 |
| 12 | 313/22<br>പുതുക്കയിലഡ് റോഡ് റീടാറിംഗ്<br>210000 | ശരത് ഗോപകമാർ ചെട്ടി<br>210000 | AE/LSGD //SBY/78/ 19-20 /15.11.2019 | 15/02/2020 | 100/<br>20-21 | 25.03.21<br>(പേജ് നം.17) | 13 മാസം 10ദിവസം | 44100<br>( 1 + 2x10 = 1 + 20 = 21%) | 5/21-22/18.06.21 തുക 209803 |
| 13 | 312/22<br>മണിച്ചിറ മാവാടി റോഡ് വീതികൂട്ടൽ<br>350000 | കെ.റസാഖ്<br>350000 | AE/LSGD //SBY/112/ 19-20 /07.12.2019 | 07/03/2020 | 84/<br>20-21 | 29.03.21<br>(പേജ് നം.25) | 12 മാസം 21ദിവസം | 66500<br>( 1 + 2x9 = 1 + 18 = 19%)<br>( 1 + 2x4 = 1 + 8 = 9%) | 6490012/22.07.21 തുക 345428 |
| 14 | 320/22<br>കപ്പാടി അംഗൺവാടി റോഡ് റീടാറിംഗ്<br>500000 | വി.ആർ.വിശ്വനാഥൻ<br>494978 | AE/LSGD //SBY/166/ 19-20 /13.02.2020 | 13/05/2020 | 133/<br>20-21 | 30.12.20<br>(പേജ് നം.13) | 7 മാസം 17ദിവസം | 44548<br>( 1 + 2x4 = 1 + 8 = 9%) | 6490010/22.07.21 തുക 415397 |
| 15 | 336/22<br>പുല്ലുമല കോളനി റോഡ് കോൺക്രീറ്റിംഗ്<br>350000 | സബിൻ കല്ലിക്കൽ<br>350000 | AE/LSGD //SBY/213/ 19-20 /23.03.2020 | 23/06/2020 | 170/<br>20-21 | 18.03.21<br>(പേജ് നം.8) | 8 മാസം 25ദിവസം | 38500<br>( 1 + 2x5 = 1 + 10 = 11%) | 6490003/22.07.21 തുക 347874 |
| 16 | 319/22<br>തിരുനെല്ലി അംഗൺവാടി നവീകരണം<br>250000 | ശരത് ഗോപകമാർ ചെട്ടി<br>250000 | AE/LSGD //SBY/86/ 19-20 /15.11.2019 | 15/02/2020 | 82/<br>20-21 | 29.03.21<br>(പേജ് നം.25) | 13 മാസം 14ദിവസം | 52500<br>( 1 + 2x10 = 1 + 20 = 21%) | 6490062/12.01.22തുക 245892 |
| ആകെ | | | | | | | | 17,70,113 | |

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.32/21-22 /06.10.22) മറുപടി ലഭ്യമാക്കിയിട്ടില്ല. അതിനാൽ, നഗരസഭക്ക് നഷ്ടം സംഭവിച്ച് ₹ 17,70,113.00 ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-40 അസി. എഞ്ചിനീയർ നിർവ്വഹണം രേഖകളുടെ സൂക്ഷിപ്പ് -അപാകതകൾ

അസിസ്റ്റൻറ് എൻജിനീയറുടെ രജിസ്റ്ററുകളും നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളുടെ ഫയലുകളും പരിശോധിച്ചപ്പോൾ അവയിൽ ശ്രദ്ധയിൽ പെട്ട അപാകതകൾ താഴെ ചേർക്കുന്നു.

1. ടെണ്ടർ രജിസ്റ്ററിൽ ടെണ്ടർ തുറക്കുന്ന സമയത്ത് ഹാജരുള്ള കരാറുകാരുടെ ഒപ്പ് രേഖപ്പെടുത്തുന്നില്ല

2.ടെണ്ടർ രജിസ്റ്ററിൽ Date And Time Of Receipt Of Tender, EMD Amount, Recept No And Date, Date And No. Of Resolution Accepting Tender എന്നീ കോളങ്ങൾ പൂരിപ്പിക്കുന്നില്ല.

3.ടെണ്ടർ ഫോമുകളിൽ അസി. എഞ്ചിനീയർ സാക്ഷ്യപ്പെടുത്തുന്നില്ല. ടെണ്ടർ ഫോം സ്റ്റോക്ക് രജിസ്റ്റർ ഇല്ല.

4. ടെണ്ടർ ഫോമിൽ ടെണ്ടർ നിരക്ക് എഴുതുന്നിടത്ത്, അസി. എഞ്ചിനീയർ, കരാറുകാരൻ എന്നിവർ ഒപ്പിടുന്നില്ല.

ഉദാ:- പ്രോജക്ട് നം. S0506/22

5. കരാറുകാരനും നിർവ്വഹണോദ്യോഗസ്ഥനും തമ്മിൽ ഒപ്പിടുന്ന കരാറിൽ ഭരണസമിതി തീരുമാനം ഉൾപ്പെടുത്തുന്നില്ല

6. പ്രവൃത്തി സ്ഥലത്ത് പോയി പരിശോധിച്ച് എസ്റ്റിമേറ്റ് ഉണ്ടാക്കാത്തത് കാരണം വലിയ ശതമാനം പ്രവൃത്തികൾക്ക് റിവൈസ്ഡ് എസ്റ്റിമേറ്റ് വേണ്ടിവരുന്നുണ്ട്.

7. ഭൂരിഭാഗം പ്രവൃത്തികളുടെയും ടെണ്ടർ ഫോറം രണ്ട് കരാറുകാർ ആണ് വാങ്ങുന്നത്. ഒരു കരാറുകാരൻ എസ്റ്റിമേറ്റ് നിരക്കും അടുത്ത കരാറുകാരൻ 5% അധികവും ആണ് നിരക്ക് എഴുതുന്നത്. ഇതിൽ നിന്നും ടെണ്ടറിൽ മത്സരം കടന്നു വരുന്നില്ല എന്ന് ബോധ്യമാകുന്നുണ്ട്.

8. കരാർ പ്രകാരമുള്ള പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാർക്കെതിരെ നിയമപരമായ നടപടികൾ സ്വീകരിക്കുന്നില്ല.

9. മിക്ക പ്രവൃത്തികളിലും എസ്റ്റിമേറ്റ് റിപ്പോർട്ട്, ചെയിനേജ് എന്നിവ സൂക്ഷിച്ചിട്ടില്ല.

10. തനത് ഫണ്ടിൽ നിന്നും ചെലവുള്ള പദ്ധതികളിൽ മൊത്തം തുകയും(ജി.എസ്.ടി, ഇൻകം ടാക്സ്, നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം ഉൾപ്പെടെ) അസി.എഞ്ചിനീയറുടെ ബാങ്ക് അക്കൗണ്ടിലേക്ക് കൈമാറുകയും അസി. എഞ്ചിനീയർ കരാറുകാർക്ക് നൽകുകയുമാണ് ചെയ്യുന്നത്.ജി.എസ്.ടി, ഇൻകം ടാക്സ്, നിർമ്മാണ തൊഴിലാളി ക്ഷേമനിധി വിഹിതം എന്നിവ അസി. എഞ്ചിനീയർ അടവാക്കുന്നത് പരിശോധിക്കുവാനുള്ള രേഖകൾ

ലഭ്യമാക്കിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.33/21-22/06.10.22) മറുപടി ലഭ്യമാക്കിയിട്ടില്ല.മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കേണ്ടതാണ്.

## 1-41 ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല- ₹ 3,92,100.00 തടസ്സം ചെയ്യുന്നു

അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി താഴെ പറയുന്ന പദ്ധതിക്ക് തുക ചെലവഴിച്ചിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം/ പേര് | S-0762/22 വിവിധ പദ്ധതികളുടെ ദർഘാസ് അധിക നിരക്ക് അനുവദിക്കൽ. |
| അടങ്കൽ | ₹ 22,20,878.00 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>₹ 13,79,122.00(തനത് ഫണ്ട്)<br>ആകെ ₹ 36,00,000 |
| ചെലവ് | ₹ 2,01,918.00 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്)<br>₹ 1,90,182.00(തനത് ഫണ്ട്)<br>ആകെ ₹ 3,92,100 |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |

മേൽ പ്രോജക്ട് റിപ്പോർട്ട് പ്രകാരം നഗരസഭയുടെ 2020-21 വർഷത്തെ 29-11-2021 തീയതി വരെയുള്ള ടെൻഡർ നടപടികൾ പൂർത്തീകരിച്ചപ്പോൾ കരാറുകാർ വിവിധ പദ്ധതികളിലായി രേഖപ്പെടുത്തിയ ടെൻഡർ അധികം നൽകുന്നതിന് തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 16/09/2021 -ലെ 1778/2021 -ാം നമ്പർ ഉത്തരവ് പ്രകാരം തുക വകയിരുത്തുന്നതിനുള്ള പദ്ധതിയാണ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ഏതൊക്കെ പ്രവൃത്തികൾക്ക് എത്ര വീതം തുകയാണ് നൽകിയിരിക്കുന്നത് എന്നതിന്റെ രേഖകൾ ലഭ്യമാക്കാത്തിനാൽ പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.34/21-22/06.10.22) മറുപടി ലഭ്യമാക്കിയിട്ടില്ല. രേഖകൾ പരിശോധനക്ക് ഹാജരാക്കാത്തിനാൽ ചെലവ് തുക ₹ 3,92,100 തടസ്സം ചെയ്യുന്നു

## 1-42 പ്രോജക്ട് അംഗീകാരമില്ലാതെ തുക ചെലവഴിച്ചു-₹ 2,45,901.00 തടസ്സം ചെയ്യുന്നു

അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി താഴെ പറയുന്ന പദ്ധതിക്ക് തുക ചെലവഴിച്ചിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം/ പേര് | S-451/22 ഇരുപത്തിയഞ്ചാം ഡിവിഷനിൽ വിവിധ നടപ്പാതകൾ കോൺക്രീറ്റിംഗ് |
| അടങ്കൽ | ₹ 2,65,000.00 (തനത് ഫണ്ട്) |
| എസ്റ്റിമേറ്റ് തുക | ₹ 2,65,000.00 |
| ചെലവ് | ₹ 2,45,901.00 |
| ചെക്ക് നം/തിയ്യതി | 6490006/22.07.21 |
| എം.ബുക്ക് നം. | 53/20-21(പേജ് നം.1-15) |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |

മേൽ പദ്ധതി പ്രകാരം ₹ 2,45,901.00 പിൻവലിച്ച് ഇരുപത്തിയഞ്ചാം ഡിവിഷനിൽ വിവിധ നടപ്പാതകൾ കോൺക്രീറ്റിംഗ് എന്ന പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. പഴയ പ്രോജക്ടിന്റെ നമ്പർ 212/21 ആണ്.പുതുക്കിയ പ്രോജക്ടിന്റെ നമ്പർ ഫയലിൽ രേഖപ്പെടുത്തിയിരിക്കുന്നത് 451/22 എന്നാണ്. എന്നാൽ, 451/22 എന്ന പ്രോജക്ട് നഗരസഭ ഹാജരാക്കിയ 2021-22 വർഷത്തെ സുലേഖ ചെലവ് പത്രികയിൽ ഇല്ല.ഫയലിലും മേൽ പ്രോജക്ട് റിപ്പോർട്ട് സൂക്ഷിച്ചിട്ടില്ല. ഓഡിറ്റിൽ ആവശ്യപ്പെട്ടതനുസരിച്ച് നഗരസഭ സെക്രട്ടറി ലഭ്യമാക്കിയ 451/22 എന്ന പ്രോജക്ട് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിരിക്കുന്നത് Draft For Verification എന്നാണ്. അതായത്, മേൽ പ്രോജക്ട് ഡി.പി.സി അംഗീകാരം വാങ്ങിക്കാതെയാണ് തുക ചെലവഴിച്ചിരിക്കുന്നത്

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.35/21-22/06.10.22) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രോജക്ട് അംഗീകാരമില്ലാതെ ചെലവഴിച്ച ₹ 2,45,901.00 തടസ്സം ചെയ്യുന്നു

## 1-43 ഹൈമാസ്റ്റ്/ലോമാസ്റ്റ് വിളക്കുകൾ വാങ്ങൽ-5,00,000.00 തടസ്സത്തിൽ വെക്കുന്നു.

അസി എഞ്ചിനീയർ, നിർവ്വഹണോദ്യോഗസ്ഥനായി ചുങ്കം മാർക്കറ്റ്, പഴയ ബസ് സ്റ്റാന്റ് എന്നിവടങ്ങളിൽ ഹൈമാസ്റ്റ്/ലോമാസ്റ്റ് വിളക്കുകൾ എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| പ്രൊജക്ട് നം. | പ്രൊജക്ടിന്റെ പേര് | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|
| S0385/22 | ചുങ്കം മാർക്കറ്റ്, പഴയ ബസ് സ്റ്റാന്റ് എന്നിവടങ്ങളിൽ ഹൈമാസ്റ്റ്/ലോമാസ്റ്റ് വിളക്കുകൾ വാങ്ങൽ | 10,00,000 ( തനത് ഫണ്ട് ) | 5,00,000 (ചെക്ക് നം.012992/20.11.21) |

അംഗീകൃത ഏജൻസി ആയ KEL(Kerala Electrical And Allied Engineering Co. Ltd) മുഖേന ആണ് വിളക്കുകൾ സ്ഥാപിച്ചിരിക്കുന്നത്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | ഇനം | എണ്ണം | നിരക്ക് (₹) | ഇൻവോയിസ് നമ്പർ | ആകെ തുക (₹) |
|---|---|---|---|---|---|
| 1 | 180 വാട്ട് എൽ.ഇ.ഡി ഫ്ലഡ് ലൈറ്റ് | 6 | 46,097.33 | 788/26.02.21 | 2,76,584.00 |
| 2 | 10 മീറ്റർ പോൾ | 1 | 47,410.00 | 788/26.02.21 | 47,410.00 |
| 3 | ഹൈമാസ്റ്റ് പോൾ ആക്സസറീസ് | 1 | 1,76,006.00 | 788/26.02.21 | 1,76,006.00 |
| ആകെ | | | | | 5,00,000.00 |

കരാർ പ്രകാരം(നം. AE/LSGD/SBY/174(A)2021 Dt 15/02/2021) 36 മാസത്തെ വാറന്റി നൽകിയിട്ടുണ്ട്. കരാർ പ്രകാരം 10 മീറ്റർ Highmast With 6 Nos. Of 180W LED Flood Lighting System ആണ് സ്ഥാപിക്കേണ്ടത്.

പദ്ധതി നിർവ്വഹണത്തിലെ ന്യൂനതകൾ താഴെ കൊടുക്കുന്നു.

1. മേൽ പട്ടികയിൽ കൊടുത്തിരിക്കുന്നത് പോലെ മൂന്ന് ടാക്സ് ഇൻവോയ്സുകളിലായി ആണ് തുക നൽകിയിരിക്കുന്നത്. മൂന്നു ബില്ലുകളും ഒരേ നമ്പറിലും തീയതിയിലും( 788/26.02.21) ഉള്ളതാണ്.

1. തെരുവുവിളക്ക് രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തലുകൾ വരുത്തി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ മേൽ പറഞ്ഞ പ്രോജക്ട് പ്രകാരം എവിടെയൊക്കെയാണ് വിളക്കുകൾ സ്ഥാപിച്ചിട്ടുള്ളതെന്ന് വ്യക്തമല്ല. മുമ്പ് അവിടെ വിളക്കുകൾ ഉണ്ടായിരുന്നോ പുതിയതായി സ്ഥാപിക്കുന്നതാണോ എന്ന കാര്യങ്ങളും ലഭ്യമല്ല.

2. സർക്കാർ സർക്കുലർ പ്രകാരം (നം.60/2018/ധന തീ. 02.07.2018) ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റുകളിലെ ബൾബുകൾ വാങ്ങുന്നത് കേന്ദ്രസർക്കാരിന്റെ GeM(Government E-Marketplace) മുഖേന ആകണം എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മേൽ നിർദ്ദേശം പാലിച്ചിട്ടില്ല.

3. ഹൈമാസ്റ്റ്/ലോമാസ്റ്റ് വിളക്കുകളുടെ എസ്റ്റിമേറ്റ് ലഭ്യമാക്കിയിട്ടില്ല. മേൽ സർക്കുലർ പ്രകാരം ഹൈമാസ്റ്റ്/ലോമാസ്റ്റ് വിളക്കുകൾ സ്ഥാപിക്കുന്നതിനുള്ള എസ്റ്റിമേറ്റുകൾ ചീഫ് ഇലക്ട്രിക്കൽ എഞ്ചിനീയർ(പൊതുമരാമത്ത്) പരിശോധിച്ച് അനുമതി നൽകേണ്ടതാണ്.

4. സർക്കാർ ഉത്തരവ് പ്രകാരം (സ.ഉ.(അച്ചടി)നം.27/2017/ധന തീ. 26.02.2017) ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലാമ്പുകൾ പ്രവൃത്തി പൂർത്തീകരിച്ച ശേഷം നടത്തിയ പ്രവൃത്തികൾ അംഗീകൃത സ്പെസിഫിക്കേഷൻ പ്രകാരമാണെന്നും ISI അംഗീകൃത ഇനങ്ങൾ ഉപയോഗിച്ചാണ് നിർമ്മിച്ചിട്ടുള്ളതെന്നും ഉറപ്പു വരുത്തി നൽകുന്ന പൂർത്തീകരണ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ആയിരിക്കണം തുക അനുവദിക്കേണ്ടത്.ഇത്തരത്തിലുള്ള ഗുണനിലവാര പരിശോധന നടത്തി പൂർത്തീകരണ സാക്ഷ്യപത്രം നൽകുന്നതിന് പദ്ധതി തുകയുടെ 0.25 % ചെലവഴിക്കാവുന്നതുമാണ്.എന്നാൽ, സു.ബത്തേരി നഗരസഭയിൽ മേൽ പൂർത്തീകരണ സാക്ഷ്യപത്രം ഇല്ലാതെയാണ് തുക അനുവദിച്ചിരിക്കുന്നത്. വിളക്കുകൾ സ്ഥാപിച്ചതിന്റെ യാതൊരു രേഖകളും (ഇൻവോയിസുകൾ ഒഴികെ) ഫയലിൽ ലഭ്യമല്ല.

5. മേൽ സർക്കാർ ഉത്തരവ് പ്രകാരം വൈദ്യുതി ചാർജ്ജ്, AMC കാലവധി കഴിഞ്ഞുള്ള അറ്റകുറ്റ പണികൾ നടത്തുന്നത് എന്നിവയ്ക്ക് നഗരസഭ കൗൺസിൽ തീരുമാനം ഹാജരാക്കേണ്ടതാണ്.

6. പുതിയതായി സ്ഥാപിച്ച വിളക്കുകൾ സ്റ്റോക്കിൽ എടുത്തതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല.

7. പർച്ചേസ് കമ്മിറ്റിയുടെ മിനട്ട്സ് ബുക്ക് പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

8. മേൽ പ്രോജക്ട് സുലേഖ ചെലവ് പത്രികയിൽ ഇല്ല.

9. വാറന്റിയെ കുറിച്ച് ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.36/21-22/06.10.22) മറുപടി ലഭ്യമാക്കിയിട്ടില്ല. അതിനാൽ, മുകളിൽ വിശദീകരിച്ച കാരണങ്ങളാൽ ചെലവഴിച്ച ₹ 5,00,000.00 തടസ്സം ചെയ്യുന്നു

## 1-44 പതിനാറാം ഡിവിഷനിൽ അംഗൺവാടി നവീകരണം - പദ്ധതി ലക്ഷ്യം കണ്ടില്ല.-₹ 1,53,797.00 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നം/ പേര് | S-497/22 പതിനാറാം ഡിവിഷനിൽ അംഗൺവാടി നവീകരണം |
| അടങ്കൽ | ₹ 2,00,000.00 (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ്) |
| എസ്റ്റിമേറ്റ് തുക | ₹ 2,00,000.00 |
| ചെലവ് | ₹ 1,53,797.00 |
| ബിൽ നം/തിയ്യതി | 10/21-22/18.06.21 |
| എം.ബുക്ക് നം. | 187/20-21(പേജ് നം.1-25) |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |

മേൽ പദ്ധതി പ്രകാരം ₹ 1,53,797.00 പിൻവലിച്ച് പതിനാറാം ഡിവിഷനിൽ അംഗൺവാടി നവീകരണം എന്ന പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് പ്രകാരം മോട്ടോർ സ്ഥാപിച്ച് കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിച്ച്, വയറിംഗ് നടത്തി, ഇലക്ട്രിസിറ്റി കണക്ഷൻ എടുത്ത് കുടിവെള്ളം ലഭ്യമാക്കുക എന്നതാണ് ഉദ്ദേശിച്ചിരിക്കുന്നത്. എന്നാൽ, എം ബുക്ക് പ്രകാരം ഇലക്ട്രിസിറ്റി കണക്ഷൻ ലഭ്യമാക്കാനുള്ള തുക(എസ്റ്റിമേറ്റ് പ്രകാരം ₹ 27,000.00) ചെലവഴിച്ചിട്ടില്ല. അതിനാൽ, മോട്ടോർ സ്ഥാപിച്ചിട്ടുണ്ടെങ്കിലും കുടിവെള്ളം ലഭ്യമായിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്

(നം.37/21-22/06.10.22) മറുപടി ലഭ്യമാക്കിയിട്ടില്ല. അതിനാൽ, പദ്ധതി ലക്ഷ്യം പൂർത്തിയാക്കി അറിയിക്കുന്നത് വരെ ചെലവ് തുക ₹ 1,53,797.00 തടസ്സപ്പെടുത്തുന്നു.

## 1-45 വട്ടിളി കുടിവെള്ള പദ്ധതി പൂർത്തീകരണം - പദ്ധതി ലക്ഷ്യം കണ്ടില്ല-₹ 1,66,356.00 തടസ്സപ്പെടുത്തുന്നു.

| | |
|---|---|
| പ്രോജക്ട് നം/ പേര് | S0355/22 വട്ടിളി കുടിവെള്ള പദ്ധതി പൂർത്തീകരണം |
| അടങ്കൽ | ₹1,66,463.00 (ധനകാര്യ കമ്മീഷൻ ഗ്രാന്റ്) |
| എസ്റ്റിമേറ്റ് തുക | ₹ 4,50,000.00 |
| ചെലവ് | ₹ 1,66,356.00 |
| ബിൽ നം/തിയ്യതി | 21/21-22/15.12.21 |
| എം.ബുക്ക് നം. | 95/20-21(പേജ് നം.1-15) |
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.എഞ്ചിനീയർ |

മേൽ പദ്ധതി പ്രകാരം ₹ 1,66,356.00 പിൻവലിച്ച് വട്ടിളി കുടിവെള്ള പദ്ധതി പൂർത്തീകരണം എന്ന പദ്ധതിക്കായി ചെലവഴിച്ചിട്ടുണ്ട്. പ്രോജക്ട് നം. S0579/20 പ്രകാരം ₹4,50000.00 (തനത് ഫണ്ട്) ആയിരുന്നു അടങ്കൽ ഉണ്ടായിരുന്നത്. ഭരണ സമിതിയുടെ 09.02.2021-ലെ 27-ാം നമ്പർ തീരുമാന പ്രകാരം 02/03/2021-ന് എസ്റ്റിമേറ്റ് പുതുക്കിയിട്ടുണ്ട്. പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം മോട്ടോർ സ്ഥാപിച്ച് കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിച്ച്, വയറിംഗ് നടത്തി, ഇലക്ട്രിസിറ്റി കണക്ഷൻ എടുത്ത് കുടിവെള്ളം ലഭ്യമാക്കുക എന്നതാണ് ഉദ്ദേശിച്ചിരിക്കുന്നത്.

എന്നാൽ, എം ബുക്ക് പ്രകാരം ഇലക്ട്രിക്കൽ പ്രവൃത്തിക്കുള്ള തുക (പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം ₹ 2,83,537.00) ചെലവഴിച്ചിട്ടില്ല. പ്ലംബിംഗ് പ്രവൃത്തികൾ മാത്രമേ പൂർത്തീകരിച്ചിട്ടുള്ളു. എസ്റ്റിമേറ്റിലുള്ള ഇലക്ട്രിക്കൽ പ്രവൃത്തികൾ നടപ്പിലാക്കാത്തതിനാൽ നിലവിലും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. അതിനാൽ, നിലവിലും കുടിവെള്ളം ലഭ്യമായിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.38/21-22/06.10.22) മറുപടി ലഭ്യമാക്കിയിട്ടില്ല. അതിനാൽ, പദ്ധതി ലക്ഷ്യം പൂർത്തിയാക്കി അറിയിക്കുന്നത് വരെ ചെലവ് തുക ₹ 1,66,356.00 തടസ്സപ്പെടുത്തുന്നു.

## 1-46 കമ്പ്യൂട്ടർ വാങ്ങൽ - സർക്കാർ ഉത്തരവ് പാലിച്ചിട്ടില്ല-₹ 48,680.00 തടസ്സത്തിൽ വെക്കുന്നു.

മെഡിക്കൽ ഓഫീസർ(ഹോമിയോ), നിർവ്വഹണോദ്യോഗസ്ഥനായി ചെതലയം ഹോമിയോ ഡിസ്പെൻസറി യിലേക്ക് കമ്പ്യൂട്ടർ, പ്രിന്റർ വാങ്ങിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| പ്രൊജക്ട് നം. | പ്രൊജക്ടിന്റെ പേര് | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|
| 619/22 | ചെതലയം ഹോമിയോ ഡിസ്പെൻസറി കമ്പ്യൂട്ടർ, പ്രിന്റർ വാങ്ങൽ | 50,000.00 ( മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) | 48,680.00(ബിൽ റഫറൻസ് നം. 21180347001100276108/07.08.21) |

മേൽ പദ്ധതി പ്രകാരം ഹോമിയോ ഡിസ്പെൻസറി കമ്പ്യൂട്ടർ, പ്രിന്റർ, യു.പി.എസ് എന്നിവ വാങ്ങിയിട്ടുണ്ട്. ക്വട്ടേഷൻ വിളിച്ച്, എസ്.എം. സോഫ്റ്റ് കമ്പ്യൂട്ടേഴ്സ്, സുൽത്താൻ ബത്തേരിയിൽ നിന്നുമാണ് വാങ്ങിയിരിക്കുന്നത്. വിശദാംശം താഴെ കൊടുക്കുന്നു.

| എസ്.എം.സോഫ്റ്റിന്റെ ഇൻവോയിസ് നം./തീയതി | കമ്പ്യൂട്ടറിന്റെ വില(₹) | പ്രിന്ററിന്റെ വില(₹) | യു.പി.എസിന്റെ വില(₹) | ആകെ തുക(₹) |
|---|---|---|---|---|
| HO-16574/12.03.2021 | 32,910.00 | 13,570.00 | 2,200.00 | 48,680.00 |

എന്നാൽ, സർക്കാർ ഉത്തരവ് പ്രകാരം [സ.ഉ. നം.G.O(Ms) നം. 24/2017/ITD തീ 18.11.2017 & സർക്കുലർ നം. ഐ.ടി.സെൽ-1/26/2019/വി.സ.വ/18.03.2019) കമ്പ്യൂട്ടർ, പ്രിന്റർ, യു.പി.എസ് എന്നിവ CPRCS(Centalized Procurement And Rate Contract System) മുഖേന Cprcs.kerala.gov.in - ൽ നിന്നും മാത്രമേ വാങ്ങാവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3/21-22/20.09.22) മറുപടി ലഭ്യമാക്കിയിട്ടില്ല.സർക്കാർ ഉത്തരവിന് വിരുദ്ധമായി ചെലവഴിച്ച ₹ 48,680.00 തടസ്സത്തിൽ വെക്കുന്നു.

## 1-47 കൈമാറികിട്ടിയ സ്ഥാപനങ്ങളിലേക്ക് വാങ്ങിയ ജംഗമ ആസ്തികൾ നഗരസഭയുടെ സ്റ്റോക്ക്/ആസ്തി രജിസ്റ്ററിൽ ചേർത്തിട്ടില്ല.

പ്രിൻസിപ്പാൾ തൻവർഷം താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം നഗരസഭയുടെ നിയന്ത്രണത്തിലുള്ള വിവിധ സ്കൂളിലേക്ക് ഫർണിച്ചർ/ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് | അടങ്കൽ | ചെലവ്/ബിൽ നം., തീയതി | വാങ്ങിയ ഫർണിച്ചർ/ ഉപകരണങ്ങൾ |
|---|---|---|---|---|
| 1 | എസ്.0633/22, ഓടപ്പള്ളം സ്കൂളിന് ഫർണിച്ചർ | ₹7,44,650/- (വികസനം ഫണ്ട്) | ₹7,44,650/- 241/22.03.2022 | സ്റ്റീൽ ഡസ്ക് - 77<br>സ്റ്റീൽ കസേര- 154 |
| 2 | എസ്.0123/22, സർവ്വജന ഹയർ സെക്കന്ററി സ്കൂളിലേക്ക് ഫോട്ടോസ്റ്റോറ്റ് മെഷീൻ വാങ്ങൽ | ₹50,000/- (തനത് ഫണ്ട്) | ₹49,949/- 187/12.01.2022 | ഫോട്ടോസ്റ്റോറ്റ് മെഷീൻ - 1 |
| 3 | എസ്.0057/22, ഓടപ്പള്ളം ഹയർ സെക്കന്ററി സ്കൂളിലേക്ക് എൽ.സി.ഡി. പ്രോജക്ടറുകൾ | ₹1,20,000/- (സംരക്ഷണ ഗ്രാന്റ്) | ₹1,20,000/- 240/10.03.2022 | എൽ.സി.ഡി. പ്രോജക്ടർ - 3 |
| 4 | എസ്.0760/22, സർവ്വജന വി.എച്ച്.എസ്.സി. സ്മാർട്ട് ക്ലാസിലേക്ക് ഫർണിച്ചർ | ₹16,048/- (തനത് ഫണ്ട്)<br>₹3,98,470/- (സംരക്ഷണ ഗ്രാന്റ്) | ₹16,047/- 407/02.03.2022<br>₹3,98,470/- 387/15.03.2022 | സ്റ്റീൽ വുഡൻ ഡസ്ക് - 20<br>സ്റ്റീൽ വുഡൻ ബഞ്ച് - 20<br>ടേബിൾ - 2<br>കമ്പ്യൂട്ടർ ചെയർ - 2<br>അലമാര - 2 |
| 5 | എസ്.0163/22, ഗവ: ടെക്നിക്കൽ എച്ച്. എസിലേക്ക് ചെയർ വാങ്ങൽ | ₹45,000/- (സംരക്ഷണ ഗ്രാന്റ്) | ₹45,000/-210 /27.01.2022 | ആം ചെയർ - 90 |
| ആകെ ചെലവ് | | | ₹13,74,116/- | |

മേൽ പറഞ്ഞ പ്രോജക്ടുകൾ പ്രകാരം വാങ്ങിയ ഫർണിച്ചർ/ഉപകരണങ്ങൾ നഗരസഭയുടെ സ്റ്റോക്ക്/ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടില്ല. 24/09/2022 - ന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി മേൽ പറഞ്ഞ ഫർണിച്ചർ നഗരസഭയുടെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തുന്നതിന് സെക്രറിക്ക് കത്ത് നൽകിയിട്ടുണ്ടെന്ന് പ്രസ്തുത പ്രോജക്ടുകളുടെ നിർവ്വഹണം ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നഗരസഭയുടെ ജംഗമ ആസ്തികളുടെ ആസ്തി രജിസ്റ്റർ പൂർത്തിയാക്കി അറിയിക്കേണ്ടതാണ്.

# ഭാഗം -2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## 2-1 കെട്ടിട വാടക - നിയമ വിരുദ്ധമായി ഇളവ് നൽകിയ ഭരണ സമിതി തീരുമാനം റദ്ദ ചെയ്യാത്തതിനാൽ വരുമാന നഷ്ടം തുടരുന്നു.

സുൽത്താൻ ബത്തേരി ഗ്രാമപഞ്ചായത്ത് 2015-16 സാമ്പത്തിക വർഷത്തിലാണ് മുനിസിപ്പാലിറ്റിയാക്കി മാറ്റിയത്. ഗ്രാമപഞ്ചായത്തായിരുന്ന കാലയളവിൽ അന്നത്തെ ഭരണസമിതി ഇപ്പോൾ നഗരസഭയുടെ ഉടമസ്ഥതയിലുള്ള ചില കെട്ടിട മുറികളുടെ വാടകയിൽ ഇളവ് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത നടപടി നിയമവിരുദ്ധമാണെന്ന് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന്റെ 2006-07 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക നം. 2-7, 2008-09 ലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-4 എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. നിയമവിരുദ്ധമായ തീരുമാനങ്ങൾ റദ്ദുചെയ്ത് മുഴുവൻ വാടകയും ഈടാക്കാത്തതിനാൽ 2006-07 വർഷം മുതൽ തനത് ഫണ്ട് വരുമാനത്തിൽ വന്നിട്ടുള്ള നഷ്ടം സംബന്ധിച്ച് 2012-13 ലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-8, 2013-14, 2014-15 ലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-6, 2015-16 ലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-8(10(ബി)), 2017-18 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 2-12, 2018-19 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-16, 2019-20 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-15, 2020-21 ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 1-16 എന്നിവയിലും പരാമർശിച്ചിട്ടുണ്ട്. എന്നാൽ 2021-22 സാമ്പത്തിക വർഷം വരെ നിയമ വിരുദ്ധമായ തീരുമാനം റദ്ദ

ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. നിയമ വിരുദ്ധമായി ഇളവനുവദിച്ചതനുസരിച്ചുള്ള തുകയാണ് തൻവർഷവും വാടക ഡിമാന്റ് രജിസ്റ്ററിൽ ഡിമാന്റ് ഉൾപ്പെടുത്തിയിട്ടുള്ളത്.

വാടകയിൽ 5% വാർഷിക വർദ്ധനവ് വ്യവസ്ഥ ചെയ്താണ് പ്രസ്തുത മുറികൾ വാടകയ്ക്ക് നൽകിയിട്ടുള്ളത്. ആയതനുസരിച്ച് തൻവർഷം ഡിമാന്റ് ചെയ്യേണ്ടിയിരുന്ന വാടകയും ഡിമാന്റ് ചെയ്ത വാടകയും നഗരസഭയ്ക്കുണ്ടായ നഷ്ടത്തിന്റെയും വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | കൈവശക്കാരന്റെ പേര്/ റൂം നം. | ഇളവനുവദിച്ചു കൊണ്ടുള്ള ഭരണസമിതി തീരുമാനം | ലേലപ്രകാരം നിശ്ചയിച്ച വാടകയും മുറി ഏറ്റെടുത്ത വർഷവും | പ്രതിവർഷം 5% വർദ്ധനവ് അനുസരിച്ച് നൻവർഷം ഈടാക്കേണ്ടിയിരുന്ന പ്രതിമാസ വാടക | നൻവർഷം ഡിമാന്റ് ചെയ്ത പ്രതിമാസ വാടക | തൻവർഷത്തെ ഡിമാന്റിലെ ആകെ കുറവ് G= (E-f) X 12 |
|---|---|---|---|---|---|---|
| A | B | C | D | E | F | G |
| 1 | ജോർജ്ജ് ജോസഫ്/ ഫിലോമ ജോർജ്ജ് (റൂം നം. 109) | 124/04, 1.12.2004 | ₹18043/-, 1998-99 | ₹55,419/- | ₹42230/- | ₹1,58,268/- |
| 2 | എൻ. കുഞ്ഞുമുഹമ്മദ്, (റൂം നം. 96) | 2000/03, 29.04.2005 | ₹1421/-, 1998-99 | ₹4365/- | ₹2454/- | ₹22,932/- |
| 3 | മേരി സ്കറിയ (റൂം നം. 78) | 35/05(21), 29.04.2005 | ₹2315/-, 1998-99 | ₹7111/- | ഡിമാന്റ് ചെയ്തിട്ടില്ല. (*) | -- |
| 4 | അബ്ദുൾ കരീം എൻ (റൂം നം. 82) | 35/05(21), 29.04.2005 | ₹3942/-, 1998-99 | ₹12,107/- | ₹3277/- | ₹1,05,960/- |
| 5 | കെ.റ്റി . അരവിന്ദാക്ഷൻ (റൂം നം. 77) | 93/05(28), 29.11.2005 | ₹5017/-, 1998-99 | ₹15,410/- | ₹9821/- | ₹67,068/- |
| 6 | ഉണ്ണികൃഷ്ണൻ (റൂം നം. 05) | 05/06(23), 05.01.2006 | ₹848/-, 1998-99 | ₹2605/- | ₹1558/- | ₹12,564/- |
| 7 | പി.കെ.മണികണ്ഠൻ (റൂം നം. 132) | 05/06(23), 05.01.2006 | ₹3352/- 2003-04 | ₹8067/- | ₹5460/- | ₹31,284/- |
| 8 | പി.പി.ഷറഫുദ്ദീൻ (റൂം നം. 72) | 28/08(7), 29.03.2008 | ₹6678/- (2007-08) | ₹13,428/- | ₹9445/- | ₹47,796/- |
